# എ.എം.എം.ഹയർസെക്കൻഡറി സ്കൂൾ

## ഇടയാറന്മുള

# നിലാവ്



# എ.എം.എം.ഹയർസെക്കൻഡറി സ്കൂൾ ഇടയാറന്മുള

| | |
|---|---|
| റവന്യൂ ജില്ല | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | തിരുവല്ല |
| താലൂക്ക് | കോഴഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | പന്തളം |
| പ്രിൻസിപ്പൽ | വർഗീസ് മാത്യു തരകൻ |
| പ്രധാന അദ്ധ്യാപിക | അനില സാമുവേൽ കെ |
| പി.ടി.എ. പ്രസിഡന്റ് | ഡോ.സൈമൺ ജോർജ് |
| എം.പി.ടി.എ. പ്രസിഡന്റ് | അശ്വതി വിനോജ് |
| ആകെ വിദ്യാർത്ഥികൾ | [illegible] |
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| അനില സാമുവേൽ കെ | ഹെഡ്മിസ്ട്രസ് |
| ലക്ഷ്മി പ്രകാശ് | കൈറ്റ് മാസ്റ്റർ |
| ആഷ പി മാത്യു | കൈറ്റ് മിസ്ട്രസ് |
| ജെബി തോമസ് | സ്റ്റാഫ് സെക്രട്ടറി |
| ലീമ മത്തായി | വിദ്യാരംഗം കൺവീനർ |
| അലീഷ സുനിൽ | സ്റ്റുഡന്റ് എഡിറ്റർ |
| കീർത്തിക എസ് | കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ |
| ആദിത്യ കൃഷ്ണ എം.ആർ | ലിറ്റിൽ കൈറ്റ്സ് അംഗം |
| അമീൻ മുഹമ്മദ് | ലിറ്റിൽ കൈറ്റ്സ് അംഗം |

# ഉള്ളടക്കം

1. അദ്ധ്യാപകരുടെ സന്ദേശം (6)
2. ചരിത്രം (9)
3. വിജ്ഞാന യാത്രയുടെ തുടക്കം (10)
4. അക്വാ സ്റ്റാർസ് &
5. സഹപാഠിക്കേകാം തണൽ (12)
6. പേടി വിട്ടു - പേ വിഷബാധ തടയാം &
യോഗ ദിനോത്സവം (13)
7. വായനാദിനം (14)
8. വിജ്ഞാന വിളക്ക് & ബഹിരാകാശം -
ഒരു അത്ഭുതലോകം (15)
9. ജീവിതം തിരിച്ചുപിടിക്കുക - ലഹരി
ഉപേക്ഷിക്കുക (16)
10. പ്രതിഭാ ജ്വാല & ശുചിത്വ വീഥി - (17)
സുന്ദര വീഥി
11. ശുചിത്വ വീഥി - സുന്ദര വീഥി &കാർഷിക
മികവിന്റെ ആഘോഷം (18)

12. ഒളിമ്പിക് സ്പർശവുമായി വിദ്യാർത്ഥികൾ (19)

13. വിളംബര ഘോഷയാത്ര (20)

14. ജൂലൈ 26 - കാർഗിൽ വിജയ് ദിവസ് (21)

15. പൊതുസമൂഹത്തിന്റെ കൈത്താങ്ങ് & കുഞ്ഞുമനസ്സിൽ പുത്തൻ വിത്തുകൾ (22

16. നശാമുക്ത ഭാരത് അഭിയാൻ പദ്ധതി (23)

17. സ്വാതന്ത്ര്യത്തിന്റെ വർണക്കാഴ്ചകൾ (24)

18. ആവേശം (25)

19. പോഷൻ മാ പദ്ധതി - ഒരു പുത്തൻ തുടക്കം (26)

20. ഏക് പെഡ് മാ കേ നാം & വയോജന ദിനം - ആദരവും ആശീർവാദവും (27) & (28)

21. അത്ഭുതങ്ങളുടെ ലോകം - ബഹിരാകാശം (29)

22. കൈ കഴുകാം - രോഗം മാറ്റാം & അരങ്ങ് (30)

23. ഉപജില്ല ഐടി മേള & പുരാവസ്തുക്കളുടെ പ്രദർശനം (31)

24. മാലിന്യമുക്ത ക്യാമ്പയിൻ (32)

25. വാസ്തുവിദ്യ ഗുരുകുലം സന്ദർശനം & ലിറ്റിൽ കൈറ്റ്സ്, പ്ലാസ്റ്റിക് മുക്ത ഭാവിയിലേക്ക് (33)

26. സൈബർ സുരക്ഷാ ക്ലാസ് & ഔർ സൊസൈറ്റി - ഹെൽത്തി സൊസൈറ്റി (34)

27.നാസ് പരീക്ഷ &ക്രിസ്തുമസ് ആഘോഷം (35)

28. റിപ്പബ്ലിക് ദിനാഘോഷം (36)

29. പ്രാദേശിക ഗ്രന്ഥശാല ഡിജിറ്റലൈസേഷൻ & ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ യോഗം (37)

30.സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും(38)

31. എക്സ്പോ 2025 (39)

32. ഉപജില്ല ക്യാമ്പ് (40)

33. ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലനം (41)

34. പാൽ പുഞ്ചിരി & സീസൺ വാച്ച് പദ്ധതിക്ക് തുടക്കം (42)

35. എച്ച്ഐവി ബോധവൽക്കരണ കഥാപ്രസംഗം & ശിശുദിനം (43)

36. ഇ-ഗ്രാമം (44)

37. പിയർ എഡ്യൂക്കേറ്റർ സംഗമം & രക്തസാക്ഷി ദിനം (45)

38. പഠന പിന്തുണ പ്രവർത്തനങ്ങൾ (46)

39. പഠനോത്സവം 2024 -25 & ഗ്രീൻ തമ്പ്സ് (48)

40. ജൂനിയർ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഉദ്ഘാടനം (49)
41. ദേശീയ ആയുർവേദ ദിനാചരണം & കൗമാര ബോധവൽക്കരണ ക്ലാസ് (50)
42. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി (51)
43. ഉയരുന്ന നക്ഷത്രങ്ങൾ & സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ പൂക്കളം (52)
44. നെൽപാടത്തെ കലാകാരന്മാർ & സ്മാർട്ട് കുട്ടികൾ – സ്മാർട്ട് രക്ഷിതാക്കൾ (53)
45. ലിറ്റിൽ കൈറ്റ്സ് അവാർഡ് (55)
46. കോയിപ്രം പള്ളിയോടം (56)
47. ലിറ്റിൽ കൈറ്റ്സ് അവാർഡ് അനുമോദന സമ്മേളനം (57)
48. ലിറ്റിൽ കൈറ്റ്സ് പുരസ്കാര നേട്ടത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആദരവ് , ഡോക്യുമെന്ററി മത്സരം & സീഡ് 2024-25 പുരസ്കാരം (58)
49. സുഗതകുമാരി അനുസ്മരണം (59)
50. എയ്ഡ്സ് ബോധവൽക്കരണം & ലോക പ്രമേഹ ദിനം (60)
51. ലഹരിവിരുദ്ധ പ്രതിജ്ഞ & മികവോത്സവം (61)
52. പഞ്ചാരിമേളം (62)
53. ഹരിത വിദ്യാലയം അവാർഡ് (63)

54. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (64)
55. അടൽ ട്വിൻഗെറിങ് ലാബ് സന്ദർശനം & പടയണി പരിചയ ക്ലാസ് (65)
56. കഥകളി മാമാങ്കം (66)
57. നേത്ര പരിശോധന,വാക്സിനേഷൻ & ഹൃദയ ദിനം (67)
58. ചിൽഡ്രൻസ് തിയേറ്റർ ക്യാമ്പ് (68)
59. കമ്പ്യൂട്ടർ കളിക്കളം-രക്ഷിതാക്കൾക്കായി (69)
60. ഗുരുവന്ദനം (70)
61. ഡിജി വോട്ട് (71)
62. മാജിക്കിലൂടെ ശാസ്ത്രം (72)
63. സ്കൂൾതല ക്യാമ്പ് (73)
64. അവധിക്കാല ഐ ടി ക്യാമ്പ് (75)
65. ഉബുണ്ടു ഫെസ്റ്റ് (76)
66. കുട്ടികഥകളും കവിതകളും (77)
67. എഡിറ്റോറിയൽ ബോർഡ് (82)
68. ആർട്ട് സെഷൻ (83)
69.ക്ലാസ് ഫോട്ടോസ് (84)
70. ലിറ്റിൽ കൈറ്റ്സ് (91)
71. എൻ.സി.സി (93)
72. ജെ.ആർ.സി (94)
73. കടപ്പാട് (95)

# അദ്ധ്യാപകരുടെ സന്ദേശം



അക്ഷരങ്ങളെയും വർണ്ണങ്ങളെയും സ്വപ്നങ്ങളെയും
കൂട്ടിച്ചേർത്ത് നിങ്ങൾ മെനഞ്ഞെടുത്ത ഈ ഡിജിറ്റൽ
ലോകം എത്ര മനോഹരമാണ്!ഓരോ താളിലും നിങ്ങളുടെ
ഹൃദയസ്പർശിയായ ചിന്തകളും, ഭാവനയുടെ
വർണ്ണപ്പൊലിമയും കാണുന്നു. കഥകളിലൂടെയും
കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും നിങ്ങൾ
ലോകത്തോട് സംവദിക്കുമ്പോൾ, നിങ്ങളുടെ വാക്കുകൾക്ക് ഒരു
നക്ഷത്രത്തിൻ്റെ പ്രകാശമുണ്ട് . ഈ 'നിലാവ്', നിങ്ങളുടെ
കഴിവുകൾക്ക് ഒരു സാക്ഷ്യപത്രമാണ്, നിങ്ങളുടെ
സ്വപ്നങ്ങൾക്ക് ഒരു താങ്ങാണ്.നിങ്ങൾ ഓരോരുത്തരും
ഒരോ പ്രതിഭകളാണ്. നിങ്ങളുടെ ഈ കൂട്ടായ പരിശ്രമം,
.ഈ ഡിജിറ്റൽ മാഗസിൻ ഒരു വെളിച്ചമായി മാറട്ടെ

**- ഹെഡ്മിസ്ട്രസ്**
**അനില സാമുവേൽ**



നിങ്ങളുടെ സർഗ്ഗാത്മകതയുടെയും
കഠിനാധ്വാനത്തിന്റെയും മനോഹരമായ സാക്ഷ്യമാണ്
ഈ ഡിജിറ്റൽ മാഗസിൻ - "നിലാവ്". അറിവിന്റെയും
ഭാവനയുടെയും ലോകത്തേക്ക് നിങ്ങൾ ഓരോരുത്തരും
നടത്തിയ ഈ യാത്രയിൽ, നിങ്ങളുടെ തൂലികത്തുമ്പിലൂടെ
വിരിഞ്ഞ ഈ സൃഷ്ടികളുടെ ഓരോ താളും പുതിയ
ചിന്തകളുടെയും ആശയങ്ങളുടെയും വാതായനങ്ങളാണ്
തുറക്കുന്നത്. നിങ്ങളുടെ ലേഖനങ്ങളിലും കവിതകളിലും
കഥകളിലും ഒളിപ്പിച്ച നിങ്ങളുടെ കാഴ്ചപ്പാടുകളും സ്വപ്നങ്ങളും
എന്നെ അത്ഭുതപ്പെടുത്തുന്നു. ഈ ഡിജിറ്റൽ മാഗസിൻ,
നിലാവ്, ഒരു തുടക്കം മാത്രമാണ്. ഈ ഉദ്യമത്തിന് പിന്നിൽ
പ്രവർത്തിച്ച ഓരോ വിദ്യാർത്ഥിയെയും ഞാൻ ഹൃദയം
നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**- കൈറ്റ് മാസ്റ്റർ**
**ലക്ഷ്മി പ്രകാശ്**



ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി
സ്കൂളിലെ 2023-26 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ തയ്യാറാക്കിയ 'നിലാവ്' എന്ന
ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ സർഗ്ഗാത്മകതയുടെയും
കഠിനാധ്വാനത്തിന്റെയും മനോഹരമായ സാക്ഷ്യമാണ്.
സാങ്കേതികവിദ്യയുടെ ഈ ലോകത്ത് നിങ്ങളുടെ ഈ ചെറിയ
ചുവടുകൾ പുതിയ വാതിലുകൾ തുറക്കാനും, അറിവിന്റെ
അനന്തമായ ലോകം കീഴടക്കാനും നിങ്ങളെ
സഹായിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി
ആശംസിക്കുന്നു.

**- കൈറ്റ്മിസ്ട്രസ്**
**ആഷ പി മാത്യൂ**



# ചരിത്രം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ ആറന്മുള ഉപ ജില്ലയിൽ ഉൾപ്പെടുന്ന ഇടയാറൻമുളയിൽ 1919ൽ സ്ഥാപിതമായതാണ് ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂൾ.
വിദ്യാഭ്യാസത്തിൽ പോലും വേർതിരിവുകൾ നിലനിന്നിരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭ ദശയിൽ സമൂഹത്തിന്റെ പുറംകോണുകളിലേക്ക് തള്ളപ്പെട്ടവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന മഹത് ലക്ഷ്യത്തോടെയാണ് ഈ വിദ്യാലയം സ്ഥാപിതമായത്. മധ്യ തിരുവിതാംകൂറിന് ചൈതന്യം പകരുന്ന പുണ്യ നദിയായ പമ്പയുടെ തീരത്തുള്ള ഇടയാറന്മുളയിലും പരിസരപ്രദേശങ്ങളിലും സാമൂഹിക സാംസ്കാരിക പുരോഗതിക്ക് തിരിതെളിക്കാനും പ്രഗൽഭരായ വിദ്യാർഥികളെ ലോകത്തിനു സംഭാവന ചെയ്യാനും ഈ സരസ്വതി ക്ഷേത്രത്തിന് കഴിയുന്നു.
നിരവധി അംഗീകാരങ്ങളും, പുരസ്കാരങ്ങളും സ്കൂളിനെ തേടി എത്തിയിട്ടുണ്ട്. പ്രഥമ ശബരീഷ് സ്മാരക സ്കൂൾ വിക്കി പുരസ്കാരം, രണ്ടാമത്തെ സ്കൂൾ വിക്കി പുരസ്കാരം, ലിറ്റിൽ കൈറ്റ്സ് അവാർഡ് തുടങ്ങിയവ സ്കൂളിന് ലഭിച്ചിട്ടുണ്ട്.



# വിജ്ഞാന യാത്രയുടെ തുടക്കം

പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ 2024-25 വർഷത്തെ പ്രവേശനോത്സവം 2024 ജൂൺ മൂന്നിന് ളാഹ സെന്തോം പാരീഷ് ഹാളിൽ നടത്തി. സംഗീത അദ്ധ്യാപകൻ അജിത്ത് കുമാറിന്റെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച പ്രവേശനോത്സവത്തിന് സ്വാഗതം പറഞ്ഞത് സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് ആണ്. അദ്ധ്യക്ഷ പ്രസംഗം സ്കൂൾ മാനേജർ ഡോ.റ്റി റ്റി സഖറിയ നിർവഹിച്ചു. പ്രവേശനോത്സവ ഗാനം സ്കൂൾ ഗായകസംഘം ആലപിച്ചു. സംസ്ഥാന പ്രവേശനോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങുകൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംപ്രേഷണം നടത്തി. പ്രവേശനോത്സവ ചടങ്ങുകളുടെ ഉദ്ഘാടനം നിർവഹിച്ചത് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് വൈസ് ചെയർമാൻ ജോർജ് മാമ്മൻ കോണ്ടൂർ ആണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ചുള്ള രക്ഷാകർതൃ വിദ്യാഭ്യാസത്തിന്റെ അവതരണം നടത്തിയത് എസ്.ഐ.ടി.സി ആശ പി മാത്യൂ ആണ്. കുട്ടിയെ അറിയുക, കുട്ടിയുടെ അവകാശങ്ങളും ജാഗ്രത നിയമങ്ങളും,കാലത്തിനൊപ്പം കുട്ടിയും അറിവും, പഠനവും പരീക്ഷയും, സ്നേഹവീട്, രക്ഷിതാവാർജിക്കേണ്ട നൈപുണികൾ എന്നീ മേഖലകളെ പറ്റിയുള്ള വിശദമായ അവബോധം രക്ഷിതാക്കൾക്ക് നൽകി. വെ ട്രെയിനിങ് ആൻഡ് എംപവർമെന്റ് ഡയറക്ടർ സന്ദീപ് ആനന്ദൻ ഫോക്കസ് ഔർസെൽസ് വിത്ത് കോൺഫിഡൻസ് എന്ന ലക്ഷ്യത്തോടുകൂടിയ അവബോധനം വിദ്യാർത്ഥികളിൽ സൃഷ്ടിച്ചു. ചെറിയ ഗെയിമോട് കൂടിയ ക്ലാസ് വിദ്യാർത്ഥികളിൽ കൂടുതൽ ഉന്മേഷം സൃഷ്ടിച്ചു. പി.റ്റി.എ പ്രസിഡണ്ട് ഡോ. സൈമൺ ജോർജ് ആശംസകൾ അറിയിച്ചു. വഞ്ചിപ്പാട്ടിന്റെ അകമ്പടികളോടുകൂടി വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ നവാഗതരെ പുതിയ ക്ലാസുകളിലേക്ക് ആനയിച്ചു. പായസവിതരണവും നടത്തി.എല്ലാ പ്രവർത്തനങ്ങളും ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ ഡോക്കുമെന്റ് ചെയ്തു.

# അക്വാ സ്റ്റാർസ്



ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ പി.റ്റി.എ യുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി അക്വാ സ്റ്റാർസ് എന്ന പേരിൽ ക്രമീകരിച്ച നീന്തൽ പരിശീലനം 2024 ഏപ്രിൽ 17 ന് ബഹു. ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. നീന്തൽ പരിശീലനം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും കുട്ടികൾക്ക് ഇതിനുള്ള അവസരം ഒരുക്കിയ എ.എം.എം സ്കൂൾ അഭിനന്ദനം അർഹിക്കുന്നുവെന്നും ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. സ്കൂൾ മാനേജർ റവ. ഫാ. ഡോ. റ്റി. റ്റി. സഖറിയയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടനസമ്മേളനത്തിൽ സ്കൂൾ പി.റ്റി.എ പ്രസിഡന്റ് ഡോ. സൈമൺ ജോർജ്ജ് സ്വാഗതവും, സ്കൂൾ മാനേജിംഗ് ബോർഡ് ട്രഷറർ വി. ഒ. ഈപ്പൻ, പ്രിൻസിപ്പാൾ ലാലി ജോൺ, ഹെഡ്മിസ്ട്രസ് അനില സാമുവേൽ എന്നിവർ ആശംസയും അറിയിച്ചു. സീനിയർ അസിസ്റ്റന്റ് അനീഷ് ബെഞ്ചമിൻ കൃതജ്ഞത അറിയിച്ചു. സ്കൂൾ അങ്കണത്തിൽ തയ്യാറാക്കിയ പ്രത്യേക നീന്തൽക്കുളത്തിലാണ് പരിശീലനം സംഘടിപ്പിച്ചത്. കുട്ടികൾക്ക് ഡോൾഫിൻ അക്കാഡമി നീന്തൽ പരിശീലകരായ നിതിൻ, അശ്വതി, അനന്തു എന്നിവരുടെ നേതൃത്വത്തിൽ 65 ഓളം കുട്ടികൾ പരിശീലനം നേടി.



## കവിതാ പ്രഭാതം

വായനാവാരത്തോടനുബന്ധിച്ച് ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ ഗ്രന്ഥശാലയുടെയും, ലിറ്റിൽ കൈറ്റ്സിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ, അദ്ധ്യാപകർ, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ലക്ഷ്മി പ്രകാശ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് ഇടയാറൻമുള സ്വദേശിയായ പ്രശസ്ത കവയിത്രി ഗീത രാധാകൃഷ്ണനുമായി ജൂൺ 20-ന് ഒരു അഭിമുഖം നടത്തി.
ഈ അവസരത്തിൽ, ഇന്നത്തെ തലമുറയ്ക്ക് ഒരു ഉപദേശം എന്ന നിലയിൽ ശ്രീമതി രാധാകൃഷ്ണൻ "അരുത് മകനെ" എന്ന കവിത ആലപിച്ചു. അവരുടെ സാഹിത്യ സംഭാവനകളെ ആദരിക്കുന്നതിന്റെ ഭാഗമായി, സ്കൂൾ അധികൃതർ അവർക്ക് ഒരു പൊന്നാട അണിയിച്ചു. ഗീതാ രാധാകൃഷ്ണൻ രചിച്ച പുസ്തകം വിദ്യാർത്ഥികളെ പരിചയപ്പെടുത്തി. പുസ്തകവുമായി ബന്ധപ്പെട്ട വിശകലനം നടത്തി. പുസ്തകത്തിൽ നിന്നും പഠിക്കാൻ കഴിയുന്ന ജീവിതപാഠങ്ങൾ കുട്ടികളെ മനസ്സിലാക്കി. ഈ പ്രവർത്തനം വിദ്യാർത്ഥികൾക്ക് വായനാശീലം വളർത്താൻ സഹായിച്ചു.




# സഹപാഠിക്കേകാം തണൽ

പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ പരിസ്ഥിതി ദിനാഘോഷം ഫോറസ്റ്ററി ക്ലബ്ബിന്റെയും, വനവകുപ്പിന്റെയും നേതൃത്വത്തിൽ 2024 ജൂൺ അഞ്ചിന് വിപുലമായി നടത്തി.സ്കൂൾ വിദ്യാർത്ഥികൾക്ക വേണ്ടിയുള്ള  പരിസ്ഥിതി ബോധവൽക്കരണ ക്ലാസിന് പരിസ്ഥിതി പ്രവർത്തകൻ എസ് രാജശേഖര വാര്യർ  നേതൃത്വം നൽകി. എ.എഫ്.ഒ ജോർജ്ജുകുട്ടി ആശംസകൾ അറിയിച്ചു. ഉദ്ഘാടനം നിർവഹിച്ചത് സ്കൂൾ മാനേജർ റവ.ഡോ.റ്റി റ്റി സഖറിയ ആണ്.ഹെഡ്മിസ്ട്രസ് അനില സാമുവേൽ, ഫോറസ്റ്ററി ക്ലബ്ബ് കൺവീനർ സന്ധ്യ ജി നായർ തുടങ്ങിയവർ ക്ലാസ്സിൽ പങ്കെടുത്തു.സ്കൂൾ അസംബ്ലിയിൽ കുമാരി ഹന്ന മറിയം മത്തായി പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട പ്രതിജ്ഞ സ്കൂൾ അസംബ്ലിയിൽ ചൊല്ലി.പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട ചിത്രരചന നടത്തി. മികച്ച ചിത്രരചനയ്ക്ക് സർട്ടിഫിക്കറ്റുകൾ നൽകി.പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം ക്ലാസ് അടിസ്ഥാനത്തിൽ നടത്തി. വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.വിദ്യാർത്ഥികൾ അവരുടെ  വീട്ടുവളപ്പിൽ നിന്ന് കൊണ്ടുവരുന്ന വൃക്ഷത്തൈകൾ സഹപാഠികൾക്ക് നൽകി.

# പേടി വിട്ടു - പേ വിഷബാധ തടയാം



പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം ജൂൺ പതിമൂന്നാം തീയതി രാവിലെ 10 മണിക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വല്ലനയുടെയും, സ്കൂൾ ഹെൽത്ത് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ പേവിഷബാധ ഏൽക്കാതെ സുരക്ഷാനടപടികൾ സ്വീകരിക്കുന്നതിനെ കുറിച്ചുള്ള ആവശ്യകത വിദ്യാർഥികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്പെഷ്യൽ  അസംബ്ലി നടത്തി. ഈശ്വര പ്രാർത്ഥനയോടെ അസംബ്ലി ആരംഭിച്ച അസംബ്ലിയിൽ സ്വാഗതം അറിയിച്ചത് സ്കൂൾ പ്രിൻസിപ്പൽ ലാലി ജോൺ ആണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സ്മിത റാണി ബോധവൽക്കരണ ക്ലാസ് നടത്തി. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഷബാന പ്രതിജ്ഞ ചൊല്ലി കൊടുത്തു. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ നന്ദി അറിയിച്ചു. ദേശീയ ഗാനത്തോടെ അസംബ്ലി അവസാനിച്ചു.



## യോഗ ദിനോത്സവം

ജൂൺ 21-ന് 10 കേരള ബറ്റാലിയൻ യൂണിറ്റിന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലും, വിദ്യാലയത്തിലും ഇടയാറന്മുള ഹയർ സെക്കൻഡറി സ്കൂളിലെ എൻസിസി യൂണിറ്റിലെ വിദ്യാർത്ഥികൾ യോഗ ദിനം ആഘോഷിച്ചു. യോഗാ ദിനം ആഘോഷത്തിൽ അദ്ധ്യാപകരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. 2024 ലെ യോഗാദിനത്തിന്റെ പ്രമേയം "അവനവന് വേണ്ടിയും സമൂഹത്തിന് വേണ്ടിയും യോഗ" എന്നാണ്.

# വായനാദിനം

ജൂൺ 19



വായനാദിനത്തോടനുബന്ധിച്ച് മലയാളം ക്ലബ്ബിന്റെയും, സ്കൂൾ ഗ്രന്ഥശാലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പരിപാടികൾ സ്കൂൾ സംഘടിപ്പിച്ചു.വായന മാസാചരണത്തിന്റെ ഉദ്ഘാടനം സ്കൂൾ അസംബ്ലിയിൽ വെച്ച് നടത്തി.സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ അധ്യക്ഷയായിരുന്ന അസംബ്ലിയിൽ സ്വാഗതം പറഞ്ഞത് അധ്യാപിക ബിന്ദു ഫിലിപ്പാണ്. ഉദ്ഘാടനം നിർവഹിച്ചത് കോഴഞ്ചേരി സെന്റ് തോമസ് കോളേജ് മലയാള വിഭാഗം അധ്യാപികയായ പ്രൊഫസർ.ഡോ. സാറാമ്മ വർഗീസ് ആണ്.മുഖ്യ സന്ദേശം നൽകിയത് സ്കൂൾ മാനേജർ ഡോ. റ്റി റ്റി.സഖറിയ അച്ചൻ ആണ്. പി. ടി. എ വൈസ് പ്രസിഡണ്ട് സുഷമ ആശംസകൾ അറിയിച്ചു. അധ്യാപിക പ്രൈസി ചെറിയാൻ  നന്ദി അറിയിച്ചു.അബിത ജഹാൻ വായനാദിന പ്രതിജ്ഞ അസംബ്ലിയിൽ ചൊല്ലിക്കൊടുത്തു.കുട്ടികൾ വായനയുമായി ബന്ധപ്പെട്ട മഹത് വ്യക്തികളുടെ ഉദ്ധരണികൾ അവതരിപ്പിച്ചു.കുമാരി ഉപന്യ ആർ വായനാദിന സന്ദേശം നൽകി.മാസ്റ്റർ ഷോൺ ഐപ്പ് ബിജോയ് ജന്മദിന സമ്മാനമായി സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്തു.സ്കൂൾ ലൈബ്രറിയിൽ മലയാളഭാഷയോട് ആഭിമുഖ്യം പുലർത്തുന്ന കുട്ടികളെ ഉൾപ്പെടുത്തി വായനയുടെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നടന്നു. മലയാള വിഭാഗം അദ്ധ്യാപികയായ പ്രൊഫസർ ഡോ. സാറാമ്മ വർഗീസ് ആണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്.വായനാദിനവുമായി ബന്ധപ്പെട്ട് വിവിധതരത്തിലുള്ള മത്സരങ്ങൾ സ്കൂളിൽ നടത്തി. ഹൈസ്കൂൾ,യുപി വിഭാഗത്തിൽ നിന്നും ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകി.

# വിജ്ഞാന വിളക്ക്



വായന പക്ഷാചരണത്തിന്റെ ഭാഗമായി ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ അറിവ് അനുഭവങ്ങളിലേക്കുള്ള കാൽവെപ്പ് എന്ന ഉദ്ദേശത്തോടുകൂടി വിജ്ഞാന വിളക്ക് എന്ന പദ്ധതിയുടെ ഭാഗമായി ആദ്യാക്ഷരങ്ങളുടെ ഉപാസകരായ സരസമ്മ, ശ്രീകുമാരി, ഗൗരി കുട്ടി എന്നീ അദ്ധ്യാപകരെ അവരുടെ അക്ഷീണ പ്രയത്നത്തിനും, വിദ്യാർത്ഥികളിൽ വായനാഭിരുചി വളർത്തുന്നതിനുള്ള അടങ്ങാത്ത പരിശ്രമത്തിനും സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആദരിച്ചു.സ്കൂൾ മാനേജർ റവ. ഡോ. ടി.ടി സക്കറിയ അവർക്ക് പൊന്നാട അണിയിച്ച് ആദരവ് നൽകി. അദ്ദേഹം അദ്ധ്യാപകരുടെ സേവനത്തെ പ്രശംസിക്കുകയും വായനാശീലം വളർത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.പ്രധാന അധ്യാപിക അനില സാമുവൽ, പിടിഎ വൈസ് പ്രസിഡണ്ട് സുഷമ ഷാജി, പ്രൈസി ചെറിയാൻ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. വിദ്യാർത്ഥികളോട് വായനയെ സ്നേഹിക്കാനും അറിവ് നേടാനും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ ചടങ്ങ് വിദ്യാർത്ഥികളിൽ വലിയ പ്രചോദനം സൃഷ്ടിച്ചു.



## ബഹിരാകാശം - ഒരു അത്ഭുതലോകം

ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ 2024 ഓഗസ്റ്റ് 19 തിങ്കളാഴ്ച രാവിലെ പത്ത് മണിക്ക് സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദേശീയ ബഹിരാകാശ ദിനാചരണം നടന്നു. സ്കൂൾ സീനിയർ അസിസ്റ്റന്റ് അനീഷ് ബെഞ്ചമിൻ ഉദ്ഘാടനം നിർവഹിച്ചു. ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെ ഭാരവാഹികൾ ഈ പരിപാടിക്ക് നേതൃത്വം നൽകി. പ്രൊഫസർ പി.കെ. തങ്കച്ചൻ (കേരള സ്റ്റേറ്റ് ചാപ്റ്റർ, ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെ സെക്രട്ടറി) ക്ലാസുകൾക്ക് നേതൃത്വം നൽകി. കുട്ടികൾക്ക് സൂര്യകളങ്കങ്ങളുടെ ദൃശ്യങ്ങൾ നിരീക്ഷിക്കാൻ അവസരം ലഭിച്ചു. പ്രധാന അധ്യാപിക അനില സാമുവൽ, ജെബി തോമസ്, ബിനു ബേബി, ശ്രീജിത്ത് എന്നിവർ പ്രസംഗിച്ചു. ഈ പ്രവർത്തനത്തിലൂടെ ബഹിരാകാശത്തെ കുറിച്ചുള്ള അവരുടെ അറിവ് വർദ്ധിപ്പിക്കുവാനും, ശാസ്ത്രീയ ചിന്ത, നിരീക്ഷണശേഷി തുടങ്ങിയവ മെച്ചപ്പെടുത്തുവാനും സാധിച്ചു.

# ജീവിതം തിരിച്ചുപിടിക്കുക - ലഹരി ഉപേക്ഷിക്കുക



ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ 2024 ജൂൺ 26-ന് ലഹരി വിരുദ്ധ ദിനാചരണം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ജീവിതം തിരിച്ചുപിടിക്കുക - ലഹരി ഉപേക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ളാഹ സെന്തോം പാരിഷ് ഹാളിൽ നടന്ന ചടങ്ങിൽ, കേരള മദ്യവിരുദ്ധ സമിതി പ്രസിഡണ്ടന്റ് റൈറ്റ് റവ. ഡോ. ഉമ്മൻ ജോർജ് ബിഷപ്പ് ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.തുടർന്ന്, കിടങ്ങന്നൂർ നവദർശൻ ലഹരി വിമോചന കേന്ദ്രം ഡയറക്ടർ രാജ് ഏലിയാസിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സന്ദേശം നൽകുന്ന ഒരു ആകർഷകമായ തെരുവ് നാടകം അവതരിപ്പിച്ചു. നവദർശൻ ലഹരി വിമോചന കേന്ദ്രത്തിലെ നാടക പ്രവർത്തകരാണ് നാടകത്തിൽ പങ്കാളികളായത്.വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണം നൽകുന്ന തിനായി, കൊല്ലം ഇന്ത്യ ക്യാമ്പസ് ക്രൂസൈഡ് ഫോർ



ക്രൈസ്റ്റ് സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധന ക്ലാസ് നടത്തി.പ്രശസ്ത മോട്ടിവേഷൻ സ്പീക്കറും മാന്ത്രികനുമായ ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോ അടങ്ങിയ വീഡിയോ പ്രദർശനം നടത്തി.വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞ ഏറ്റുചൊല്ലിയിലൂടെ, ലഹരിവസ്തുക്കളുടെ ദോഷങ്ങളെക്കുറിച്ച് അവർക്ക് ബോധം വളരുകയും അവയിൽ നിന്ന് വിട്ടുനിൽക്കാനുള്ള ദൃഢനിശ്ചയം ഉണ്ടാകുകയും ചെയ്യ്തു. ലഹരിവസ്തുക്കൾ ശാരീരികമായും മാനസികമായും സാമൂഹികമായും എങ്ങനെ ദോഷകരമാണെന്ന് പ്രതിജ്ഞ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു. ഇത് അവരെ ലഹരിവസ്തുക്കളിൽ നിന്ന് വിട്ടുനിൽക്കാൻ പ്രേരിപ്പിക്കും. ലഹരിവസ്തുക്കൾക്ക് വേണ്ടി പോകുന്ന പ്രലോഭനങ്ങളെ പ്രതിരോധിക്കാനുള്ള ആത്മനിയന്ത്രണം വിദ്യാർത്ഥികളിൽ വളർത്തുന്നു.

# പ്രതിഭാ ജ്വാല



ഇടയാറൻമുളഎ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ 2024 ജൂൺ 26 ന് ളാഹ സെന്തോം പാരിഷ് ഹാളിൽ വച്ച് പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും അവാർഡ് ദാനവും പ്രതിഭാ ജ്വാല എന്ന പേരിൽ നടന്നു. സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥിയും ആറന്മുളയുടെ മുൻ എംഎൽഎയുമായ ശ്രീമതി മാലേത്ത് ദേവിയാണ് ചടങ്ങിൽ പ്രധാന അതിഥിയായി എത്തി പരിപാടികൾ ഉദ്ഘാടനം നിർവ്വഹിച്ചത്.സ്കൂൾ ഗായക സംഘത്തിന്റെ ഈശ്വര പ്രാർത്ഥനയോടുകൂടിയാണ് ചടങ്ങുകൾ ആരംഭിച്ചത്. സ്കൂൾ മാനേജർ റവ. ടി.ടി സക്കറിയ അധ്യക്ഷ സ്ഥാനം വഹിച്ചു. തുടർന്ന്, സ്കൂൾ ഗാനം ആലപിക്കാൻ മാസ്റ്റർ ശ്രീഗോവിന്ദ് ആർ നായർ വേദിയിലെത്തി. 2023-2024 അക്കാദമിക് വർഷത്തെ എസ്.എസ്.എൽ.സി വിജയികൾക്കും, യു.പി തലത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്കുമുള്ള അവാർഡ് ദാനം ബിഷപ്.റൈറ്റ്. റവ. ഡോ. ഉമ്മൻ ജോർജ് നിർവ്വഹിച്ചു. പിടിഎ പ്രസിഡന്റ് ഡോ.സൈമൺ ജോർജ് ആശംസകൾ അറിയിച്ചു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് കുമാരി കൃപ മറിയം മത്തായി മറുപടി പ്രസംഗം നടത്തി. സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് സ്വാഗത പ്രസംഗവും സ്കൂൾ പ്രഥമാധ്യാപിക അനില സാമുവേൽ കൃതജ്ഞതാ പ്രസംഗവും നടത്തി. സ്കൂൾ ഗായക സംഘത്തിന്റെ ദേശീയ ഗാനാലാപനത്തോടെ ചടങ്ങുകൾ സമാപിച്ചു.

# ശുചിത്വ വീഥി - സുന്ദര വീഥി



ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ സീഡ് ക്ലബ്ബ് ഇടയാറന്മുള പ്രദേശത്തെ റോഡുകളുടെ വശങ്ങൾ മലിനമാകുന്നത് തടഞ്ഞ്, മനോഹരമാക്കുന്നതിനുള്ള ശ്രമത്തിലാണ്. 'ശുചിത്വ വീഥി - സുന്ദര

വീഥി' എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന ഈ പദ്ധതി ഇടയാറന്മുള ആഞ്ഞിലിമൂട്ടിൽ കടവ് പാലത്തിനോട് ചേർന്നുള്ള റോഡ് അരിക് വൃത്തിയാക്കി വേപ്പ് മരത്തിന്റെ തൈ നട്ടുകൊണ്ട് 2024 ജൂലൈ 26 ന് സ്കൂൾ മാനേജർ റവ. ഫാദർ. ഡോ. റ്റി. റ്റി. സഖറിയ ഉദ്ഘാടനം ചെയ്തു. പ്രഥമ അദ്ധ്യാപിക അനില സാമുവൽ, സീഡ് കൺവീനർ റിൻസി സന്തോഷ്, ജെബി തോമസ്, കൈറ്റ് മിസ്ട്രസ് ലക്ഷ്മി പ്രകാശ്, എബിൻ ജിയോ മാത്യു എന്നിവർ നേതൃത്വം നൽകി. ആറന്മുള ഗ്രാമ പഞ്ചായത്ത് അംഗം ശ്രീമതി ജയ വേണുഗോപാൽ പ്രവർത്തന നിരതരായ സീഡ് അംഗങ്ങളെ സന്ദർശിച്ച് അഭിനന്ദനം അറിയിച്ചു. ആറന്മുള ഇന്നർ വീൽ ക്ലബ്ബ് അംഗങ്ങൾ സ്ഥലത്തെത്തി പദ്ധതിക്ക് പിന്തുണ അറിയിച്ചു. സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രവർത്തങ്ങൾ ഡോക്യുമെന്റ് ചെയ്തു.

## കാർഷിക മികവിന്റെ ആഘോഷം

ഇടയാറന്മുള എഎംഎം ഹയർ സെക്കൻഡറി സ്കൂളിൽ 2024ആഗസ്റ്റ്16ന്പുതുവർഷാരംഭത്തോടനുബന്ധിച്ച് നടന്ന കാർഷികോൽപ്പന്ന പ്രദർശനത്തിൽ മികച്ച കുട്ടിക്കർഷകരായി സോണിയ ആൻ തോമസ്, ഗോവർദ്ധൻ ആർ നായർ, റെബേക്ക മറിയം കുര്യൻ എന്നിവരെ തെരഞ്ഞെടുത്തു. ആറന്മുള പഞ്ചായത്തിലെ മികച്ച കർഷകനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. സുഗുണൻ കെ.പി യും, പത്നി ശ്രീമതി സുധർമ്മയും പ്രദർശനം സന്ദർശിച്ചു.സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെയും സീഡ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ നടന്ന അനുമോദന ചടങ്ങിൽ പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അശ്വതി വിനോജ്, പഞ്ചായത്തിലെ മികച്ച കർഷകനായ ശ്രീ. സുഗുണനെ പൊന്നാട അണിയിച്ച് ആദരിച്ചു. സ്കൂൾ പ്രധാന അധ്യാപിക അനില സാമുവേൽ, റിൻസി സന്തോഷ്, അനീഷ് ബെഞ്ചമിൻ, ബിന്ദു കെ ഫിലിപ്പ്, സുഷമ ഷാജി എന്നിവർ പ്രസംഗിച്ചു. ലീമ മത്തായി, റോഷിനി ആൻ റോയി എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.





# ഒളിമ്പിക് സ്പർശവുമായി വിദ്യാർത്ഥികൾ



ആധുനിക യുഗത്തിൽ ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കതീതമായി മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ കായിക ഉത്സവമാണ് ഒളിമ്പിക്സ്. ജൂലൈ 26ന് പാരീസിൽ ആരംഭിച്ച മുപ്പത്തിമൂന്നാമത് ഒളിമ്പിക്സിനെ വരവേൽക്കുന്നതിനും, ഒളിമ്പിക്സിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ അറിയിക്കുന്നതിനുമായി, നവംബർ 4 മുതൽ 11 വരെ എറണാകുളം ജില്ലയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഒളിമ്പിക്സിനെ വരവേൽക്കുന്നതിനും ഒളിമ്പിക്സിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ അറിയിക്കുന്നതിനുമായി പ്രഥമ കേരള സ്കൂൾ ഒളിമ്പിക്സിന്റെ പ്രഖ്യാപന ദീപശിഖ ജൂലൈ 27ന് ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ ഹെഡ്മിസ്ട്രസ് അനില സാമുവേലും, കായിക അധ്യാപകൻ അജിത്ത് എബ്രഹാമും, വിദ്യാർത്ഥികളും ചേർന്ന് തെളിയിച്ചു. ഒളിമ്പിക്സിനോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിച്ച് എല്ലാ വിദ്യാർത്ഥികളും ദീപം തെളിയിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഒളിമ്പിക്സ് സന്ദേശം അസംബ്ലിയിൽ വായിച്ചു. വിദ്യാർത്ഥികളിൽ കായിക മേഖലകളിൽ മികവ് പുലർത്താനുള്ള പ്രചോദനം വർദ്ധിച്ചു.പാരീസ് ഒളിമ്പിക്സുമായി ബന്ധപ്പെട്ട വാർത്തകളും ഫോട്ടോകളും ഉൾപ്പെടുത്തിയ ഒരു ആൽബം നിർമ്മാണ പ്രവർത്തനം ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.പാരീസ് ഒളിമ്പിക്സുമായി ബന്ധപ്പെട്ട ദിവസത്തെ വാർത്തകളെ അടിസ്ഥാനമാക്കിയുള്ള പ്രശ്നോത്തരി മത്സരം സ്കൂളിൽ സംഘടിപ്പിച്ചുവരുന്നു. ഓരോ ദിവസവും ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികളുടെ പേരുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകാനുള്ള തീരുമാനം എസ്.ആർ.ജി. യോഗത്തിൽ എടുത്തു.ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ പാരിസ് ഒളിമ്പിക്സ് ആരംഭിച്ച ദിവസം മുതൽ അവസാന ദിവസം വരെ ഒളിമ്പിക്സുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സംഘടിപ്പിച്ചിരുന്നു. സമാപന ദിവസത്തെ മെഗാ ക്വിസ് ഉദ്ഘാടനം ചെയ്തത് ഹെഡ്മിസ്ട്രസ് അനില സാമുവേൽ ആയിരുന്നു. ക്വിസ് മാസ്റ്ററായി അനീഷ് ബെഞ്ചമിൻ കടമ നിർവഹിച്ചു. ഈ മെഗാ ക്വിസിൽ 50-ലധികം കുട്ടികൾ പങ്കെടുത്തു. യുപി, എച്ച്എസ് വിഭാഗങ്ങളിലെ വിജയികളായ കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.



# വിളംബര ഘോഷയാത്ര

ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സംസ്ഥാന അവാർഡ് നേടിയതിന്റെ ആഹ്ലാദത്തിൽ 2024 ഓഗസ്റ്റ് 15 ന് ഒരു ഘോഷയാത്ര സംഘടിപ്പിച്ചു. സ്വാതന്ത്ര്യ ദിനാഘോഷം പൂർത്തിയാക്കിയ ശേഷം, സ്കൂൾ മാനേജർ റവ. ഡോ. റ്റി.റ്റി. സഖറിയയുടെ നേതൃത്വത്തിൽ ഈ ഘോഷയാത്ര ആരംഭിച്ചു.ആറന്മുള, കിടങ്ങന്നൂർ, മെഴുവേലി, കോട്ട, കാരക്കാട്, മുളക്കുഴ, ആറാട്ടുപുഴ, മാലക്കര തുടങ്ങിയ പ്രദേശങ്ങളിലൂടെ ഈ ഘോഷയാത്ര സഞ്ചരിച്ചുകൊണ്ട് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിന് ബോധ്യപ്പെടുത്തുകയായിരുന്നു ലക്ഷ്യം. 2024 ജൂലൈ 6 ന് തിരുവനന്തപുരം നിയമസഭഹാളിൽ നടന്ന യോഗത്തിൽ വച്ച്, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ, മെമന്റോ, പ്രശസ്തിപത്രം എന്നിവ അടങ്ങുന്ന പുരസ്കാരം നൽകിയിരുന്നു.കമ്പ്യൂട്ടർ അധിഷ്ഠിത മേഖലയിൽ സ്കൂളിന് ഈ മികച്ച നേട്ടം കൈവരിക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പഞ്ചായത്ത് പ്രതിനിധികൾ, സ്കൂൾ പിടിഎ ഭാരവാഹികൾ, പൂർവ്വ വിദ്യാർത്ഥികൾ, മാനേജ്മെന്റ് അംഗങ്ങൾ, അധ്യാപകർ, അനധ്യാപകർ തുടങ്ങിയവർ ഘോഷയാത്രയിൽ സജീവമായി പങ്കെടുത്തു. ഈ പ്രവർത്തനം വരും കാലങ്ങളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് വിവിധ മേഖലകളിലൂടെ കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ നടത്താനും, വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കാനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്കൂൾ പ്രഥമ അധ്യാപിക അനില സാമുവേൽ, കൈറ്റ് മാസ്റ്റേഴ്സായ ആശ പി മാത്യു, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക്  നേതൃത്വം നൽകി.

# ജൂലൈ 26 - കാർഗിൽ വിജയ് ദിവസ്



ഇടയാറന്മുള എഎംഎം ഹയർ സെക്കൻഡറി സ്കൂളിലെ എൻ.സി.സി യുടെ ആഭിമുഖ്യത്തിൽ ആറന്മുള വീര ജവാൻ സ്മാരകത്തിലും, എരുമക്കാട്ടെ യുദ്ധ സ്മാരകത്തിലും, കുറിച്ചിമുട്ടം ലാൻസ്നായിക് അനിൽകുമാർ റ്റി. സി. യുടെ സ്മൃതി മണ്ഡപത്തിലും കർഗിൽ വിജയ് ദിനത്തിന്റെ 25-ാം വാർഷികദിനത്തിൽ പുഷ്പാർച്ചന നടത്തി. പ്രിൻസിപ്പൽ ലാലി ജോൺ, പ്രഥമ അദ്ധ്യാപിക അനില സാമുവേൽ, സിബി മത്തായി, ജെബി തോമസ്, എബിൻ ജിയോ മാത്യു, പിറ്റിഎ പ്രസിഡന്റ് ഡോ. സൈമൺ ജോർജ്, സ്കൂൾ ബോർഡ് സെക്രട്ടറി റോണി എബ്രഹാം, ഓൾ കേരളാ ഹീറോ സോൾജിയേർസ് സംസ്ഥാന പ്രസിഡന്റ് സുരേഷ് പൂവത്തൂർ, ബെന്നി ഫിലിപ്, വീർ ജവാൻ അനിൽ കുമാറിന്റെ ബന്ധുക്കൾ, വിമുക്ത ഭടന്മാരുടെ സംഘടനാ ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.27 എസ്.ഡി.യും 20 എസ്.ഡബ്ല്യു. കാഡറ്റുകളും ഈ അവസരത്തിൽ ഒരു വൃക്ഷത്തൈ നട്ടുപിടിപ്പിച്ചു. ഇത് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനൊപ്പം യുദ്ധ വീരന്മാരോടുള്ള ആദരവും പ്രകടിപ്പിച്ചു.എസ്.ബി.യും, എസ്.ഡബ്ല്യു കേഡറ്റുകളും, അദ്ധ്യാപകരും, എ.എൻ.ഒ.യും ചേർന്ന് ആറന്മുള വീര ജവാൻ സ്മാരകം, എരുമക്കാട്ടെ യുദ്ധ സ്മാരകം, കുറിച്ചിമുട്ടം ലാൻസ്നായിക് അനിൽകുമാർ റ്റി. സി. യുടെ സ്മൃതി മണ്ഡപത്തിലവും സന്ദർശിച്ചു. ചെങ്ങന്നൂർ 10(കെ) ബറ്റാലിയൻ എൻ.സി.സി.യുടെ ബി.എച്ച്.എം. ഡി. ഗണപതിയും അവർക്കൊപ്പം ഉണ്ടായിരുന്നു. ധീരരായ വീരന്മാരുടെ ത്യാഗത്തിന് ആദരാഞ്ജലിയായി കാഡറ്റുകൾ പുഷ്പാഞ്ജലി അർപ്പിച്ചു. പ്രിൻസിപ്പൽ പുഷ്പമാല അർപ്പിച്ചുകൊണ്ട് ഈ ചടങ്ങിന് ഔദ്യോഗികമായ അംഗീകാരം നൽകി.കാഡറ്റുകൾ ഒത്തുകൂടി നിശബ്ദത പാലിച്ചുകൊണ്ട് രാജ്യത്തിന്റെ അഭിമാനത്തിനായി പോരാടിയ യുദ്ധ വീരന്മാരെ സ്മരിച്ചു. മെഴുകുതിരികൾ തെളിയിച്ചുകൊണ്ട് അവരുടെ ത്യാഗത്തിന് ആദരാഞ്ജലി അർപ്പിച്ചു. കർഗിൽ യുദ്ധ വീരന്മാരുടെ പേരുകൾ വായിച്ചു പറയുക വഴി അവരുടെ ഓർമ്മകൾ ജീവനുള്ളതാക്കി.എസ്സെ റൈറ്റിംഗ്, പോയട്രി റൈറ്റിംഗ്, പോസ്റ്റർ നിർമ്മാണം എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിച്ചു. 26 വിദ്യാർത്ഥികൾ ഈ മത്സരങ്ങളിൽ പങ്കെടുത്തു.ഈ പരിപാടികൾ കർഗിൽ വിജയ് ദിനത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിലും ദേശഭക്തിയും പരിസ്ഥിതി സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിലും വിജയകരമായിരുന്നു. പുഷ്പാഞ്ജലിയും ദീപം തെളിയിക്കലും യുദ്ധ വീരന്മാരുടെ ത്യാഗത്തിന് ആദരവും കൃതജ്ഞതയും സ്മരണയുമായി ബന്ധപ്പെട്ടിരിക്കുന്നു.

# ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിന് പൊതുസമൂഹത്തിന്റെ കൈത്താങ്ങ്



ആറന്മുള ഇന്നർവീൽ ക്ലബ്ബും, ആറാട്ടുപുഴ വൈസ്മെൻസ് ക്ലബ്ബും ചേർന്ന് ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിന് അടിയന്തര സാഹചര്യങ്ങളിൽഉപയോഗിക്കുന്നതിനായി ഒരു സ്ട്രെച്ചറും, വിദ്യാർത്ഥിനികളുടെ ആവശ്യത്തിനായി സാനിറ്ററി നാപ്കിൻ ഡിസ്പെൻസർ യൂണിറ്റും സമ്മാനിച്ചു. 2024 ഓഗസ്റ്റ് 7-ന് നടന്ന സ്കൂൾ അസംബ്ലിയിൽ, സ്കൂൾ മാനേജർ ഡോ. റ്റി.റ്റി. സഖറിയ അധ്യക്ഷത വഹിച്ചു. അസംബ്ലിയിൽ, ജൂനിയർ റെഡ്ക്രോസ്സ് ഭാരവാഹികൾ സ്ട്രെച്ചർ ഏറ്റുവാങ്ങി. പ്രസിഡന്റ് പ്രസന്നകുമാരി, സ്വപ്ന ശ്രീകുമാർ, ദീപിക, ജയശ്രീ സുരേഷ് എന്നിവർ ഉൾപ്പെടെ നിരവധി പേർ പരിപാടിയിൽ പങ്കെടുത്തു.ആറാട്ടുപുഴ വൈസ്മെൻസ് ക്ലബ്ബ്, സ്കൂൾ ഹെൽത്ത് ക്ലബ്ബ് ഭാരവാഹികൾക്ക് സാനിറ്ററി നാപ്കിൻ ഡിസ്പെൻസർ യൂണിറ്റ് സമ്മാനിച്ചു. പ്രസിഡന്റ് ഷേർളി ഈപ്പൻ, ശാന്ത ഏബ്രഹാം, ലിസി തോമസ് എന്നിവരും വൈസ്മെൻസ് ക്ലബ്ബ് പ്രസിഡന്റ് തോമസുകുട്ടി കല്ലറ, തോമസ് ഈപ്പൻ എന്നിവരും ഉൾപ്പെടെ നിരവധി പേർ പരിപാടിയിൽ പങ്കെടുത്തു. അസംബ്ലിയിൽ ഹെഡ്മിസ്ട്രസ് അനില സാമുവേൽ സ്വാഗതവും, ബിന്ദു കെ. ഫിലിപ്പ് നന്ദിയും പ്രകാശിപ്പിച്ചു.



## കരകൗശലത്തിലൂടെ കുഞ്ഞുമനസ്സിൽ പുത്തൻ വിത്തുകൾ

ഓല, ഈർക്കിൽ, കടലാസ് എന്നിവ ഉപയോഗിച്ച് കുട്ടികൾ നിർമ്മിച്ച കരകൗശല വസ്തുക്കളുടെ പ്രദർശനം ക്ലാസ് റൂമിൽ സംഘടിപ്പിച്ചത് വളരെ മനോഹരവും സാമൂഹ്യശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ടതുമായ ഒരു പരിപാടിയായിരുന്നു. ഈ പ്രവർത്തനത്തിലൂടെ, പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾ നിറഞ്ഞുനിൽക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഓല, കടലാസ് പോലുള്ള പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങളും മറ്റു വസ്തുക്കളും നിർമ്മിക്കാൻ സാധിച്ചു.

# നശാമുക്ത ഭാരത് അഭിയാൻ പദ്ധതി




കേന്ദ്ര സാമൂഹിക ശാക്തീകരണ വകുപ്പ് മന്ത്രാലയം ആവിഷ്കരിച്ച നശാമുക്ത ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി, സ്വാതന്ത്ര്യദിനാഘോഷത്തിന്റെ 78-ാം വാർഷികത്തോടനുബന്ധിച്ച്, 2024 ഓഗസ്റ്റ് 12 ന് സ്കൂൾ കുട്ടികളും, അദ്ധ്യാപകരും അസംബ്ലിയിൽ പങ്കെടുത്തു. അസംബ്ലിയിൽ ജെബി തോമസ് സ്വാഗതം പറഞ്ഞു.മാസ്റ്റർ ആഷിക് എസ്. കുറിയേടത്ത് നന്ദിയും രേഖപ്പെടുത്തി.സ്കൂൾ വിദ്യാർത്ഥികളിലും, യുവാക്കളിലും ലഹരി ഉപയോഗത്തിനെതിരെ അവബോധം വളർത്തുക എന്നതാണ് നശാമുക്ത ഭാരത് അഭിയാന്റെ ലക്ഷ്യം.പ്രത്യേകിച്ച് യുവാക്കളിൽ ലഹരി ഉപയോഗം തടയുന്നതിനുള്ള ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.ലഹരി വ്യാപനം തടയുന്നതിനുള്ള നിയമങ്ങൾ കർശനമാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.ലഹരി ഉപയോഗക്കാരെ പുനരധിവാസം ചെയ്ത് സമൂഹത്തിൽ തിരിച്ചെത്തിക്കുക.ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.അഞ്ചു മുതൽ 12 വരെയുള്ള എല്ലാ വിദ്യാർത്ഥികളും, അദ്ധ്യാപകരും ഒരുമിച്ച് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി. കുമാരി മാളവിക ആർ.നമ്പൂതിരി പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.സ്കൂളിൽ പ്രവർത്തിക്കുന്ന ലഹരിവിമുക്ത ക്ലബ്ബായ യോദ്ധാവ്, വിമുക്തി ക്ലബ്ബുകൾ ചേർന്ന് സംഘടിപ്പിച്ച റാലിയിൽ വിവിധ ക്ലബ്ബിലെ വിദ്യാർത്ഥികളും, അദ്ധ്യാപക പ്രതിനിധികളും പങ്കെടുത്തു.ലഹരിക്കെതിരായ വിവിധ പോസ്റ്ററുകൾ കുട്ടികൾ തയ്യാറാക്കി റാലിയിൽ പ്രദർശിപ്പിച്ചു.



# സ്വാതന്ത്ര്യത്തിന്റെ വർണക്കാഴ്ചകൾ



ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ രാജ്യത്തിന്റെ എഴുപത്തിയെട്ടാമത് സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. സ്കൂൾ മാനേജർ റവ. ഡോ. റ്റി. റ്റി. സഖറിയയുടെ നേതൃത്വത്തിൽ നടന്ന ഈ ആഘോഷത്തിൽ എൻ.സി.സി., എസ്.പി.സി., ജെ.ആർ.സി., ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ യൂണിറ്റുകളിലെ വിദ്യാർത്ഥികൾ അണിനിരന്ന പരേഡ് ആകർഷകമായിരുന്നു. സ്കൂൾ മാനേജർ ഉദ്ബോധിപ്പിക്കുന്ന പ്രഭാഷണം നടത്തി.സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യവും, നമ്മുടെ ദേശീയ ചരിത്രത്തിന്റെ മഹത്വവും അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രിൻസിപ്പൽ ശ്രീമതി ലാലി ജോൺ സ്വാഗതവും, പ്രഥമ അധ്യാപിക അനില സാമുവേൽ നന്ദിയും പ്രകാശിപ്പിച്ചു. സ്കൂൾ ഗായക സംഘം ആലപിച്ച ദേശഭക്തിഗാനങ്ങൾ ഹൃദയങ്ങളെ സ്പർശിച്ചു. വിവിധ സ്വാതന്ത്ര്യ സമര സേനാനികളുടെ വേഷത്തിൽ എത്തിയ കൊച്ചു കുട്ടികൾ ആഘോഷത്തിന് മാറ്റ് കൂട്ടി. സ്വാതന്ത്ര്യം എന്ന അമൂല്യ നിധിയെ നാം എപ്പോഴും വിലമതിക്കുകയും, രാജ്യത്തിന്റെ ഉന്നതിക്കായി പ്രവർത്തിക്കുകയും ചെയ്യണമെന്ന സന്ദേശം ഈ ആഘോഷം നൽകി.സ്വാതന്ത്ര്യദിനാഘോഷത്തിൽ വർണ്ണാഭമായ വേഷങ്ങളിൽ വിദ്യാർത്ഥികൾ ഇന്ത്യയുടെ ഭൂപടം രൂപപ്പെടുത്തി നിന്നപ്പോൾ ആ കാഴ്ച മനസ്സിൽ ദേശഭക്തിയും കണ്ണിന് കുളിർമയും ഏകി.




# ആവേശം

ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ഈ വർഷത്തെ ഓണാഘോഷം 'ആവേശം' എന്ന പേരിൽ സെപ്റ്റംബർ മാസം പതിമൂന്നാം തീയതി വെള്ളിയാഴ്ച രാവിലെ ഒൻപതരയ്ക്ക് സ്കൂൾ മാനേജർ റവ. ഡോ. റ്റി റ്റി സഖറിയയുടെ അദ്ധ്യക്ഷതയിൽ സ്കൂൾ അങ്കണത്തിൽ മഹാബലി തമ്പുരാന്റെ അകമ്പടിയോടുകൂടി വർണാഭമായി നടന്നു.ജനപ്രതിനിധിയും നാടക കലാകാരനുമായ ബിജു വർണ്ണശാല ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ മാനേജർ ബിജു വർണ്ണശാലയെ പൊന്നാടയണിയിച്ച് ആദരിച്ചു. വൈസ് പ്രസിഡന്റ് അശ്വതി വിനോജ്, പിടിഎ പ്രസിഡന്റ് ഡോ. സൈമൺ ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു. സ്കൂൾ പ്രിൻസിപ്പൽ ലാലി ജോൺ സ്വാഗതവും, പ്രഥമധ്യാപിക അനില സാമുവൽ നന്ദിയും പ്രകാശിപ്പിച്ചു.അതിനുശേഷം കുട്ടികളുടെ വിവിധ പരിപാടികളായ അത്തപ്പൂക്കളം,വഞ്ചിപ്പാട്ട്, തിരുവാതിര, വടംവലി, റൊട്ടി കടി, സുന്ദരിക്ക് പൊട്ട് കുത്തൽ, ചാക്കിൽ കയറി ഓട്ടം, ലെമൺ ആൻഡ് സ്പൂൺ, ലിറ്റിൽ കൈറ്റ്സ്, വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ഡിജിറ്റൽ പൂക്കളം തുടങ്ങിയവ നടത്തപ്പെട്ടു. പായസ വിതരണത്തോടെ ഈ വർഷത്തെ ഓണാഘോഷം അവസാനിച്ചു.പിടിഎയുടെയും, പൂർവ്വ വിദ്യാർത്ഥികളുടെയും, അദ്ധ്യാപക-അനദ്ധ്യാപകരുടെയും സഹകരണത്തോടെ ഈ വർഷത്തെ ഓണാഘോഷം വൻ വിജയമാക്കാൻ സാധിച്ചു.ഓണാഘോഷം വിദ്യാർത്ഥികളിൽ പരസ്പര സ്നേഹം, സഹകരണം, ധർമ്മബോധം, സമത്വം എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുന്നു.

# പോഷൻ മാ പദ്ധതി - ഒരു പുത്തൻ തുടക്കം



ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ 2024 സെപ്റ്റംബർ 30-ന് പോഷൻ മാ പദ്ധതിയുടെ ഭാഗമായി ടീൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.ടീൻസ് ക്ലബ്ബും, ഹെൽത്ത് ക്ലബ്ബും ചേർന്ന് പെൺകുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സ്വാഗത പ്രഭാഷണം സൂസൻ ബേബി നിർവഹിച്ചു. പിടിഎ പ്രസിഡന്റും ഡോക്ടറുമായ സൈമൺ ജോർജ് ക്ലാസുകൾക്ക് നേതൃത്വം നൽകി. സീനിയർ അദ്ധ്യാപിക അഞ്ജലി ദേവി യോഗത്തിന് അധ്യക്ഷത വഹിച്ചു. നന്ദി പ്രകാശനം ആഷാ പി മാത്യു നിർവഹിച്ചു.അനീമിയ, വളർച്ച നിരീക്ഷണം, കോംപ്ലിമെന്ററി ഫീഡിങ്, ടെക്നോളജി ഫോർ ബെറ്റർ ഗവേണൻസ് തുടങ്ങിയ വിഷയങ്ങളാണ് ഈ പദ്ധതിയിൽ പ്രധാനമായി ചർച്ച ചെയ്തത്.

പോഷൻ മാ പദ്ധതിയുടെ മുഖ്യ ലക്ഷ്യം ഇന്ത്യയിലെ കുട്ടികളിലും ഗർഭിണികളിലും പോഷകാഹാരക്കുറവ് പരിഹരിക്കുക എന്നതാണ്. കുഞ്ഞുങ്ങൾ ആരോഗ്യത്തോടെ വളരുന്നതിന് ആവശ്യമായ പോഷകാഹാരം ലഭ്യമാക്കുക, പ്രത്യേകിച്ച് ഗർഭിണികളിലും കുട്ടികളിലും കാണപ്പെടുന്ന അനീമിയ തുടങ്ങിയ പോഷകാഹാരക്കുറവുമായി ബന്ധപ്പെട്ട രോഗങ്ങൾ തടയുക, പോഷകാഹാരത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക, ആവശ്യമായ ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ ഈ പദ്ധതിയിലൂടെ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

## ലിറ്റിൽ കൈറ്റ്സും പോഷൻ മാ പദ്ധതിയും

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ 2024 സെപ്റ്റംബർ 30ന് പോഷൺ മാ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളിലെ വിദ്യാർത്ഥികൾക്കായി പോഷകാഹാരത്തിന്റെ ആവശ്യകതയും, അനീമിയ തടയുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വ്യക്തമാക്കുന്ന പ്രസന്റേഷൻ തയ്യാറാക്കി വിവിധ ക്ലാസുകളിലെ വിദ്യാർത്ഥികളെ

പോഷൺ മായുടെ പ്രധാന തീമുകളിൽ അനീമിയ, വളർച്ചാ നിരീക്ഷണം, കോംപ്ലിമെൻ്ററി ഫീഡിംഗ്, പോഷൻ ഭി പധായ് ഭി (വിദ്യാഭ്യാസത്തോടൊപ്പം പോഷകാഹാരം), മികച്ച ഭരണത്തിനുള്ള സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രസൻ്റേഷനാണ് വിദ്യാർഥികൾ നിർമ്മിച്ചത്.

## ഏക് പെഡ് മാ കേ നാം



പോഷകാഹാരവും പരിസ്ഥിതിയുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഏക് പെഡ് മാ കേ നാം എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി അവർ സ്കൂളിൽ മാവ് തൈകൾ നട്ടുപിടിപ്പിച്ചു.ഈ പദ്ധതിയുടെ ലക്ഷ്യം സ്കൂൾ പരിസരത്തെ പച്ചപ്പിന്റെ അളവ് വർദ്ധിപ്പിക്കുന്നതോടൊപ്പം വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷണ ബോധം വളർത്തുക എന്നതായിരുന്നു. മാവ് പഴം വിറ്റാമിനുകളും, ധാതുക്കളും അടങ്ങിയ പോഷകസമ്പന്നമായ ഒരു പഴമാണ്. കൂടാതെ, മാവ് മരങ്ങൾ പരിസ്ഥിതിക്ക് സംരക്ഷണവും നൽകുന്നു.

## വയോജന ദിനം – ആദരവും ആശീർവാദവും




ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും, ജെ ആർ സിയും നേതൃത്വം നൽകി 2024 ഒക്ടോബർ ഒന്നാം തീയതി വയോജന ദിനം ആഘോഷിച്ചു. സ്കൂളിലെ റിട്ടയേർഡ് അദ്ധ്യാപികയായ കുഞ്ഞമ്മ ടീച്ചറിനെ സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് അവരുടെ ഭവനത്തിൽ എത്തി ആദരിച്ചു.ലോകമെമ്പാടും വയോജനങ്ങളെ സംരക്ഷിക്കാനും പരിപാലിക്കാനുമുള്ള പ്രാധാന്യം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ ദിനം ആചരിക്കുന്നത്. കുലീനതയോടെ വയസ്സാവുക എന്ന മുദ്രാവാക്യം ഉയർത്തിയാണ് ഈ വർഷം

ഈ ദിനം ആഘോഷിച്ചത്. പ്രായമായവർക്ക് പിന്തുണ നൽകുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ് ഈ പ്രവർത്തനത്തിലൂടെ ലോകത്തെ ഓർമ്മിപ്പിക്കുന്നത്.സ്കൂളിലെ എല്ലാ വിദ്യാർത്ഥികളും വയോജന ദിനത്തിൽ പ്രതിജ്ഞ എടുത്തത് പ്രായമായവരെ അവരുടെ മാതാപിതാക്കളെപ്പോലെ ബഹുമാനിക്കുകയും, പരിചരിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാനാണ്. തങ്ങളുടെ കുടുംബത്തിലെ മുത്തച്ഛനമ്മമാരെ പോലുള്ള പ്രായമായവരെ പരിപാലിക്കുന്നത് തങ്ങളുടെ ഉത്തരവാദിത്തമാണെന്ന് ഈ പ്രവർത്തനത്തിലൂടെ ബോധവാന്മാരാകുന്നു. ബഹുമാനം, സ്നേഹം, സഹായം തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ നല്ല സമൂഹാംഗങ്ങളാകാൻ കുട്ടികളെ പ്രചോദിപ്പിക്കുക എന്നതും ഈ പ്രതിജ്ഞയുടെ ലക്ഷ്യമാണ്.ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ വയോജന ദിനാചരണത്തിൽ പ്രായമായവർക്ക് വിവിധ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗവും, അവയുടെ നിത്യജീവിതത്തിൽ ഉള്ള പ്രയോജനങ്ങളും പഠിപ്പിച്ചുകൊടുത്തു. ഇന്നത്തെ ഡിജിറ്റൽ ലോകത്ത് കമ്പ്യൂട്ടർ അറിവ് അനിവാര്യമാണെന്ന ബോധ്യത്തോടെ, വിദ്യാർത്ഥികളിൽ നിന്ന് കമ്പ്യൂട്ടർ അഭ്യസിക്കുന്നത് വയോജനങ്ങൾക്ക് പുതിയ അറിവുകൾ നേടാനുള്ള അവസരം ഒരുക്കി. ഇത് അവരിൽ പുതിയ കാര്യങ്ങൾ പഠിക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം വളർത്തി. മൗസ് ഉപയോഗിക്കൽ, ഇന്റർനെറ്റ് ബ്രൗസിംഗ്, ഇ-മെയിൽ അയക്കൽ തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ വിദ്യാർത്ഥികൾ അവരെ പഠിപ്പിച്ചു.വയോജന ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം പ്രായമായവരുടെ സംഭാവനകളെ അംഗീകരിക്കുകയും അവരുടെ അവകാശങ്ങളെ സംരക്ഷിക്കുകയുമാണ്. ഈ ദിനം ആചരിക്കുന്നതിലൂടെ, നാം സമൂഹത്തിൽ പ്രായമായവരുടെ സ്ഥാനത്തെക്കുറിച്ച് ബോധവാന്മാരാകുകയും അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രായമായവർ സമൂഹത്തിന്റെ അമൂല്യ സമ്പത്താണ്. അവരുടെ അനുഭവങ്ങളും ജ്ഞാനവും സമൂഹത്തിന്റെ വികസനത്തിന് അനിവാര്യമാണ്. വയോജന ദിനം ഈ വസ്തുതയെ ഊന്നിപ്പറയുകയും അവരെ ആദരിക്കുകയും ചെയ്യുന്നു.സ്കൂളുകളിൽ വയോജന ദിനം ആചരിക്കുന്നത് കുട്ടികളിൽ നല്ല മൂല്യങ്ങൾ വളർത്തുന്നതിന് സഹായിക്കുന്നു. ഇത് അവരെ നല്ല മനുഷ്യരായി വളർത്തുന്നതിനും സമൂഹത്തിലെ തലമുറകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും സഹായിക്കും.

# അത്ഭുതങ്ങളുടെ ലോകം – ബഹിരാകാശം



ഒക്ടോബർ 4 മുതൽ 10 വരെ ലോകമെങ്ങും ബഹിരാകാശ വാരാചരണം ആചരിക്കുകയാണ്. ബഹിരാകാശ ഗവേഷണം കൂടുതൽ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ നാം ആർജ്ജിച്ച നേട്ടങ്ങളെ ലോകത്തിൽ പരിചയപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ വാരാചരണം സ്കൂളിൽ നടത്തിയത്. മനുഷ്യാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ബഹിരാകാശ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സംഭാവനകളെ ആഘോഷിക്കുന്നതിനായി ജനറൽ അസംബ്ലി ലോക ബഹിരാകാശ വാരമായി പ്രഖ്യാപിച്ചു. യു എൻ ഓഫീസ് ഓഫ് ഔട്ടർ സ്പേസ് അഫയേഴ്സുമായി അടുത്ത ഏകോപനത്തോടെ വേൾഡ് സ്പേസ് വീക്ക് അസോസിയേഷൻ ഡയറക്ടർ ബോർഡ് ഓരോ വർഷവും ഒരു തീം തിരഞ്ഞെടുക്കുന്നു.2024ലെ ലോക ബഹിരാകാശ വാരത്തിൽ, തിരഞ്ഞെടുത്ത തീം സ്പേസും കാലാവസ്ഥാ വ്യതിയാനവും എന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തിനെതിരായ നമ്മുടെ പോരാട്ടത്തിൽ ബഹിരാകാശ സാങ്കേതികവിദ്യയുടെ പരിവർത്തനപരമായ സ്വാധീനത്തെ ഈ തീം ആഘോഷിക്കുന്നു, ഭൂമിയുടെ കാലാവസ്ഥയെക്കുറിച്ചുള്ള നമ്മുടെ ധാരണ വർദ്ധിപ്പിക്കുന്നതിൽ ബഹിരാകാശ പര്യവേക്ഷണം വഹിക്കുന്ന സജീവമായ പങ്ക് ഊന്നിപ്പറയുന്നു. ബഹിരാകാശ വാരാചരണവുമായി ബന്ധപ്പെട്ട് സ്കൂളിൽ 2024 ഒക്ടോബർ പത്തിന് സയൻസ് ക്ലബ്ബിന്റെയും, ലിറ്റിൽ കൈറ്റ്സിന്റെയും നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി.ബഹിരാകാശ വാരാചരണത്തിന്റെ ഭാഗമായി ഐഎസ്ആർഒ അസോസിയേറ്റ് ഡയറക്ടർ ടി.ആർ. ഹരിദാസിനെ അഭിമുഖം ചെയ്തു വീഡിയോ വിക്ടേഴ്സ് ചാനലിലൂടെ മറ്റു വിദ്യാർഥികൾക്ക് പ്രദർശിപ്പിച്ച്  ആശയങ്ങൾ പങ്കുവെച്ചു.ബഹിരാകാശ വാരാചരണത്തിന്റെ ഭാഗമായി, വിദ്യാർത്ഥികൾ വേൾഡ് സ്പേസ് വീക്ക് അസോസിയേഷൻ വെബ്സൈറ്റും, ഐഎസ്ആർഒയുടെ വെബ്സൈറ്റും സന്ദർശിച്ച് ബഹിരാകാശത്തെക്കുറിച്ച് കൂടുതൽ അറിവുകൾ നേടി.ഗ്രന്ഥശാലയുമായി സഹകരിച്ച് സ്കൂൾ ബഹിരാകാശ വാരം ആഘോഷിച്ചുകൊണ്ട്, ബഹിരാകാശത്തെ പ്രതിപാദിക്കുന്ന ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള ഒരു മത്സരം സംഘടിപ്പിച്ചു.ബൈനോക്കുലർ ഉപയോഗിച്ചുള്ള അത്ഭുതകരമായ ആകാശക്കാഴ്ച വിദ്യാർത്ഥികളിൽ കൗതുകം ജനിപ്പിച്ചു.

# കൈ കഴുകാം - രോഗം മാറ്റാം



വിദ്യാർത്ഥികളിൽ ശുചിത്വബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ 2024 ഒക്ടോബർ 15 ന് സ്കൂളിൽ ജെ.ആർ.സി യുടെയും, ഹെൽത്ത് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ ആഗോള കൈകഴുകൽ ദിനാചരണം നടത്തി. ക്ലബ്ബിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർ കൈകൾ ശരിയായി കഴുകുന്നതിന്റെ പ്രാധാന്യം, വിവിധ രോഗങ്ങൾ തടയാൻ കൈകഴുകലിന്റെ പങ്ക് എന്നിവ വിശദമായി വിവരിച്ചു. വിദ്യാർത്ഥികൾ തന്നെ ഈ പരിപാടിയുടെ നേതൃത്വം വഹിച്ചുകൊണ്ട് കൈകഴുകലിന്റെ ശാസ്ത്രീയ അടിസ്ഥാനം, രോഗാണുക്കളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ സഹപാഠികളുമായി പങ്കുവെച്ചു. മാതാപിതാക്കളുമായി സഹകരിച്ച് വീടുകളിൽ ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്കൂൾ സംഘടിപ്പിക്കുന്നു.




## അരങ്ങ്

ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന അരങ്ങ് 2024 കലോത്സവം ഒക്ടോബർ 17 ന് ആർഭാടത്തോടെ തുടങ്ങി. സ്കൂൾ ഗായകസംഘം അവതരിപ്പിച്ച ഈശ്വര പ്രാർത്ഥനയായിരുന്നു പരിപാടിയുടെ തുടക്കം. സ്കൂൾ മാനേജർ റവ. ഡോ. റ്റി റ്റി സഖറിയ അദ്ധ്യക്ഷത വഹിച്ച ഈ ചടങ്ങിൽ സംഗീത അദ്ധ്യാപികയും പൂർവ്വ വിദ്യാർത്ഥിനിയുമായ അഞ്ചന ജി. നായർ കലോത്സവം ഉദ്ഘാടനം ചെയ്തു. പി.ടി.എ. വൈസ് പ്രസിഡന്റ് സന്ധ്യ എം. പി., സ്കൂൾ ബോർഡ് സെക്രട്ടറി റോണി എം. എബ്രഹാം, പൂർവ വിദ്യാർത്ഥിനി സോഫിയ സാം എന്നിവർ ആശംസകൾ അറിയിച്ചു. സ്കൂൾ പ്രിൻസിപ്പൽ ലാലി ജോൺ സ്വാഗതവും, ഹെഡ്മിസ്ട്രസ് അനില സാമുവൽ കൃതജ്ഞതയും അറിയിച്ചു. കലോത്സവ പരിപാടികൾക്ക് സംഗീത അദ്ധ്യാപകനായ അജിത് കുമാർ ടി സി നേതൃത്വം നൽകി.കലോത്സവ പരിപാടികൾ അഞ്ചന ജി. നായരുടെയും സോഫിയ സാമിന്റെയും സംഗീതത്തോടുകൂടി ആരംഭിച്ചു. വഞ്ചിപ്പാട്ട്, ലളിതഗാനം, ശാസ്ത്രീയ സംഗീതം, മാപ്പിളപ്പാട്ട്, നാടൻപാട്ട്, സംഘഗാനം, തിരുവാതിര, കുച്ചിപ്പുടി, ഭരതനാട്യം, സംഘനൃത്തം, നാടോടി നൃത്തം, ദേശഭക്തിഗാനം, പ്രസംഗം, പദ്യപാരായണം തുടങ്ങിയ വിവിധ മത്സരങ്ങളിൽ



## ഉപജില്ല ഐടി മേള

ആറന്മുള ഉപജില്ല ഐടി മേള 2024 ഒക്ടോബർ 22-ന് ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. ആറന്മുള ഉപജില്ലയുടെ മാസ്റ്റർ ട്രെയിനറായ തോമസ് സാറും, കൈറ്റ് മാസ്റ്റർ ട്രെയിനറായ മനു സാറും ഉൾപ്പെടെയുള്ളവർ മേളയ്ക്ക് നേതൃത്വം നൽകി. ആറന്മുള ഉപജില്ലയിലെ വിവിധ സ്കൂളുകളിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിലെ നിരവധി വിദ്യാർത്ഥികൾ മേളയിൽ പങ്കെടുത്തു. ഡിജിറ്റൽ പെയിന്റിംഗ്, പ്രസന്റേഷൻ, വെബ് പേജ് ഡിസൈനിംഗ്, ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ്, മലയാളം ടൈപ്പിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ വിദ്യാർത്ഥികൾ മത്സരിച്ചു.ഈ മേളയിൽ ഞങ്ങളുടെ വിദ്യാലയത്തിന് ഓവറോൾ ചാമ്പ്യൻഷിപ്പ് നേടുവാൻ സാധിച്ചു. പ്രത്യേകിച്ചും ലിറ്റിൽ കൈറ്റ്സ് വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തം അഭിനന്ദനാർഹമായിരുന്നു.



## പുരാവസ്തുക്കളുടെ പ്രദർശനം

വിദ്യാർത്ഥികളിൽ കൗതുകം ജനിപ്പിക്കുന്ന രീതിയിൽ, ഹയർ സെക്കൻഡറി ഹ്യൂമാനിറ്റീസ് വിഭാഗവും, സ്കൂളിലെ സോഷ്യൽ സയൻസ് ക്ലബ്ബിന്റെയും, പിടിഎയുടെയും ആഭിമുഖ്യത്തിൽ പുരാവസ്തു പ്രദർശനം 2024 നവംബർ 4 ന് സ്കൂൾ സംഘടിപ്പിച്ചു.കുതിരവിളക്ക്, വിവിധ തരം നിലവിളക്കുകൾ, ചെമ്പ് പാത്രങ്ങൾ, ഓട്ടുപാത്രങ്ങൾ, തൂക്കുവിളക്ക്, പഴയകാല ആഭരണങ്ങൾ, കത്തികൾ, പഴയകാല ചെമ്പ് പാത്രങ്ങൾ, ഉപ്പുഭരണി, ഓലകൊണ്ട് നിർമ്മിച്ച ഉപകരണങ്ങൾ, ഗ്രാമഫോൺ, 2000 വർഷം പഴക്കമുള്ള നാണയങ്ങൾ, ചിത്രപ്രദർശനം, പഴയകാല പുസ്തകങ്ങൾ, സിഡികൾ, പഴയകാല കാസറ്റുകൾ, പഴയ റേഡിയോ, പഴയ ടൈപ്പ് റൈറ്റർ മെഷീൻ, അരകല്ല്, പഴയ ക്ലോക്കുകൾ, ചൂരൽ കൊണ്ട് നിർമ്മിച്ച കൊട്ടകൾ, ബുദ്ധ പ്രതിമ, ഇടിയുരൽ, ചന്ദനക്കല്ല് കപ്പി, ആറന്മുള കണ്ണാടി തുടങ്ങിയവയുടെ

ഇടിയൂരൽ, ചന്ദനക്കല്ല് കപ്പി, ആറന്മുള കണ്ണാടി തുടങ്ങിയവയുടെ വിപുലമായ ശേഖരം സ്കൂൾ ഒരുക്കിയിരുന്നു.



# മാലിന്യമുക്ത ക്യാമ്പയിൻ

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി, ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ, മാലിന്യമുക്ത സ്കൂൾ, മാലിന്യമുക്ത സമൂഹം എന്ന ലക്ഷ്യത്തോടെ സ്കൂളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂളിൽ ഒരു നിർവഹണ സമിതി രൂപീകരിച്ചിട്ടുണ്ട്.ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിന്റെ പരിസരവും, പൊതുസ്ഥലങ്ങളും വിദ്യാർത്ഥികൾ ചേർന്ന് വൃത്തിയാക്കി. ക്ലാസ് മുറികളുടെ വൃത്തിപാലന ചുമതല വിദ്യാർത്ഥികൾക്ക് നൽകി.വിദ്യാലയത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഉപയോഗശൂന്യമായ പേനകൾ ശേഖരിച്ച് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പെൻബോക്സുകളിൽ നിറയ്ക്കുന്നു. ഈ പേനകൾ പിന്നീട് ഹരിത സേനയ്ക്ക് കൈമാറുന്നു. ഏറ്റവും കൂടുതൽ പേനകൾ ശേഖരിക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി അനുമോദിക്കുന്നു.സ്കൂൾ പരിസരത്തെ മാലിന്യങ്ങൾ പ്ലാസ്റ്റിക്, പേപ്പർ, ജൈവ മാലിന്യങ്ങൾ എന്നിങ്ങനെ വേർതിരിച്ച് കമ്പോസ്റ്റ് തയ്യാറാക്കി.പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ ഒരു നല്ല പച്ചക്കറിത്തോട്ടം ഒരുക്കി. സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുന്നതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തി.സ്കൂൾ പരിസരത്ത് മരങ്ങൾ നട്ടുപരിപാലിക്കുന്നത് വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ ദൗത്യമാക്കി.വിദഗ്ധരുടെ സഹായത്തോടെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു.പരിസ്ഥിതി സംരക്ഷണ ബോധം വളർത്തുന്ന ചിത്ര പ്രദർശനങ്ങൾ സ്കൂളിൽ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ തന്നെ തയ്യാറാക്കിയ പരിസ്ഥിതി സംബന്ധിയായ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.ആറന്മുള പഞ്ചായത്തിലെ കുട്ടികളുടെ ഹരിത സഭ 2024 നവംബർ 14 ന് രാവിലെ 10.30 ന് നടന്നു. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ പ്രതിനിധികൾ പങ്കെടുത്ത ഈ പരിപാടിക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ റ്റി. ടോജി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ എൻ എസ് കുമാർ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, അധ്യാപകർ എന്നിവർ പങ്കെടുത്ത ഈ പരിപാടിയിൽ, ഓരോ സ്കൂളിലെയും പ്രതിനിധികളായ കുട്ടികൾ തങ്ങളുടെ സ്കൂളിൽ നടത്തുന്ന മാലിന്യ നിർമാർജന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. മാലിന്യ നിർമാർജനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഉണ്ടായ സംശയങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 12.30 ന് ഈ പരിപാടി സമാപിച്ചു. ഞങ്ങളുടെ സ്കൂളിൽ നിന്ന് 54 കുട്ടികൾ ഈ പരിപാടിയിൽ പങ്കെടുത്തു.



## വാസ്തുവിദ്യ ഗുരുകുലം സന്ദർശനം

ആറന്മുള വാസ്തുവിദ്യ ഗുരുകുലം ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ 2024-27 ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 2024 നവംബർ ഒന്നിന് സന്ദർശനം നടത്തി.ഭാരതീയ വാസ്തുവിദ്യയുടെയും അനുബന്ധ വിഷയങ്ങളുടെയും പ്രചാരണത്തിനും സംരക്ഷണത്തിനും ആയി സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് വാസ്തുവിദ്യ ഗുരുകുലം. പത്തനംതിട്ട ജില്ലയിൽ ആറന്മുളയിൽ പാർത്ഥസാരഥി ക്ഷേത്രത്തിന് പടിഞ്ഞാറ് വശത്തായി പമ്പാനദിയിൽ മനോഹരമായ ഒരു നാലുകെട്ടിൽ വാസ്തുവിദ്യ ഗുരുകുലം 1993 നവംബർ മാസം ഒന്നാം തീയതി പ്രവർത്തനം ആരംഭിച്ചു.വാസ്തുവിദ്യയുടെ ആധാര ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി യൂണിവേഴ്സിറ്റി അംഗീകൃത അക്കാദമി കോഴ്സുകൾ, കൺസൾട്ടൻസി വിഭാഗം, ചുമർചിത്ര വിഭാഗം തുടങ്ങിയ വിവിധ വിഭാഗങ്ങൾ ആയിട്ടാണ് സ്ഥാപനത്തിന്റെ പ്രവർത്തനം സംവിധാനം ചെയ്തിരിക്കുന്നത്.പ്രത്യേകിച്ച് പരമ്പരാഗത വാസ്തുവിദ്യയും, ശില്പകലയും, ചുവർച്ചിത്രങ്ങളും, കലകളും അവതരിപ്പിക്കുകയും, സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, എല്ലാ തരത്തിലുമുള്ള സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനുമുള്ള കേന്ദ്ര സ്ഥാപനമായി പ്രവർത്തിക്കുക തുടങ്ങിയവയാണ് ലക്ഷ്യം.

## ലിറ്റിൽ കൈറ്റ്സ്, പ്ലാസ്റ്റിക് മുക്ത ഭാവിയിലേക്ക്

ജൂലൈ 3 അന്താരാഷ്ട്ര പ്ലാസ്റ്റിക് ബാഗ് രഹിത ദിനത്തോടനുബന്ധിച്ച്, 2023-26 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ വിദ്യാർത്ഥികൾ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരായ പോരാട്ടത്തിൽ പങ്കെടുക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂളിൽ പേപ്പർ ബാഗുകൾ നിർമ്മിച്ചു. ഈ ബാഗുകൾ സ്കൂളിന്റെ പരിസരത്തുള്ള കടകളിലും വീടുകളിലും നൽകിക്കൊണ്ട്, നമ്മുടെ ആവാസവ്യവസ്ഥകൾക്കും സമൂഹങ്ങൾക്കും ഭീഷണിയാകുന്ന പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്ന് പ്രകൃതിയെ രക്ഷിക്കാനും, ഭാവി തലമുറയ്ക്കായി പരിസ്ഥിതി സംരക്ഷണത്തിൽ സജീവമായി പങ്കെടുക്കാനും അവർ പ്രതിജ്ഞാബദ്ധരായി.

# സൈബർ സുരക്ഷാ ക്ലാസ്



ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ 2024 ഡിസംബർ 9-ന് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. ക്ലാസിന് ഇ.വൈ കമ്പനിയുടെ സൈബർ സുരക്ഷാ വിഭാഗത്തിൽ ജോലി ചെയ്യുന്ന അക്സ ആനി സജിയാണ് നേതൃത്വം നൽകിയത്.നിർമ്മിത ബുദ്ധി, സൈബർ സുരക്ഷ, മെഷീൻ ലേർണിംഗ് തുടങ്ങിയ വിഷയങ്ങളെ കുറിച്ചും വിശദമായ ക്ലാസുകൾ നൽകിയിരുന്നു. സൈബർ ലോകത്തിലെ ചതിക്കുഴികൾ, അവയുടെ ഗുണങ്ങൾ, ഹാക്കിംഗ്, ഫിഷിങ്, പബ്ലിക് വൈഫൈ ഉപയോഗത്തിന്റെ ദോഷഫലങ്ങൾ, സൈബർ ആക്രമണങ്ങളിൽ നിന്ന് എങ്ങനെ സുരക്ഷിതരാകാം തുടങ്ങിയവയിൽ വിശദീകരണം നടന്നു. കൂടാതെ, നിർമ്മിത ബുദ്ധിയുള്ള ഭാവി ലോകം, സൈബർ സുരക്ഷാ മേഖലയിലെ തൊഴിൽ സാധ്യതകൾ എന്നിവയും അവതരിപ്പിച്ചു.സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ ക്ലാസ് ഉദ്ഘാടനം ചെയ്തു. സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് ആശംസകൾ അറിയിച്ചു. കൈറ്റ് മിസ്ട്രസ് ആഷ പി. മാത്യു സ്വാഗതവും, കൈറ്റ് മാസ്റ്റർ ലക്ഷ്മി പ്രകാശ് നന്ദിയും പറഞ്ഞു. ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ക്ലാസിൽ സജീവമായി പങ്കെടുത്തു.

# ഔർ സൊസൈറ്റി - ഹെൽത്തി സൊസൈറ്റി

ഇടയാറന്മുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിലെ 2023 - 26 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ 5 മുതൽ 8 വരെയുള്ള എല്ല വിദ്യാർത്ഥികളുടെയും, സ്കൂളിന്റെ സമീപപ്രദേശങ്ങളിലെ രക്ഷകർത്താക്കളുടെയും, പൊതുസമൂഹത്തിന്റെയും ആരോഗ്യം മുൻനിർത്തിയുള്ള ഔർ സൊസൈറ്റി - ഹെൽത്തി സൊസൈറ്റി എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചു.ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ 5 മുതൽ 8 വരെയുള്ള എല്ല വിദ്യാർത്ഥികളുടെയും ബി.എം.ഐ പട്ടിക തയാറാക്കി. കുട്ടികളിലെ വിവിധ ആരോഗ്യപ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതിന്റെ ഭാഗമായാണ് ഈ കണക്കെടുപ്പ് നടത്തിയത്. ചില വിദ്യാർത്ഥികളിൽ അമിത വണ്ണവും എന്നാൽ മറ്റുചിലർക്ക് പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ ഉള്ളതായി മനസിലാക്കാൻ ഈ പട്ടികയിലൂടെ കഴിഞ്ഞു. ശരീരഭാരം ക്രമീകരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റിയും സമീകൃത ആഹാരത്തെ പറ്റിയും കുട്ടികളെ ബോധവത്കരിക്കാൻ വേണ്ടി ഒരു പ്രസന്റേഷനും നടത്തുകയുണ്ടായി. ഇതിനെ അടിസ്ഥാനമാക്കി നടത്തിയ ഗ്രാഫിക്കൽ ചിത്രീകരണവും കുട്ടികൾക്ക് വളരെ അധികം പ്രയോജനപ്പെട്ടു.ധുനിക കാലഘട്ടത്തിൽ ഉണ്ടാകുന്ന വിവിധ രോഗങ്ങൾ, പ്രത്യേകിച്ച് ജീവിതശൈലി രോഗങ്ങൾ തിരിച്ചറിയുന്നതിനുള്ള മാർഗമായി മുതിർന്ന വ്യക്തികളുടെ ശരീരഭാരവും ഉയരവും കണക്കാക്കി അവരുടെ ബിഎംഐ നിർണയിച്ചു. ജീവിതശൈലി രോഗങ്ങളെപ്പറ്റി കുട്ടികൾ ചർച്ച ചെയ്തു. ബോഡി മാസ് ഇൻഡക്സ് ക്രമരഹിതമായവർക്ക് ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങളെ പറ്റി ആരോഗ്യവകുപ്പുമായി സഹകരിച്ച് സ്കൂളിൽ നടത്തുന്ന ക്ലാസിലേക്ക് മുതിർന്ന പൗരന്മാരെ ക്ഷണിക്കുകയും ചെയ്തു.

# നാസ് പരീക്ഷ

നാസ് പരീക്ഷയുമായി ബന്ധപ്പെട്ട സ്ക്കൂൾ തല സെൽ രൂപീകരണം 2024 ഓഗസ്റ്റ് 9 വെള്ളിയാഴ്ച നടന്നു. എച്ച്എം ചെയർപേഴ്സണായും, അധ്യാപകർ നാസ് സ്ക്കൂൾ തല കോർഡിനേറ്റർമാരായും പ്രവർത്തിച്ചു. 9, 6 ക്ലാസുകളിലെ കുട്ടികൾക്ക് നാസ് പരിശീലനം നൽകി. 2024 ഓഗസ്റ്റ് പത്തൊൻപത് മുതൽ 6 പ്രതിവാര പരീക്ഷകളും 3 മോഡൽ പരീക്ഷകളും 9, 6 ക്ലാസുകളിലെ കുട്ടികൾക്ക് നടത്തി. പരീക്ഷകൾക്ക് ശേഷം ഉത്തരക്കടലാസ് മൂല്യനിർണയം നടത്തി ബിആർസി തലത്തിൽ അയച്ചുകൊടുത്തു. പരീക്ഷകൾക്ക് ശേഷം എസ്ആർജി കൂടി വിശകലനം നടത്തി പിന്നോക്കം നിൽക്കുന്ന മേഖലകളിൽ കൂടുതൽ പരിശീലനം നൽകി. നാസ് പരീക്ഷയുമായി ബന്ധപ്പെട്ട ഓൺലൈൻ മീറ്റിങ്ങുകളിൽ അധ്യാപകർ പങ്കെടുത്തു ആവശ്യമായ പരിശീലനം നേടി.നാസ എക്സാമിന് ഫോക്കസ്സ്കൂളായി ഇടയാറൻമുള എ എം എം ഹയർസെക്കൻഡറി സ്കൂളിന് തിരഞ്ഞെടുത്തതുകൊണ്ട് ഫൈനൽ പരീക്ഷയ്ക്ക് മുന്നോടിയായി പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ചു. ദിവസവും മോഡൽ പരീക്ഷകൾ നടത്തി വിലയിരുത്തൽ നടത്തി. ബിആർസി പരിശീലകരായ ശ്രീമതി സിത്താര, ശ്രീമതി വിജയലക്ഷ്മി എന്നിവർ നേതൃത്വവും പിന്തുണയും നൽകി. 2024 ഡിസംബർ മൂന്നിന് തിരുവല്ല വിദ്യാഭ്യാസ ഓഫീസർ ബഹുമാനപ്പെട്ട ഷൈനി മാഡം നാസ് പരീക്ഷയുടെ മുന്നൊരുക്കങ്ങൾ പരിശോധിക്കാനായി സ്കൂൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. 2024 ഡിസംബർ 4 ബുധനാഴ്ച നാസ് ഫൈനൽ പരീക്ഷ നടന്നു. 9A ക്ലാസിൽ നിന്ന് 30 കുട്ടികളെ പരീക്ഷയ്ക്ക് തിരഞ്ഞെടുത്തു. പരീക്ഷ ഭംഗിയായി നടന്നു. ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിങ്ങിലെ ഫാക്കൽറ്റിയായ ഡോ. ഷീജ, തിരുവല്ല എ.ഇ.ഒ മിനി മാഡം എന്നിവർ പരീക്ഷ നടത്തിപ്പ് പരിശോധിക്കാൻ എത്തി.



# ക്രിസ്തുമസ് ആഘോഷം

ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ 2024 ഡിസംബർ 9 ന് ജിംഗിൾ ബെൽസ് എന്ന പേരിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങൾ ഗായക സംഘത്തിന്റെയും, അധ്യാപകരുടെയും പ്രൊസഷനോടെ ആരംഭിച്ചു. സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് എല്ലാവരെയും സ്വാഗതം ചെയ്തു. സ്കൂൾ മാനേജർ

റവറന്റ് ഡോക്ടർ റ്റി. റ്റി. സഖറിയ അദ്ധ്യക്ഷ പ്രസംഗം നിർവഹിച്ചു. ഷാർലറ്റ് ജോബി വർഗീസ്, ഹന്ന ആഗ്നസ് റെനി എന്നിവർ വേദഭാഗങ്ങൾ വായിച്ചു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ അനുഷ്ഠാന കലാരൂപങ്ങളിലെ പ്രധാനപ്പെട്ട നൃത്തരൂപമായ മാർഗംകളി, ഈ വർഷത്തെ ക്രിസ്മസ് ആഘോഷങ്ങളിൽ ഒരു പ്രത്യേക ആകർഷണമായിരുന്നു.മുഖ്യ അതിഥിയായിരുന്ന സ്കൂൾ പൂർവ്വ വിദ്യാർത്ഥി റവറന്റ് ഫാദർ റെൻസി തോമസ് ഒരു രസകരമായ ഗെയിമിലൂടെ ക്രിസ്മസിന്റെ സന്ദേശം പകർന്നു നൽകി. സ്കൂൾ ഗായകസംഘം ശ്രുതിമധുരമായ ഗാനങ്ങൾ ആലപിച്ചു. ക്രിസ്മസിനോട് ബന്ധപ്പെട്ട നിശ്ചലചിത്രം കുട്ടികൾ അവതരിപ്പിച്ചു. ഉണ്ണിയേശു, ജോസഫ്, മറിയ, ആട്ടിടയന്മാർ, വിദ്വാന്മാർ, മാലാഖമാർ എന്നീ കഥാപാത്രങ്ങളെ കുട്ടികൾ അനായാസം അവതരിപ്പിച്ചു. അധ്യാപികമാർ ദൈവം പിറക്കുന്നു, സൈലന്റ് നൈറ്റ് ഹോളി നൈറ്റ് തുടങ്ങിയ ക്രിസ്മസ് ഗാനങ്ങൾ ആലപിച്ചു. സ്കൂൾ പ്രഥമാദ്ധ്യാപിക ശ്രീമതി. അനില സാമുവേൽ എല്ലാവർക്കും നന്ദി അറിയിച്ചു.തുടർന്ന് ഡ്രംസിന്റെ അകമ്പടിയോടെ സാന്താക്ലോസുമാർ എത്തിയതോടെ ആഘോഷത്തിന് ഒരു പുത്തൻ ഉണർവ് ലഭിച്ചു. കൊച്ചു സാന്താക്ലോസുമാർ എല്ലാവരെയും ആഹ്ലാദിപ്പിച്ചു. കുട്ടികൾ ഒരുക്കിയ ക്രിസ്മസ് മരവും നക്ഷത്ര വിളക്കുകളും വേദിയെ അലങ്കരിച്ചു. വിവിധ വർണ്ണത്തിലുള്ള ലൈറ്റുകൾ കൊണ്ട് കുട്ടികൾ വേദിയെ അലങ്കരിച്ചിരുന്നു. എല്ലാവർക്കും ക്രിസ്മസ് കേക്ക് ഒരുക്കിയിരുന്നു. മാതാപിതാക്കളും പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു. ജെബി തോമസ്, സുനു മേരി സാമുവൽ എന്നിവർ കോമ്പയറിങ് നിർവഹിച്ചു. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഡോക്യുമെന്റേഷൻ നിർവഹിച്ചു.



# റിപ്പബ്ലിക് ദിനാഘോഷം

76-ാമത് റിപ്പബ്ലിക് ദിനാഘോഷം ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ വിപുലമായി നടന്നു. എൻ.സി.സി. കേഡറ്റുകളുടെ നേതൃത്വത്തിലായിരുന്നു പരിപാടികൾ. രാവിലെ നടന്ന പരേഡ് പ്രിൻസിപ്പൽ ലാലി ജോൺ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. ഈ ദിനം രാജ്യത്തിന്റെ ഭരണഘടന നിലവിൽ വന്നതിന്റെ ഓർമ്മപ്പെടുത്തലാണ്. ഓരോ വിദ്യാർത്ഥിയും നാളത്തെ പൗരന്മാരാണെന്നും, രാജ്യത്തിന്റെ സുരക്ഷയ്ക്കായി അവർ വഹിക്കേണ്ട ഉത്തരവാദിത്തങ്ങളെക്കുറിച്ചും സിബി മത്തായി, ടീന തുടങ്ങിയ അദ്ധ്യാപകർ വിദ്യാർത്ഥികളെ ബോധവത്കരിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ രാജ്യസ്നേഹം നിറഞ്ഞ വികാരങ്ങളുമായി പിരിഞ്ഞു.

# പ്രാദേശിക ഗ്രന്ഥശാല ഡിജിറ്റലൈസേഷൻ

പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ എം എം ഹയർസെക്കൻഡറി സ്കൂളിലെ 2023-26 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ പ്രാദേശിക ലൈബ്രറിയായ കൈരളി ഗ്രന്ഥശാലയുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.രജിസ്റ്ററുകളിൽ മാത്രം എഴുതി സൂക്ഷിച്ചിരുന്ന ലൈബ്രറി പുസ്തകങ്ങളുടെ വിവരങ്ങളും ലൈബ്രറിയിൽ അംഗത്വം ഉള്ളവരുടെ വിവരങ്ങളും സമാഹരിച്ച് യഥോചിതം തരംതിരിച്ച് കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കുകയും സിഡിയിൽ പകർത്തി ലൈബ്രറി അധികൃതർക്ക് കൈമാറുകയും ചെയ്തു. കൈരളി ഗ്രന്ഥശാലയുടെ പ്രസിഡന്റ് ശ്രീമതി രാജി മഹേന്ദ്രൻ, ലൈബ്രേറിയൻ ശ്രീമതി. സുഷമ. ബി, കമ്മിറ്റി അംഗം ശ്രീമതി. ഡെയ്സി മാത്യു, ശ്രീമതി. അനിത പി. ബി. കൈറ്റ് മാസ്റ്റർ ജെബി തോമസ് എന്നിവർ പ്രസംഗിച്ചു ലൈബ്രറി ചുമതലക്കാർ കുട്ടികൾക്ക് നന്ദി പറയുകയും സ്കൂളിനെ ആദരിക്കുകയും ചെയ്തു. കൈറ്റ് മിസ്ട്രെസ്സ് ആശ പി മാത്യു ലൈബ്രറി ചുമതലക്കാർ നൽകിയ ഉപഹാരം സ്വീകരിച്ചു.

# ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ യോഗം

2023-26 ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഒരു മീറ്റിംഗ് 2024 ഡിസംബർ 4-ാം തീയതി രാവിലെ 9 മണിക്ക് ഐടി ലാബിൽ ചേർന്നു. ഈ മീറ്റിംഗിൽ, കൈറ്റ് മാസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ, വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികൾ ശേഖരിച്ച്, സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റൽ രൂപത്തിലാക്കുന്നതിന്റെ പ്രാധാന്യം ചർച്ച ചെയ്തു. മാഗസിൻ ജനുവരി മാസം പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞു.വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും സർഗാത്മക സൃഷ്ടികളായ കഥകൾ, കവിതകൾ, ലേഖനങ്ങൾ, കാർട്ടൂണുകൾ, ചിത്രങ്ങൾ തുടങ്ങിയവ ഈ ഡിജിറ്റൽ മാഗസിനിൽ ഉൾപ്പെടുത്തും. സ്റ്റുഡന്റ് എഡിറ്ററായി അലീഷാ സുനിലിനെ തെരഞ്ഞെടുത്തു. കൂടാതെ, 10 അംഗങ്ങളുള്ള ഒരു എഡിറ്റോറിയൽ ബോർഡും രൂപീകരിച്ചു.



# സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും

ഇടയാറന്മുള എ എം എം ഹയർസെക്കൻഡറി സ്കൂളിന്റെ 105 മത് സ്കൂൾ വാർഷികവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവും 2024 ജനുവരി 17 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സ്കൂൾ മാനേജർ റവ. ഫാ. ഡോ. റ്റി. റ്റി. സക്കറിയയുടെ അധ്യക്ഷതയിൽ നടന്നു. സ്കൂൾ ഗായകസംഘത്തിന്റെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച യോഗത്തിൽ സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ സ്വാഗതപ്രസംഗം നിർവ്വഹിച്ചു.2024-25 അധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് അവതരിപ്പിച്ചു. സ്കൂൾ മാനേജർ റവ. ഫാ. ഡോ. റ്റി. റ്റി. സഖറിയ അദ്ധ്യക്ഷ പ്രസംഗം നടത്തി. മലങ്കര മാർത്തോമ സുറിയാനി സഭയുടെ ബിഷപ്പും വിദ്യാഭ്യാസ വിചക്ഷണനുമായ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ നിലവിളക്ക് കൊളുത്തി സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീജ റ്റി. റ്റോജി, പിറ്റിഎ പ്രസിഡന്റ് ഡോ. സൈമൺ ജോർജ്, പൂർവ്വ അദ്ധ്യാപക പ്രതിനിധി റവ. ഫാ. ജോൺ വർഗീസ്, പൂർവ്വ വിദ്യാർത്ഥി പ്രതിനിധി റവ. ഫാ. സുനു ബേബി കോശി, സ്കൂൾ ഗവേണിംഗ് ബോർഡ് സെക്രട്ടറി റോണി എം. എബ്രഹാം, അധ്യാപക പ്രതിനിധി സിബി മത്തായി, സ്കൂൾ പാർലമെന്റ് ചെയർമാൻ മാസ്റ്റർ ആഷിക് എസ്. കുറിയിടത്ത്, വിദ്യാർത്ഥി പ്രതിനിധി കുമാരി. ഹന്ന മറിയം മത്തായി എന്നിവർ ആശംസകൾ നേർന്നു.കുട്ടികൾ ആലപിച്ച മനോഹരമായ ഗാനങ്ങൾ ചടങ്ങിനെ മനോഹരമാക്കി. അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ വിരമിക്കുന്ന അധ്യാപകരുടെ ഛായചിത്രങ്ങൾ അനാച്ഛാദനം ചെയ്തു. സ്കൂൾ, മാനേജ്മെന്റ്, പിടിഎ എന്നിവർ പാരിതോഷികങ്ങൾ സമ്മാനിച്ചു. തുടർന്ന് വിരമിക്കുന്ന അധ്യാപകരായ ലാലി ജോൺ, റീനി എബ്രഹാം എന്നിവർ മറുപടി പ്രസംഗങ്ങൾ നടത്തി. സീനിയർ അധ്യാപിക സുനു മേരി സാമുവൽ കൃതജ്ഞത പറഞ്ഞു. ദേശീയ ഗാന ആലാപനത്തോടെ യോഗം അവസാനിച്ചു.



# എക്സ്പോ 2025

പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നേതൃത്വം നൽകിയ ടെക് ഫെസ്റ്റ്, എക്സ്പോ 2025 എന്ന പരിപാടി 2025 ജനുവരി 8-ന് സ്കൂളിലെ ഐടി ലാബിൽ വിപുലമായി നടന്നു. വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും എക്സ്പോയിൽ പങ്കെടുത്തു. അവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. പിടിഎയുടെ സജീവ പങ്കാളിത്തവും എക്സ്പോയുടെ വിജയത്തിന് സഹായകമായി. എക്സ്പോയിൽ പ്രഥമ അദ്ധ്യാപിക അനില സാമുവേൽ, സ്റ്റാഫ് സെക്രട്ടറി ജെബി തോമസ്, ഹയർ സെക്കൻഡറി ഊർജ്ജ തന്ത്ര അദ്ധ്യാപകൻ സിബി മത്തായി, സീനിയർ അദ്ധ്യാപിക സുനു മേരി സാമുവേൽ, കൈറ്റ് മാസ്റ്റേഴ്സായ ആശ പി മാത്യു, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ ആശംസ അറിയിച്ചു.എക്സ്പോയിൽ, കൈറ്റ്സ് വിദ്യാർത്ഥികൾ അനിമേഷൻ മേഖലയിലൂടെ പരിസ്ഥിതി സംരക്ഷണം, ലഹരി വിരുദ്ധ ബോധവൽക്കരണം, സൈബർ സുരക്ഷ, റോഡ് സുരക്ഷ, വനനശീകരണം തടയൽ, മാലിന്യ സംസ്കരണം എന്നീ പ്രധാന വിഷയങ്ങളിൽ ബോധവൽക്കരണം നടത്തി. ഇതിനായി അവർ ടൂപി ട്യൂബ് ഡെസ്ക്, ഓപ്പൺ ടൂൺസ്, ബ്ലെൻഡർ തുടങ്ങിയ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചു.സ്ക്രാച്ച് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിവിധ ബോധവൽക്കരണ ഗെയിമുകളും തയ്യാറാക്കിയിരുന്നു.റോബോട്ടിക്സ് വിഭാഗത്തിൽ, മൊബൈൽ ആപ്പ് ഉപയോഗിച്ച് നിയന്ത്രിക്കുന്ന ഒബ്സ്റ്റക്കിൾ അവോയ്ഡൻസ് റോബോട്ട്, ആർഡ്വിനോ ഉപയോഗിച്ചുള്ള ഫയർ സെൻസർ, മൊബൈൽ ആപ്പ് ഉപയോഗിച്ച് നിയന്ത്രിക്കുന്ന ഹോം ആപ്ലിക്കേഷൻ കൺട്രോൾ,ആർഡ്വിനോ ഉപയോഗിച്ചുള്ള ഹാൻഡ് സെൻസിംഗ് ക്യാമറ, സെൽഫ് പ്ലാന്റ് വാട്ടറിംഗ് സിസ്റ്റം തുടങ്ങിയവ പ്രദർശിപ്പിച്ചു. ഇവയെല്ലാം കാണികളെ ഏറെ ആകർഷിച്ചു.സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മാഗസിൻ നിർമ്മിക്കുന്നത് കുട്ടികളെ ആകർഷിച്ചു.പോസ്റ്ററുകളും ഡിസൈനുകളും ജിമ്പ് സോഫ്റ്റ്‌വെരിവുകൾ ഉപയോഗിച്ച് വിദ്യാർഥികൾ തയ്യാറാക്കി.സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന വെബ്സൈറ്റ് വിദ്യാർത്ഥികളിൽ കൗതുകം ഉളവാക്കി.സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പ്രതിനിധീകരിക്കുന്ന സ്കൂൾ വിക്കി പേജ് എക്സിബിഷനിൽ പ്രദർശിപ്പിച്ചു.ഹാർഡ്‌വെയർ ഉപകരണങ്ങളുടെ ഒരു പ്രദർശനം എക്സിബിഷനിൽ സംഘടിപ്പിച്ചു.ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗവും, പ്രവർത്തനവും എക്സിബിഷൻ പ്രദർശിപ്പിച്ചു.

# ഉപജില്ല ക്യാമ്പ്



പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നേതൃത്വം നൽകിയ ടെക് ഫെസ്റ്റ്, എക്സ്പോ 2025 എന്ന പരിപാടി 2025 ജനുവരി 8-ന് സ്കൂളിലെ ഐടി ലാബിൽ വിപുലമായി നടന്നു. വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും എക്സ്പോയിൽ പങ്കെടുത്തു. അവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. പിടിഎയുടെ സജീവ പങ്കാളിത്തവും എക്സ്പോയുടെ വിജയത്തിന് സഹായകമായി. എക്സ്പോയിൽ പ്രഥമ അദ്ധ്യാപിക അനില സാമുവേൽ, സ്റ്റാഫ് സെക്രട്ടറി ജെബി തോമസ്, ഹയർ സെക്കൻഡറി ഊർജ്ജ തന്ത്ര അദ്ധ്യാപകൻ സിബി മത്തായി, സീനിയർ അദ്ധ്യാപിക സുനു മേരി സാമുവേൽ, കൈറ്റ് മാസ്റ്റേഴ്സായ ആശ പി മാത്യു, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ ആശംസ അറിയിച്ചു.എക്സ്പോയിൽ, കൈറ്റ്സ് വിദ്യാർത്ഥികൾ അനിമേഷൻ മേഖലയിലൂടെ പരിസ്ഥിതി സംരക്ഷണം, ലഹരി വിരുദ്ധ ബോധവൽക്കരണം, സൈബർ സുരക്ഷ, റോഡ് സുരക്ഷ, വനനശീകരണം തടയൽ, മാലിന്യ സംസ്കരണം എന്നീ പ്രധാന വിഷയങ്ങളിൽ ബോധവൽക്കരണം നടത്തി. ഇതിനായി അവർ ടുപി ട്യൂബ് ഡെസ്ക്, ഓപ്പൺ ടൂൺസ്, ബ്ലെൻഡർ തുടങ്ങിയ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചു.സ്ക്രാച്ച് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വിവിധ ബോധവൽക്കരണ ഗെയിമുകളും തയ്യാറാക്കിയിരുന്നു.റോബോട്ടിക്സ് വിഭാഗത്തിൽ, മൊബൈൽ ആപ്പ് ഉപയോഗിച്ച് നിയന്ത്രിക്കുന്ന ഒബ്സ്റ്റക്കിൾ അവോയ്ഡൻസ് റോബോട്ട്, ആർഡ്വിനോ ഉപയോഗിച്ചുള്ള ഫയർ സെൻസർ, മൊബൈൽ ആപ്പ് ഉപയോഗിച്ച് നിയന്ത്രിക്കുന്ന ഹോം ആപ്ലിക്കേഷൻ കൺട്രോൾ,ആർഡ്വിനോ ഉപയോഗിച്ചുള്ള ഹാൻഡ് സെൻസിംഗ് ക്യാമറ, സെൽഫ് പ്ലാന്റ് വാട്ടറിംഗ് സിസ്റ്റം തുടങ്ങിയവ പ്രദർശിപ്പിച്ചു. ഇവയെല്ലാം കാണികളെ ഏറെ ആകർഷിച്ചു.സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മാഗസിൻ നിർമ്മിക്കുന്നത് കുട്ടികളെ ആകർഷിച്ചു.പോസ്റ്ററുകളും ഡിസൈനുകളും ജിമ്പ് സോഫ്റ്റ്‌വെറിവുകൾ ഉപയോഗിച്ച് വിദ്യാർഥികൾ തയ്യാറാക്കി.സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന വെബ്സൈറ്റ് വിദ്യാർത്ഥികളിൽ കൗതുകം ഉളവാക്കി.സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പ്രതിനിധീകരിക്കുന്ന സ്കൂൾ വിക്കി പേജ് എക്സിബിഷനിൽ പ്രദർശിപ്പിച്ചു.ഹാർഡ്‌വെയർ ഉപകരണങ്ങളുടെ ഒരു പ്രദർശനം എക്സിബിഷനിൽ സംഘടിപ്പിച്ചു.ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗവും,



# ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലനം

പത്തനംതിട്ട ജില്ലയിലെ സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഐടി പരിശീലനം നൽകുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിക്ക് പുതിയ അദ്ധ്യായം. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം പത്തനംതിട്ട കൈറ്റ് നടപ്പാക്കുന്ന ഈ പദ്ധതിയിൽ, പ്രോഗ്രാമിംഗ്, അനിമേഷൻ, ഗ്രാഫിക്സ് ഡിസൈൻ തുടങ്ങിയ വിവിധ ഐടി പരിപാടികളിലൂടെ പ്രായോഗിക പരിശീലനം നൽകി, സി എസ് ഐ, വി എച്ച് എസ് എസ് ഡെഫ് സ്കൂൾ തിരുവല്ല സ്കൂളിലെ ഭിന്നശേഷി വിദ്യാർത്ഥികളെ സഹായിക്കുന്ന പദ്ധതിക്ക് 2025 ജനുവരി 24ന് തുടക്കമായി. കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രവർത്തനം, അവരിൽ സമൂഹത്തിൽ സേവനം ചെയ്യാനുള്ള അവസരം ലഭിക്കുകയും സാമൂഹിക ബോധം വളർത്തുകയും ചെയ്യുന്നു.സ്മാർട്ട് ഹോം സാങ്കേതികവിദ്യയിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, മൊബൈൽ ഫോൺ ഉപയോഗിച്ച് വീട്ടിലെ ഉപകരണങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുന്നു.ഭിന്നശേഷി വിദ്യാർത്ഥികളുടെ ആശയവിനിമയ കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായിക്കുന്ന ഈ പദ്ധതിയിൽ, ചിത്രങ്ങളും വാക്കുകളും ഉപയോഗിച്ച് സൈൻ ഭാഷ പഠിക്കാനുള്ള രസകരമായ മാർഗം ഒരുക്കുന്നു.റോബോട്ടിക്സിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, തടസ്സങ്ങളെ മറികടന്ന് സഞ്ചരിക്കാൻ കഴിയുന്ന റോബോട്ടുകൾ നിർമ്മിക്കുന്നു.സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവ് നൽകുന്ന ഈ പദ്ധതിയിൽ, ലേസർ സെൻസറുകൾ ഉപയോഗിച്ച് സുരക്ഷാ സംവിധാനങ്ങൾ നിർമ്മിക്കുന്നു.ത്രീഡി മോഡലിംഗിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, 3D സിറ്റികൾ നിർമ്മിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നു.അനിമേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ഈ പദ്ധതിയിൽ, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നു.ഇന്റർനെറ്റ് സുരക്ഷയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്ന ഈ പദ്ധതിയിൽ, സൈബർ അക്രമങ്ങളിൽ നിന്ന് സ്വയം സംരക്ഷിക്കാനുള്ള മാർഗങ്ങൾ പഠിപ്പിക്കുന്നു.ഗ്രാഫിക്സ് ഡിസൈനിലേക്ക് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന ഈ പദ്ധതിയിൽ, ചിത്രങ്ങൾ എഡിറ്റ് ചെയ്യുന്നതിനും പുതിയ ചിത്രങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കുന്നു.ഈ പദ്ധതിയിലൂടെ, ഭിന്നശേഷി വിദ്യാർത്ഥികളിൽ സാങ്കേതിക വിദ്യയോടുള്ള താത്പര്യം വളർത്തിയെടുക്കുകയും, അവരുടെ സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.



# പാൽ പുഞ്ചിരി

ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെ ഭാഗമായി, 2024 നവംബർ 7ന്, ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പാൽ പുഞ്ചിരി എന്ന ദന്തസംരക്ഷണ പരിപാടി സംഘടിപ്പിച്ചു. കുട്ടികളിൽ ദന്തസംരക്ഷണ ബോധവൽക്കരണം നടത്തുകയായിരുന്നു പരിപാടിയുടെ ലക്ഷ്യം. ഐ.ഡി.എ ബ്രാഞ്ചുകൾ വിവിധ സ്കൂളുകളിൽ സംഘടിപ്പിച്ച ഈ പരിപാടിയിലൂടെ വിദ്യാർത്ഥികളിലും അധ്യാപകരിലും ദന്തസംരക്ഷണത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു.പരിപാടിയുടെ ഭാഗമായി, വിദ്യാർത്ഥികൾക്ക് ശരിയായ പല്ല് തേക്കുന്ന രീതി പരിശീലിപ്പിച്ചു. സമീപത്തെ എൽപി സ്കൂളിലെ വിദ്യാർത്ഥികളും ഈ പരിപാടിയിൽ സജീവമായി പങ്കെടുത്തു. എല്ലാ വിദ്യാർത്ഥികൾക്കും ടൂത്ത് പേസ്റ്റും, ബ്രഷും വിതരണം ചെയ്തു. കുട്ടികളുടെ പല്ലുകൾ അവരുടെ ആജീവനാന്ത സ്വത്താണെന്നുംഅവയെ നന്നായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിച്ചു. സ്കൂൾ മാനേജർ ഡോ. ടി.ടി. സഖറിയ അധ്യക്ഷത വഹിച്ച പരിപാടിയിൽ ഡോ. സൈമൺ ജോർജ്, ഡോ. സുനിൽ റോയി കോശി, ഡോ. വിനീത ജോർജ്, ഡോ. എലിസബത്ത് എം. ജോസഫ്, ഡോ. ആകാശ് നായർ എന്നിവർ പങ്കെടുത്തു.ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ദന്തസംരക്ഷണത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി അസംബ്ലിയിൽ പ്രദർശിപ്പിച്ചു.



# സീസൺ വാച്ച് പദ്ധതിക്ക് തുടക്കം

ഇടയറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ സീഡ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന സീസൺ വാച്ച് പദ്ധതിയിൽ, സീസൺ വാച്ചിലെ മരങ്ങളെ നിരീക്ഷിക്കുക എന്ന വിഷയത്തിൽ പ്രോജക്ട് മാനേജർ മുഹമ്മദ് നിസാർ ക്ലാസ്സുകൾ നയിച്ചു.സെലക്ട് ചെയ്ത വൃക്ഷത്തിന്റെ അവസ്ഥകൾ സീസൺ വാച്ച് ആപ്പിൽ എങ്ങനെ അപ്‌ലോഡ് ചെയ്യാം എന്നതിനെക്കുറിച്ച് വിശദമായി വിശദീകരിച്ചു. ഈ ക്ലാസ്സിൽ 40 കുട്ടികൾ പങ്കെടുത്തു. സീഡിന്റെ പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ അഞ്ജന ക്ലാസുകൾക്ക് നേതൃത്വം നൽകി. സ്കൂളിലെ കോർഡിനേറ്റർ റിൻസി സന്തോഷ്, സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ, ലീഡർ കൃപ തുടങ്ങിയവർ യോഗത്തിൽ പ്രസംഗിച്ചു.



## എച്ച്ഐവി ബോധവൽക്കരണ കഥാപ്രസംഗം

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ 'ഒന്നായി പൂജ്യത്തിലേക്ക്' എന്ന എച്ച്ഐവി ബോധവൽക്കരണ നാടൻ കലാജാഥ, വല്ലന ഹെൽത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടയാറൻമുള എ. എം. എം. ഹയർ സെക്കൻഡറി സ്കൂളിലെ ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ 2024 നവംബർ 6 ന് നടന്നു. തണ്ണീർമുക്കം സദാശിവൻ ആൻഡ് പാർട്ടിയുടെ 'ജീവൻ എന്റെ ജീവൻ' എന്ന കഥാപ്രസംഗം, എച്ച്ഐവിയെക്കുറിച്ചുള്ള തെറ്റിധാരണകൾ നീക്കി, രോഗത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന് സഹായിച്ചു.ജ്യോതിസ് എന്ന എച്ച്ഐവി പരിശോധന കേന്ദ്രത്തിലെ സൗജന്യ പരിശോധനകളും, ഉഷസ് എന്ന ആർട്ട് മെഡിസിൻ കേന്ദ്രത്തിലെ മാനസിക പിന്തുണയും, എ.ആർ.റ്റി (ആന്റി റിട്രോ വൈറൽ തെറാപ്പി) ചികിത്സയുടെ പ്രാധാന്യവും പരിപാടിയിൽ വിശദീകരിച്ചു. വല്ലന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജയശ്രീ ആശംസ അറിയിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ സ്വാഗതം പറഞ്ഞു, പിടിഎ പ്രസിഡന്റ് ഡോക്ടർ സൈമൺ ജോർജ് കൃതജ്ഞത അർപ്പിച്ചു.




## ശിശുദിനം

2024 നവംബർ 14 ന് ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ വിപുലമായ ആഘോഷങ്ങളോടെ ശിശുദിനം ആചരിച്ചു. ചാച്ചാജിയുടെ വേഷത്തിൽ ഒരു കൂട്ടം വിദ്യാർത്ഥികൾ അസംബ്ലിയിൽ എത്തിയത് വിദ്യാർത്ഥികളിൽ സന്തോഷം നിറച്ചു. സ്കൂൾ മാനേജർ റവ. ഡോ. ടി ടി സഖറിയ അധ്യക്ഷനായിരുന്ന അസംബ്ലിയിൽ പ്രഥമ അദ്ധ്യാപിക അനില സാമുവേൽ ഉദ്ഘാടനം നിർവഹിച്ചു. ശിശുദിന റാലി യും, വിദ്യാർത്ഥികൾ തയ്യാറാക്കിയ പ്ലേക്കാർഡുകളുടെ പ്രദർശനവും അന്നേ ദിവസം നടന്നു.



# ഇ-ഗ്രാമം

ലിറ്റിൽ കൈറ്റ്സ് അനുമോദന സമ്മേളനത്തിൽ ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷീജ ടി. ടോജി സ്കൂളിന്റെ ദീർഘകാല ഇ-ഗ്രാമം ഐടി സാക്ഷരതാ പ്രോജക്റ്റ് 2024 നവംബർ 13ന് ഉദ്ഘാടനം ചെയ്തു. ഗ്രാമീണ മേഖലകളെ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ വികസിപ്പിക്കുന്ന ഒരു പദ്ധതിയാണ് ഇ-ഗ്രാമം. ഗ്രാമീണ ജനങ്ങളെ ഡിജിറ്റൽ സാക്ഷരരാക്കുക, ഗ്രാമങ്ങളിൽ സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുക, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുക, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗ്രാമങ്ങളെ വികസിപ്പിച്ചെടുക്കുകയും, ഗ്രാമീണ ജനങ്ങളുടെ ജീവിതംസുഖകരമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. 2023-26 ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തുന്നു.



## പിയർ എഡ്യൂക്കേറ്റർ സംഗമം

വല്ലന ഹെൽത്ത് ബ്ലോക്കിലെ തിരഞ്ഞെടുത്ത 79 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള പിയർ എഡ്യൂക്കേറ്റർ സംഗമം 2024 ഡിസംബർ മൂന്നിന് പന്തളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് വല്ലന മെഡിക്കൽ ഓഫീസർ ഡോക്ടർ ശ്രീജ പി.എൻ. ഉദ്ഘാടനം ചെയ്തു.ഇതിൽ ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളും പങ്കെടുത്തത് ശ്രദ്ധേയമാണ്. എല്ലാ കുട്ടികൾക്കും വെള്ള കോട്ടും, കുട്ടിഡോക്ടർ ബാഡ്ജും വിതരണം ചെയ്തു. ഓരോ സ്കൂളിലെയും മികച്ച നാല് പിയർ എഡ്യൂക്കേറ്റർമാർക്ക് ട്രോഫി നൽകി ആദരിച്ചു. സ്പോട്ട് ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി. കുട്ടികളുടെ കലാപരിപാടികൾ പരിപാടിക്ക് മാറ്റ് കൂട്ടി. ജില്ലാ തലത്തിൽ സമ്മാനം നേടിയവരുടെ മികച്ച പ്രകടനം എല്ലാവർക്കും പ്രചോദനമായി.കൗമാരക്കാരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമായ സഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആരംഭിച്ചത്. വല്ലന ഹെൽത്ത് സൂപ്പർവൈസർ സജീവ്.എസ്, ആർ.ബി.എസ്.കെ. ജില്ലാ കോർഡിനേറ്റർ ജിഷ, പി.ആർ.ഓ. സുമിത.ജി, ഹെൽത്ത് ഇൻസ്പെക്ടർ സുധീഷ്.എസ്, വിജയകൃഷ്ണൻ, പബ്ലിക് ഹെൽത്ത് നേഴ്സ് ലിസ്സ ബീവി തുടങ്ങിയവർ സംഗമത്തിൽ പ്രസംഗിച്ചു.

## രക്തസാക്ഷി ദിനം

ജനുവരി 30 രക്തസാക്ഷി ദിനം ചരിത്രത്തെക്കുറിച്ചും, രക്തസാക്ഷികളുടെ സംഭാവനകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നു.രാജ്യത്തിനു വേണ്ടി ജീവൻ ബലി കഴിച്ച ധീരന്മാരെ സ്മരിക്കുകയും അവരുടെ ത്യാഗത്തെ ആദരിക്കുകയും ചെയ്യുക എന്നതാണ് രക്തസാക്ഷി ദിനത്തിന്റെ പ്രധാന ലക്ഷ്യം.ജനുവരി 31ന് സ്കൂൾ അസംബ്ലിയിൽ രക്തസാക്ഷി ദിനത്തിന്റെ പ്രാധാന്യത്തെ പറ്റി സ്കൂൾ മാനേജർ റവ ഡോ റ്റി റ്റി സക്കറിയ വിദ്യാർത്ഥികളോട് പ്രഭാഷണം നടത്തി. രക്തസാക്ഷികളുടെ ധീരതയും, ത്യാഗത്തെയും കുറിച്ച് വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുകയും, രാജ്യത്തിനു വേണ്ടി എന്തും ത്യജിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു.

# പഠന പിന്തുണ പ്രവർത്തനങ്ങൾ

എ എം എം ഹയർസെക്കൻഡറി സ്കൂൾ ഇടയാറന്മുള 2024-25 അധ്യയന വർഷത്തിൽ അർധവാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 5 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്കായി വിവിധ പഠന പിന്തുണ പ്രവർത്തനങ്ങൾ നടത്തി. ഇതിനായി എസ് ആർ ജി യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തു. ഡിസംബർ 30, 31 തീയതികളിൽ പരീക്ഷാ പേപ്പറുകൾ നൽകുകയും ജനുവരി 1 മുതൽ 9 വരെ വിവിധ ക്ലാസുകൾക്ക് പി ടി എ മീറ്റിംഗുകൾ നടത്തുകയും ചെയ്തു.5, 6, 7, 8 ക്ലാസുകളിലെ E ഗ്രേഡ് നേടിയ കുട്ടികൾക്ക് അതത് വിഷയ അധ്യാപകർ പ്രത്യേക പഠന സഹായം നൽകി. 9, 10 ക്ലാസുകളിലെ D, E ഗ്രേഡ് വിദ്യാർത്ഥികൾക്കായി രാവിലെ 9 മണി മുതൽ സ്പെഷ്യൽ ക്ലാസുകളും പഠന പിന്തുണ പ്രവർത്തനങ്ങളും നടത്തി. എസ് എസ് എൽ സി പരീക്ഷ എഴുതുന്ന കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകി.ജനുവരി 3 ന് പ്രഥമാധ്യാപികയുടെ നേതൃത്വത്തിൽ പഠന പിന്തുണ പ്രവർത്തനങ്ങളുടെ വിശകലന യോഗം കൂടുകയും തുടർന്ന് ജനുവരി 7 ന് എസ് ആർ ജി കൺവീനർ പുനരനുഭവ പ്രവർത്തനങ്ങളുടെ ആസൂത്രണം വിലയിരുത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി കുട്ടികളുടെ പഠനശേഷി വിലയിരുത്തി വ്യക്തിഗത പഠന പദ്ധതികൾ തയ്യാറാക്കി. മലയാളം, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങൾക്ക് മുൻഗണന നൽകി ഓഡിയോ വിഷ്വൽ സാമഗ്രികൾ, പ്രവർത്തനങ്ങൾ, ഗ്രൂപ്പ് വർക്കുകൾ എന്നിവ ഉപയോഗിച്ച് പഠനം കൂടുതൽ ആകർഷകമാക്കി. അധ്യാപകരും രക്ഷിതാക്കളും ചേർന്ന് കുട്ടികളുടെ പഠന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു. ഇടയ്ക്കിടെ പഠന പുരോഗതി വിലയിരുത്തുകയും പ്രോത്സാഹനവും പുനർവിചിന്തനവും നൽകുകയും ചെയ്തു.അർധവാർഷിക പരീക്ഷയ്ക്ക് ശേഷം കുട്ടികൾക്ക് പഠന പിന്തുണ നിർദ്ദേശങ്ങൾ നൽകുന്ന ഒരു ചോദ്യാവലി ക്ലാസ് ഗ്രൂപ്പിൽ നൽകുകയും കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതിലൂടെ കുട്ടികളുടെ പഠനശീലങ്ങൾ, പരീക്ഷാ ഭയം, തയ്യാറെടുപ്പ്, ആരോഗ്യം, കുടുംബ പശ്ചാത്തലം, താൽപര്യങ്ങൾ, പഠന സമയം, രീതി, പരിസ്ഥിതി, പഠനോപകരണങ്ങൾ എന്നിവ മനസ്സിലാക്കാൻ സാധിച്ചു.ജനുവരി 30 ന് ഓരോ വിഷയ അധ്യാപകരും പഠന പിന്തുണ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഗണിതത്തിൽ ബുദ്ധിമുട്ടുള്ളവർക്ക് അടിസ്ഥാന ആശയങ്ങൾ പഠിപ്പിച്ചു, ഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് വായന, ശ്രവണ പരിശീലനങ്ങളും ഗ്രൂപ്പ് പ്രവർത്തനങ്ങളും നൽകി, ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി ലാബ് അധിഷ്ഠിത പഠനം നടത്തി. ജനുവരി 31 ന് ക്ലാസ്റൂം തല വിലയിരുത്തലും ഫെബ്രുവരി

അധിഷ്ഠിത പഠനം നടത്തി. ജനുവരി 31 ന് ക്ലാസ്റൂം തല വിലയിരുത്തലും ഫെബ്രുവരി 5 ന് എസ് ആർ ജി തല വിലയിരുത്തലും നടന്നു.പ്രത്യേക പരിഗണന അർഹിക്കുന്ന 11 കുട്ടികൾക്കായി ക്ലാസ് ടീച്ചർമാരുടെ നിർദ്ദേശപ്രകാരം അസസ്മെന്റ് നടത്തി അവരുടെ കഴിവുകളും കുറവുകളും കണ്ടെത്തി ഗ്രോസ് മോട്ടോർ, ഫൈൻ മോട്ടോർ ആക്ടിവിറ്റികളിലും വായന, എഴുത്ത്, ലിസണിംഗ് എന്നിവയിലും പിന്തുണ നൽകി. വായനാ കാർഡുകൾ, ഫ്ലാഷ് കാർഡുകൾ തുടങ്ങിയവ ഉപയോഗിച്ചു. പെയിന്റിംഗ്, കളറിംഗ്, എണ്ണ പഠിപ്പിക്കൽ, കൂട്ടൽ, കുറയ്ക്കൽ എന്നിവയ്ക്ക് പ്രത്യേക പഠനോപകരണങ്ങൾ ഉപയോഗിച്ചു. കളികളിലൂടെ ഗണിതക്രിയകൾ പഠിപ്പിച്ചു. കഥകൾ പറഞ്ഞ് ചോദ്യോത്തരങ്ങൾ നടത്തി. മലയാളം ചിഹ്നങ്ങൾ ഉറപ്പിക്കാൻ പരിശീലനം നൽകി. ഓർമ്മശക്തി കൂട്ടാൻ മൈൻഡ് ഗെയിംസുകൾ നടത്തി.ഹിന്ദി, ഇംഗ്ലീഷ്, കണക്ക്, ബയോളജി, ഫിസിക്സ്, സാമൂഹ്യശാസ്ത്രം, കെമിസ്ട്രി, മലയാളം എന്നീ വിഷയങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും അതിനുള്ള പഠന പിന്തുണ പ്രവർത്തനങ്ങളും വിശദമായി നൽകിയിട്ടുണ്ട്. ഓരോ വിഷയത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾ, പഠനോപകരണങ്ങൾ, പ്രവർത്തനങ്ങൾ, രക്ഷിതാക്കളുമായുള്ള ആശയവിനിമയം എന്നിവ നടത്തി കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ ശ്രമിച്ചു.ജനുവരി മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ നടത്തിയ പഠന പിന്തുണ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ പഠനപരമായ ബുദ്ധിമുട്ടുകൾ തിരിച്ചറിഞ്ഞ് അവയെ മറികടക്കാൻ സഹായിച്ചു. വിഷയപരമായ വിലയിരുത്തലുകൾ നടത്തി പഠന രീതികൾ ക്രമീകരിക്കുകയും വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്തു.വിവിധ വിഷയങ്ങളിലെ പിന്തുണ പ്രവർത്തനങ്ങളിലൂടെ വായന, എഴുത്ത്, കേൾവി, ഗണിതം, ശാസ്ത്രം എന്നിവയിലുള്ള കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തി. ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ഓഡിയോ-വിഷ്വൽ സാമഗ്രികൾ, അധ്യാപക-രക്ഷിതാക്കളുടെ സഹകരണം, ഐ സി ടി ഉപയോഗം എന്നിവ പഠനം കൂടുതൽ ആകർഷകമാക്കി. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള വ്യക്തിഗത പഠന പദ്ധതികൾ അവരുടെ അടിസ്ഥാന വിദ്യാഭ്യാസം മെച്ചപ്പെടുത്തുകയും പഠന ഭയം കുറയ്ക്കുകയും ചെയ്തു.ഇടയ്ക്കിടെ നടത്തിയ മൂല്യനിർണയങ്ങളിലൂടെ കുട്ടികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി. ഈ പ്രവർത്തനങ്ങളുടെ ഫലമായി കുട്ടികളുടെ പഠനശേഷി മെച്ചപ്പെടുകയും പരീക്ഷാ ഭയം കുറയുകയും പഠനത്തിൽ താല്പര്യം വർദ്ധിക്കുകയും ചെയ്തു. ഇത് വിദ്യാർത്ഥികളുടെ അഭിമാനവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയും മികച്ച ഫലങ്ങൾ നേടാൻ സഹായിക്കുകയും ചെയ്തു.

## പഠനോത്സവം 2024 -25

ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ പഠനോത്സവം 2025 ഫെബ്രുവരി 20 ന് വ്യാഴാഴ്ച വൈകുന്നേരം മൂന്ന് മണിക്ക് സ്കൂളിൽ വെച്ച് നടന്നു. ബഹുമാനപ്പെട്ട പ്രധാനാധ്യാപിക അനിലാ സാമുവൽ അധ്യക്ഷത വഹിച്ചു. സ്റ്റാഫ് സെക്രട്ടറി ജെബി തോമസ് സ്വാഗതം ആശംസിച്ചു. പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അശ്വതി വിനോജ് പഠനോത്സവം ഉദ്ഘാടനം ചെയ്തു. സീനിയർ അധ്യാപിക സുനു മേരി സാമുവേൽ, പിടിഎ വൈസ് പ്രസിഡന്റ് അശ്വതി വിനോജ് എന്നിവർ ആശംസാ പ്രസംഗം നടത്തി. ബിന്ദു കെ ഫിലിപ്പ് നന്ദി രേഖപ്പെടുത്തി. രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യം പഠനോത്സവത്തിന് ഉണ്ടായിരുന്നു.തുടർന്ന് കുട്ടികളുടെ പഠന മികവുകൾ പ്രകടിപ്പിക്കുന്ന പരിപാടികൾ അരങ്ങേറി. യുപി വിഭാഗത്തിൽ നിന്ന് കാവ്യാലാപനം, നൃത്താവിഷ്കാരം, ഗണിത പസിൽ, സയൻസ് വർക്കിംഗ് മോഡൽ, സൗരയൂഥം എന്നിവ അവതരിപ്പിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് ഇംഗ്ലീഷ് സ്കിറ്റ്, ഹിന്ദി സ്കിറ്റ്, ഏകാങ്ക നാടകം, ഗണിത ക്വിസ്, ഹിന്ദി പ്രസംഗം, സയൻസ് സ്റ്റിൽ മോഡൽ തുടങ്ങിയവയും അവതരിപ്പിച്ചു.



## ഗ്രീൻ തമ്പ്സ്

തണ്ണിമത്തൻ കൃഷിയിലൂടെ നൂറുമേനവിളവെടുത്തു നാടിന് മാതൃകയായ ഇടയാറന്മുള കൃഷ്ണമന്ദിരത്തിൽ എൻ കെ ഉണ്ണികൃഷ്ണൻ നായരുടെ ജൈവകൃഷിത്തോട്ടം 2024 ഏപ്രിൽ 15 ന് ഇടയാറന്മുള എ.എം.എം ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2023-26 ബാച്ചിന്റെ നേതൃത്വത്തിൽ സന്ദർശിച്ചു.പമ്പാനദിയുടെ തീരത്തുള്ളതായ കൃഷിത്തോട്ടം കുട്ടികൾ നടന്നു കണ്ടു. തണ്ണിമത്തൻ കൃഷി രീതികളെപ്പറ്റി ശ്രീ. ഉണ്ണികൃഷ്ണൻ നായർ വിവരിച്ചു. ജൈവ കൃഷിയുടെ പ്രാധാന്യത്തെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. കൃഷിയുമായി ബന്ധപ്പെട്ടുള്ള കുട്ടികളുടെ നിരവധി സംശയങ്ങൾക്ക് അദ്ദേഹം നിവർത്തി വരുത്തി. പുത്തൻ തലമുറ ജൈവകൃഷി രീതികളെ കുറിച്ച് ബോധവാന്മാരായി. ലിറ്റിൽ കൈറ്റ്സ് 2023-26 ബാച്ചിലെ കുട്ടികൾ ഈ പ്രവർത്തനങ്ങൾ ഡോക്യൂമെന്റ് ചെയ്തു.

# ജൂനിയർ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഉദ്ഘാടനം

ഇടയാറന്മുള എ.എം.എം. ഹയർ സെക്കന്ററി സ്കൂളിൽ ജൂനിയർ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഉദ്ഘാടന ചടങ്ങ് 2025 ഫെബ്രുവരി 21-ന് സ്കൂൾ ഐ.ടി. ലാബിൽ ഉജ്ജ്വലമായി നടന്നു. വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യയുടെ അടിസ്ഥാനങ്ങളിലെത്താനും, പുതിയ പഠനാനുഭവങ്ങൾ കൈവരിക്കാനുമുള്ള വാതായനമായ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആദ്യ സമ്മേളനം സജീവ പങ്കാളിത്തത്തോടെ നടന്നു.പരിപാടിക്ക് ആമുഖം നൽകികൊണ്ട് എബിൻ ജിയോ മാത്യു നൽകിയ ഹൃദ്യമായ സ്വാഗതത്തോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന്, സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ ക്ലബ്ബിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.സീനിയർ അധ്യാപിക സുനു മേരി സാമുവൽ, സുജ ജേക്കബ്, സൂസൻ ബേബി എന്നിവർ ആശംസകളർപ്പിച്ചു.ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനരീതികൾ, വിദ്യാർത്ഥികൾക്ക് ലഭ്യമായ പ്രയോജനങ്ങൾ എന്നിവയെക്കുറിച്ച് കൈറ്റ്സ് മിസ്ട്രസ് ലക്ഷ്മി പ്രകാശ് വിശദീകരിച്ചു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഭാഗമാകുന്നതിലൂടെ ലഭിച്ച അനുഭവങ്ങൾ വിശദീകരിച്ച് അഖിൽ പി. സന്തോഷ് തന്റെ അനുഭവങ്ങൾ പങ്കുവച്ചു. ഈ ക്ലബ്ബിൽ അംഗത്വം നേടുന്നതിലൂടെ ലഭിക്കുന്ന ഗുണങ്ങളും സാധ്യതകളും വിശദമായി പ്രതിപാദിച്ച അഖിൽ, കുട്ടികളിൽ താല്പര്യം വർദ്ധിപ്പിക്കുകയും കൂടുതൽ വിദ്യാർത്ഥികളെ ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമാകാൻ പ്രചോദിപ്പിക്കുകയും ചെയ്തു. 5, 6, 7 ക്ലാസുകളിലെ ജൂനിയർ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾ ഈ ചടങ്ങിൽ പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് പുതിയ അറിവുകളും അനുഭവങ്ങളും കൈമാറാൻ ഈ സമ്മേളനം വലിയൊരു അവസരമായി മാറി. ചടങ്ങിന്റെ അന്തിമഘട്ടത്തിൽ റോഷിൻ ആനി ജോയി നന്ദിപ്രഖ്യാപനം നടത്തി. സാങ്കേതികവിദ്യയിലൂടെ വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കാനുള്ള ഒരു വലിയ സംരംഭമാണ് ജൂനിയർ ലിറ്റിൽ കൈറ്റ്സ്.

## ദേശീയ ആയുർവേദ ദിനാചരണം

ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ഒക്ടോബർ 29 ന് ഒമ്പതാം ദേശീയ ആയുർവേദ ദിനാചരണം സ്കൂൾ ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആഘോഷമായി നടന്നു. പരിപാടിക്ക് തുടക്കം കുറിച്ച് ശ്രീമതി അനില സാമുവൽ സ്വാഗതം ആശംസിച്ചു. നീർവിളാകം ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഡോക്ടർ സംഗീത കുട്ടികൾക്ക് ആയുർവേദത്തെക്കുറിച്ച് വിശദമായ ക്ലാസുകൾ നയിച്ചു. യോഗാചാര്യൻ ശ്രീ. വിജയമോഹൻ പരിപാടിയിൽ ആശംസകൾ അറിയിച്ചു. കുട്ടികൾ തങ്ങളുടെ സംശയങ്ങൾ ചോദിച്ച് മനസ്സിലാക്കുകയും ചെയ്തു. ഹെൽത്ത് ക്ലബ്ബ് കൺവീനർ ശ്രീമതി സൂസൻ ബേബി നന്ദി അറിയിച്ചു.
ആയുർവേദത്തെ ജനജീവിതത്തിന്റെ ഭാഗമാക്കുക എന്നതാണ്.
ആയുർവേദത്തിലെ ആഹാരക്രമം, യോഗ, പ്രാണായാമം തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരിച്ച് ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക, രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കാൻ ആയുർവേദത്തിന്റെ പ്രാധാന്യം എടുത്തുപറയുക, ഔഷധസസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി അവയുടെ സംരക്ഷണത്തിനും പ്രചാരണത്തിനും പ്രേരിപ്പിക്കുക, കുട്ടികളെ ആയുർവേദത്തിന്റെ പ്രാധാന്യം മനസ്സിലാക്കി, ആരോഗ്യകരമായ ജീവിതശൈലി സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ദേശീയ ആയുർവേദ ദിനാചരണത്തിന്റെ ലക്ഷ്യം.

## കൗമാര ബോധവൽക്കരണ ക്ലാസ്

ഇടയാറൻമുള എ എം എം എം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്കായി ഹെൽത്ത് ക്ലബ്ബിന്റെയും ടീൻസ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കോഴഞ്ചേരിയിലെ അഡോളസെന്റ് കൗൺസിലർ പ്രിയേഷ് ഗോപിനാഥ് 2024 നവംബർ 29 ന് ബോധവൽക്കരണ ക്ലാസ് നടത്തി. കൗമാരക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക, സ്വയം പര്യാപ്തരായ വ്യക്തികളായി മാറാൻ സഹായിക്കുക, സമൂഹത്തിൽ ഉത്തരവാദിത്വത്തോടെ ജീവിക്കാൻ പ്രാപ്തരാക്കുക, മികച്ച തീരുമാനങ്ങൾ എടുക്കാൻ പ്രോത്സാഹിപ്പിക്കുക, ഭാവിയിലെ വെല്ലുവിളികളെ നേരിടാൻ തയ്യാറാക്കുക എന്നിവയായിരുന്നു ഈ അഡോളസെന്റ് ട്രെയിനിങ്ങിന്റെ പ്രധാന ലക്ഷ്യങ്ങൾ. ക്ലാസിൽ, ശരീരത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ, ഹോർമോണുകളുടെ സ്വാധീനം, ശാരീരികാരോഗ്യം, പോഷകാഹാരം, ശുചിത്വം, മാനസികാവസ്ഥയിലെ ഏറ്റക്കുറച്ചിലുകൾ, ആശയക്കുഴപ്പം, സമ്മർദ്ദം, വിഷാദം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകി. കൂടാതെ, സുഹൃത്തുക്കളുമായുള്ള ബന്ധം, കുടുംബവുമായുള്ള ബന്ധം, പൊതുസമൂഹവുമായുള്ള ഇടപഴകൽ എന്നിവയെക്കുറിച്ചും ചർച്ച ചെയ്തു. ക്ലാസിന് സ്വാഗതം ആശാ പി മാത്യുവും, നന്ദി സൂസൻ ബേബിയും

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിന്റെ ഭാഗമായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2024-25 അക്കാദമിക് വർഷത്തിൽ നടപ്പിലാക്കുവാൻ തീരുമാനിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി എട്ടാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ സബ്ജക്ട് മിനിമം എന്ന മാനദണ്ഡം ഈ വർഷം മുതൽ പ്രാബല്യത്തിൽ കൊണ്ടുവന്നു. ഒരു അധ്യയന വർഷത്തിനുള്ളിൽ ആവശ്യമായ പഠനലക്ഷ്യങ്ങൾ നേടാനാവാത്തതും, പരീക്ഷയിൽ 30 ശതമാനത്തിലധികം മാർക്ക് നേടാനാവാത്തതു കാരണം, അത്തരത്തിൽ ഗ്രേഡ് D (30-39 മാർക്ക്) നേടാത്ത വിദ്യാർത്ഥികളെ അടുത്ത ക്ലാസിലേക്ക് മുൻകൂട്ടിയുള്ള പ്രവേശനം അനുവദിക്കരുതെന്ന് നിർദേശിച്ചിരുന്നു.ഇതിന് അനുബന്ധമായി, ഇടയാറന്മുള എ എം എം ഹയർ സെക്കന്ററി സ്കൂളിൽ 2025 ഏപ്രിൽ 7 മുതൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9:30 മുതൽ 12:00 വരെ കൃത്യമായ ടൈംടേബിൾ പ്രകാരം അധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. പഠന പിന്തുണയ്ക്കായി ആവശ്യമായ വിഷയങ്ങളിൽ പ്രത്യേക ക്ലാസുകൾ എടുക്കുന്നതിനായി വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ പങ്കെടുപ്പിച്ചുള്ള പി.ടി.എ മീറ്റിംഗ് സ്കൂളിൽ വിളിച്ചു ചേർന്നു. ഈ മീറ്റിംഗിൽ ക്ലാസുകളിലെ കുട്ടികളുടെ മാർക്ക് വിവരങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി, കൂടുതൽ പഠന പിന്തുണ ആവശ്യമായ കുട്ടികളെ തിരഞ്ഞെടുത്തു.ക്ലാസുകൾക്കായി ഓരോ ദിവസവും വിധേയമായ ടൈംടേബിൾ തയ്യാറാക്കി, വിവിധ വിഷയങ്ങളിലായി അധ്യാപകരെ ചുമതലപ്പെടുത്തി. കുട്ടികളുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തി. ക്ലാസുകളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും രക്ഷിതാക്കളെ വാട്സ്ആപ്പ് ഗ്രൂപ്പുകൾ മുഖേന അറിയിച്ചു. ഓരോ ദിവസവും ഹെഡ്മിസ്ട്രസ്സ് അനില സാമുവലിന്റെ നേതൃത്വത്തിൽ ക്ലാസുകളുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.അധ്യാപികയായ സയന വർഗീസ് പഠന പിന്തുണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.ഈ സംരംഭത്തിലൂടെ വിദ്യാർത്ഥികൾക്ക് ലളിതമായ രീതിയിൽ അവരുടെ ഒഴിവായ പഠനക്ഷമതകൾ കണ്ടെത്താനും മെച്ചപ്പെടുത്താനുമുള്ള അവസരമൊരുക്കി. ഇതുവഴി അവരുടെ പഠനമെന്നതിന്റെ ഗുണമേന്മയും ആത്മവിശ്വാസവും വർധിപ്പിക്കാനായി ഇടയാറന്മുള എ.എം.എം. ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമത്തിലൂടെ ഈ പദ്ധതി വിജയകരമായി നടപ്പാക്കി.സ്കൂളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി സംസ്ഥാന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ചുമതലയുള്ള ജോയിന്റ് ഡയറക്ടർ ശ്രീകല ടീച്ചർ ഏപ്രിൽ എട്ടാം തീയതി സ്കൂളിൽ എത്തി. കുട്ടികളുടെ ഉത്തരക്കടലാസുകൾ, മാർക്ക് ലിസ്റ്റ്, സമയപട്ടിക, ആക്ഷൻ പ്ലാൻ, എസ്.ആർ.ജി. രജിസ്റ്റർ, മിനിറ്റ്സ് ബുക്ക്, അധ്യാപകരുടെയും കുട്ടികളുടെയും ഹാജർ ബുക്ക് എന്നിവ അവർ പരിശോധിച്ചു. ഏപ്രിൽ പതിനാറാം തീയതി ആറന്മുള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മല്ലിക. ആർ. സ്കൂളിൽ പരിശോധന നടത്തുകയും ക്ലാസുകളും മറ്റ് അനുബന്ധ രേഖകളും വിലയിരുത്തുകയും ചെയ്തു.


# ഉയരുന്ന നക്ഷത്രങ്ങൾ

ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ പ്രതിഭാ സംഗമത്തിലും, ലഹരിവിരുദ്ധ ദിനാചരണത്തിലും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സജീവ പങ്കാളികളായി.കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ഈ പരിപാടികൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി ലൈവ് ടെലികാസ്റ്റ് ചെയ്തു. ഈ പരിപാടികളുടെ റെക്കോർഡ് ചെയ്ത വീഡിയോകൾ എഡിറ്റ് ചെയ്ത് യൂട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവർത്തനം നടന്നുവരുന്നു. സ്കൂൾ വെബ്സൈറ്റിലെയും സ്കൂൾ വിക്കി പേജിലെയും അപ്ഡേഷനുകളും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലാണ് നടക്കുന്നത്.



# സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ പൂക്കളം

2024-25 ഓണാഘോഷവുമായി ബന്ധപ്പെട്ട് ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഡിജിറ്റൽ പൂക്കളം നിർമ്മാണത്തിന് നേതൃത്വം നൽകി.റ്റെസ്റ്റ് പെയിന്റ്, ജിമ്പ് തുടങ്ങിയ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് വിദ്യാർത്ഥികൾ സ്വന്തമായി ഡിജിറ്റൽ പൂക്കളം തയ്യാറാക്കി. ഓണാഘോഷത്തിൽ പൂക്കളം ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയത് ഒരു വ്യത്യസ്ത അനുഭവമായിരുന്നു. പൂക്കളം നിർമ്മാണ മത്സരത്തിൽ അർജ്ജുൻ സന്തോഷ് ഒന്നാം സ്ഥാനവും ഗൗരി കൃഷ്ണ രണ്ടാം സ്ഥാനവും നേടി. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അവതരിപ്പിച്ച വഞ്ചിപ്പാട്ട് മത്സരം നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഓണാഘോഷത്തിന്റെ ഭാഗമായി.





# നെൽപാടത്തെ കലാകാരന്മാർ

പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ 2023-26 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾക്ക് വ്യത്യസ്തമായ അനുഭവം ഒരുക്കുന്നതിനായി 2024 ജൂലൈ 9 ന് ഒരു നെൽപ്പാടം സന്ദർശനം സംഘടിപ്പിച്ചു. പുതിയ കൃഷിരീതികളെക്കുറിച്ചുള്ള അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി ആസൂത്രണം ചെയ്തത്.ശബരിമല നിറപുത്തരിക്കായുള്ള നെൽച്ചെടികൾ ചെറുപ്പളക്കാട്ട് ദേവീക്ഷേത്രത്തിന്റെ പാടത്ത് അയ്യപ്പന്റെ രൂപത്തിൽ വിതച്ച് വളർത്തുന്നു. കലാകാരനായ അഖിൽ ഈ വിത്ത് വിതയ്ക്കുന്ന സ്ഥലം അയ്യപ്പന്റെ രൂപത്തിൽ അടയാളപ്പെടുത്തി. ഇസ്രായേലിൽ കൃഷി പഠനം പൂർത്തിയാക്കിയ പൂർവ്വവിദ്യാർഥിയും കൃഷിക്കാരനുമായ ഉത്തമന്റെ നേതൃത്വത്തിലാണ് ഈ നെൽകൃഷി ഇറക്കിയത്.വിദേശ ഇനങ്ങൾ ഉൾപ്പെടെയുള്ള വിത്തിനങ്ങൾ കലർത്തിയാണ് കൃഷി ചെയ്തത്. ഗുജറാത്തിൽ നിന്നുള്ള നാസർബത്ത്, തമിഴ്നാട് പച്ചരിയിനം എ.എസ്.റ്റി, ജപ്പാൻ വയലറ്റ്, പഴയകാലത്ത് രാജാക്കന്മാർ കഴിച്ചിരുന്ന രക്തശാലി, കാർഷിക സർവകലാശാല ഇറക്കിയ ഹൈബ്രിഡ് വെറൈറ്റിയായ മണി രത്ന തുടങ്ങിയ അഞ്ച് ഇനം വിത്തുകൾ മിശ്രിതമാക്കിയാണ് ഈ രൂപം നിർമ്മിച്ചത്. ഈ വിത്തുകൾ ഒരുമിച്ച് കതിരിട്ടപ്പോൾ അയ്യപ്പ വിഗ്രഹ രൂപം ആയി.പുതിയ കൃഷിരീതികളിലേക്ക് വിദ്യാർഥികളെ ആകർഷിക്കുക എന്നതാണ് ഈ ഡോക്യുമെന്റേഷന്റെ പ്രധാന ലക്ഷ്യം. കഴിഞ്ഞ വർഷം പഞ്ചായത്ത് തലത്തിൽ കുട്ടികർഷകരായി ആദരിച്ച വിദ്യാർഥികളെ ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തനം ചിത്രീകരിച്ചത്. ലിറ്റിൽ കൈറ്റ്സ് ലക്ഷ്മി പ്രകാശ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



# സ്മാർട്ട് കുട്ടികൾ - സ്മാർട്ട് രക്ഷിതാക്കൾ

2024-25 അദ്ധ്യായന വർഷത്തെ പിടിഎ മീറ്റിങ്ങിൽ, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒക്ടോബർ ഒന്നാം തീയതി നിർമിത ബുദ്ധി സങ്കേതം ഉപയോഗിച്ച് പ്രസന്റേഷൻ അവതരിപ്പിച്ചു. ഈ പ്രസന്റേഷനിൽ, വിദ്യാർത്ഥികളുടെ പഠനം കൂടുതൽ മികച്ചതാക്കുന്നതിന് രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിച്ചു. ഇതിൽ വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ, വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, പഠിതാക്കളും അദ്ധ്യാപകരും തമ്മിലുള്ള ഫലപ്രദമായ ആശയവിനിമയത്തിനുള്ള തന്ത്രങ്ങൾ, വിദ്യാർത്ഥികളുടെ പഠനഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ എന്നിവ ഉൾപ്പെട്ടിരുന്നു.

# ഉപജില്ല സ്കൂൾ കലോത്സവം



ആറന്മുള ഉപജില്ല കേരള സ്കൂൾ കലോത്സവം 2024 നവംബർ 11 ന് ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട ആറന്മുള ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മല്ലിക പി ആർ പതാക ഉയർത്തി കലാമേളയ്ക്ക് തുടക്കം കുറിച്ചു. ജെആർസി, എൻ സി സി, എസ് പി സി കേഡറ്റുകളുടെയും ബഹുമാന്യരായ നിരവധി സംഘാടകരുടെയും അകമ്പടിയോടുകൂടി വിശിഷ്ടാതിഥികൾ വേദിയിലേക്ക് ആനയിക്കപ്പെട്ടു. ഈശ്വര പ്രാർത്ഥനയോടുകൂടി ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ റ്റി റ്റൊജിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാജി പി രാജപ്പൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവഹിച്ചു. കലാ മത്സരങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചത് ഫ്ലവേഴ്സ് ടിവി ടോപ് സിംഗർ സീസൺ 4 ഫസ്റ്റ് റണ്ണറപ്പ് കുമാരി ദേവനന്ദ രാജീവ് ആണ്. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആർ അജയകുമാർ മുഖ്യപ്രഭാഷണം നടത്തി. എ എം എം എച്ച്എസ്എസ് സ്കൂൾ മാനേജർ റവ.ഡോ. റ്റി. റ്റി.സക്കറിയ അനുഗ്രഹപ്രഭാഷണം നിർവഹിച്ചു. പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അശ്വതി വിനോജ്, പന്തളം ബ്ലോക്ക് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബി. എസ്. അനീഷ് മോൻ, ആറന്മുള ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ദീപ എസ് നായർ, എ എം എം എച്ച്എസ്എസ് പ്രിൻസിപ്പൽ ലാലി ജോൺ, എ എം എം എച്ച്എസ്എസ് പ്രഥമ അധ്യാപിക അനില സാമുവേൽ, എം ഇ എൽ പി സ്കൂൾ ഇടയാറന്മുള പ്രഥമാദ്ധ്യാപിക എൽസി മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. ആറന്മുള ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മല്ലിക പി ആർ സ്വാഗതവും, സ്വീകരണ കമ്മിറ്റി കൺവീനർ അജിത്ത് എബ്രഹാം പി കൃതജ്ഞതയും അർപ്പിച്ചു.

# സ്കൂൾ വിക്കി എഡിറ്റോറിയൽ ബോർഡ് - യോഗം

2024-25 അധ്യയന വർഷത്തെ സ്കൂൾ വിക്കി എഡിറ്റോറിയൽ ബോർഡിന്റെ മീറ്റിംഗ് 2024 നവംബർ 22 ന് സ്കൂൾ ഐടി ലാബിൽ വച്ച് പ്രധാന അധ്യാപിക അനില സാമുവേലിന്റെ അധ്യക്ഷതയിൽ നടന്നു. സ്കൂൾ വിക്കി ബോർഡിലെ അംഗങ്ങളായ അധ്യാപകർ ഈ യോഗത്തിൽ പങ്കെടുത്തു. ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു വിലയിരുത്തി. കൂടുതൽ ക്ലബ് ആക്ടിവിറ്റികൾ വിക്കി പേജിൽ അപ്ഡേറ്റ് ചെയ്യുന്നതിനായി അധ്യാപകരെയും വിദ്യാർത്ഥികളെയും സന്നദ്ധരാക്കാൻ തീരുമാനിച്ചു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്ന നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനുള്ള തീരുമാനവും,എല്ലാ പ്രവർത്തനങ്ങളും സ്കൂൾ വിക്കിയിൽ അപ്ഡേറ്റ് ചെയ്യുന്നത് മാനദണ്ഡങ്ങൾ പാലിച്ചുവേണമെന്നും യോഗത്തിൽ തീരുമാനം എടുത്തു.

# ലിറ്റിൽ കൈറ്റ്സ് അവാർഡ്



ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിന് പൊതുവിദ്യാഭ്യാസ വകുപ്പ് കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ സംസ്ഥാനത്തെ മികച്ച സ്കൂളിനുള്ള അവാർഡ് ലഭിച്ചു. 8, 9, 10 ക്ലാസുകളിൽ 2023-24 അധ്യയന വർഷത്തിൽ പ്രവർത്തിച്ച മൂന്ന് ലിറ്റിൽ കൈറ്റ്സ് ബാച്ചുകളുടെ മികച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, കൈറ്റ് നടപ്പാക്കിയ ലിറ്റിൽ കൈറ്റ്സ് അവാർഡ് ഇടയാറന്മുള എ.എം.എം സെക്കൻഡറി സ്കൂൾ സ്വന്തമാക്കി. ഈ നേട്ടത്തിലൂടെ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനംകരസ്ഥമാക്കിയ സ്കൂൾ 2 ലക്ഷം രൂപയും, മെമെന്റോയും, പ്രശസ്തി പത്രവും മുഖ്യമന്ത്രി ശ്രീ പിണറായി വിജയനിൽ നിന്ന് ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികൾ ഏറ്റുവാങ്ങി. 2024 ജൂലൈ 6ന് തിരുവനന്തപുരം നിയമസഭാ മന്ദിരത്തിലെ ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡ് വിതരണം ചെയ്തു. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, കൈറ്റ് സി.ഇ.ഒ അൻവർ സാദത്ത്, യുണിസെഫ് സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് ഡോ. അഖില രാധാകൃഷ്ണൻ, ഐടി ഫോർ ചേഞ്ച് ഡയറക്ടർ ഡോ. ഗുരുമൂർത്തി കാശിനാഥൻ എന്നിവർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ലിറ്റിൽ കൈറ്റ്സിനെ കുറിച്ച് യുണിസെഫ് തയ്യാറാക്കിയ പഠന റിപ്പോർട്ട് യുണിസെഫ് ഇന്ത്യ എഡ്യൂക്കേഷൻ സ്പെഷലിസ്റ്റ് പ്രമീള മനോഹരനിൽ നിന്ന് മുഖ്യമന്ത്രി ഏറ്റുവാങ്ങി.അനിമേഷൻ, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, മലയാളം കമ്പ്യൂട്ടിംഗ് എന്നിവയിലെ വിദ്യാർത്ഥികളുടെ മികച്ച പ്രകടനമാണ് ഈ നേട്ടത്തിന് കാരണം. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനായി നിരവധി പരിപാടികളും സംഘടിപ്പിച്ചിരുന്നു. ഈ നേട്ടത്തിൽ സ്കൂൾ അധികൃതരും, അദ്ധ്യാപകരും, വിദ്യാർത്ഥികളും, പൊതുജനവും ഒരുപോലെ പങ്കാളികളായിരുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലൂടെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത, നൂതനാത്മകത, സാങ്കേതികവിദ്യയിലുള്ള താൽപര്യം എന്നിവ വളർത്തുന്നതിനുള്ള സ്കൂളിന്റെ ശ്രമങ്ങൾക്ക് ഈ പുരസ്കാരം അംഗീകാരമായി മാറിയിരിക്കുന്നു. സ്കൂൾ മാനേജർ റവ. ഡോ. ടി.ടി. സഖറിയ, സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ, കൈറ്റ് മാസ്റ്റേഴ്മാരായ ആശ പി. മാത്യു, ജെബി തോമസ്, ലക്ഷ്മി പ്രകാശ് എന്നിവർ ഈ

# കോയിപ്രം പള്ളിയോടം



2024-ലെ ആറന്മുള ഉത്രട്ടാതി ജലമേളയിൽ എ ബാച്ചിൽ മന്നം ട്രോഫി കരസ്ഥമാക്കിയത് കോയിപ്രം പള്ളിയോടമാണ്. 569-ാം നമ്പർ എൻ. എസ്. എസ് കരയോഗ മന്ദിരത്തിന്റെ ഉടമസ്ഥതയിലുള്ള കോയിപ്രം പള്ളിയോടത്തിന്റെ പ്രസിഡന്റ് ശ്രീ ഹരികുമാർ, ക്യാപ്റ്റൻ ശ്രീ അഖിൽ പ്രസന്നൻ, സെക്രട്ടറി ശ്രീ രാജ്കുമാർ എന്നിവരാണ്. ട്രഷറാർ ശ്രീ രോഹിത് കുമാർ, പള്ളിയോട പ്രതിനിധികളായ ശ്രീ രഘുനാഥ് തെങ്ങുംതോടത്തിൽ, ശ്രീ അജീഷ് കുമാർ മരുതുവേലിൽ ഉൾപ്പെടെ നിരവധി കരയോഗ അംഗങ്ങളും ഒമ്പതംഗ കമ്മറ്റികളും ചേർന്നാണ് പള്ളിയോടത്തിന്റെ ഉത്തരവാദിത്വം നിർവഹിച്ചത്. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഈ പള്ളിയോടത്തിന്റെ 150 വർഷം പഴക്കമുള്ള പഴയ പള്ളിയോടം ആചാരാനുഷ്ഠാനങ്ങളോടെ ദഹിപ്പിച്ച ശേഷം, 2014-ൽ പുതിയ പള്ളിയോടം നിർമ്മിച്ചു. ഒറ്റമണിക്കാൽ എന്ന വിശിഷ്ടമായ രീതിയിൽ നിർമ്മിച്ച പഴയ പള്ളിയോടം, കേണൽ മണ്രോ വൈസ്രോയായിരുന്ന കാലത്ത് 1927-ൽ കൊല്ലത്ത് വച്ച് നടന്ന ജലമേളയിൽ പങ്കെടുത്തിരുന്നു. വി ആകൃതിയിലുള്ള പള്ളിയോടം മട ചാടി കടന്നതിനാൽ മടചാടി വള്ളം എന്ന പേര് ലഭിച്ചു. നിരവധി തവണ ഒന്നാം സ്ഥാനം നേടിയ പള്ളിയോടം, 2014-ൽ പുതിയ പള്ളിയോടം നിർമ്മിച്ച ശേഷം ആദ്യമായാണ് മന്നം ട്രോഫി നേടിയത്. ദേവയാനമായി കണക്കാക്കുന്ന പള്ളിയോടത്തെ എല്ലാ വിശുദ്ധിയോടെയും സമീപിക്കുന്നു. സർപ്പത്തിന്റെ ഘടനയിലുള്ള ഈ പള്ളിയോടം ഉൾപ്പെടെ 51 പള്ളിയോടങ്ങൾ ജലമേളയിൽ പങ്കെടുത്തു. തിരുവാറന്മുള അപ്പന്റെയും, നെല്ലിക്കൽ അമ്മയുടെയും അനുഗ്രഹം കൊണ്ടാണ് ഈ വിജയം കൈവരിച്ചതെന്ന് കരയോഗാംഗങ്ങൾ അഭിപ്രായപ്പെടുന്നു. ഈ ട്രോഫി ഒരു വർഷത്തേക്ക് കരയോഗ മന്ദിരത്തിൽ സൂക്ഷിക്കും. ഒരു മാസത്തെ കഠിന പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഈ വിജയം. പള്ളിയോടത്തിൽ സൂക്ഷിക്കുന്ന അടനയമ്പുകൾ ഉൾപ്പെടെ വിവിധ നയമ്പുകളും , ജീവൻ രക്ഷാ ഉപാധിയായ ലൈഫ് ബോയിയെയും കുറിച്ച് കരയോഗ മന്ദിരം സെക്രട്ടറി ശ്രീ രാജ്കുമാർ വിശദീകരിച്ചു. ഈ ഡോക്യുമെന്ററി പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ 2023-26 ലിറ്റിൽ കൈറ്റ്സ് ബാച്ച് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയതാണ്.

# ലിറ്റിൽ കൈറ്റ്സ് അവാർഡ് അനുമോദന സമ്മേളനം



പൊതുവിദ്യാലയങ്ങളിൽ കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച സ്കൂൾ എന്ന ബഹുമതി പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂൾ സ്വന്തമാക്കി. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയതിനുള്ള അംഗീകാരമായി രണ്ട് ലക്ഷം രൂപയും, ട്രോഫിയും, പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം 2024 ജൂലൈ 6 ന് തിരുവനന്തപുരം നിയമസഭാഹാളിൽ വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് നൽകി. മാനേജ്മെന്റിന്റെയും പിടിഎയുടെയും ആഭിമുഖ്യത്തിൽ 2024 നവംബർ 13ന് നടന്ന ലിറ്റിൽ കൈറ്റ്സ് അനുമോദന സമ്മേളനത്തിൽ സ്കൂൾ മാനേജർ റവ. ഡോ. ടി.ടി. സഖറിയ അധ്യക്ഷത വഹിച്ചു. മുൻ ജില്ലാ കോർഡിനേറ്റർ ശ്രീ. സോണി പീറ്റർ, മുൻ ലിറ്റിൽ കൈറ്റ്സ് ട്രെയിനർ ആയ ശ്രീമതി. സുപ്രിയ പി.സി, സ്കൂൾ ബോർഡ് സെക്രട്ടറി ശ്രീ. റോണി എബ്രഹാം, സ്കൂൾ ബോർഡ് ട്രഷറർ ശ്രീ. ജോസ് ടി. ജോർജ്, കുളനട ബ്ലോക്ക് വൈസ് പ്രസിഡന്റ് ശ്രീമതി. അശ്വതി വിനോജ്, പി.ടി.എ. പ്രസിഡന്റ് ഡോക്ടർ സൈമൺ ജോർജ്, വഞ്ചിപ്പാട്ട് ആചാര്യനായ ശ്രീ. വിജയൻ നായർ, പ്രിൻസിപ്പൽ ലാലി ജോൺ, പ്രഥമ അധ്യാപിക അനില സാമുവേൽ, ആശ പി. മാത്യു, ജെബി തോമസ്, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ പ്രസംഗിച്ചു. ലിറ്റിൽ കൈറ്റ്സ് അനുമോദന സമ്മേളനം പത്തനംതിട്ട ജില്ലാ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ അജയകുമാർ നിർവഹിച്ചു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അദ്ഭുതകരമായ നേട്ടങ്ങളെക്കുറിച്ച് വിശദീകരിച്ചു. പദ്ധതിയിലൂടെ കൈവരിച്ച വിജയങ്ങൾ, സാങ്കേതിക മേഖലയിലെ നേട്ടങ്ങൾ, സാമൂഹിക പ്രതിബദ്ധത, ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാവിയിലെ ലക്ഷ്യങ്ങളും, പദ്ധതികളും അവതരിപ്പിച്ചു. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പദ്ധതിയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ സജീവമായി പങ്കെടുത്ത വിദ്യാർത്ഥികൾ, അധ്യാപകർ, മാതാപിതാക്കൾ, സ്കൂൾ അധികൃതർ എന്നിവരുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. അജയകുമാർ, കൈറ്റ് മാസ്റ്റർ ട്രൈനേഴ്സായ ശ്രീ. സോണി പീറ്റർ, ശ്രീമതി. സുപ്രിയ പി.സി, കൈറ്റ് മാസ്റ്റേഴ്സായ ആശ പി. മാത്യു, ജെബി തോമസ് എന്നിവരെയും, കൈറ്റ്സ് വിദ്യാർഥികളെയും മെമെന്റോ നൽകി ആദരിച്ചു.

# ലിറ്റിൽ കൈറ്റ്സ് പുരസ്കാര നേട്ടത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആദരവ്



സംസ്ഥാനത്തെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള അവാർഡ് നേടിയ ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിനെ ആറന്മുള ഗ്രാമപഞ്ചായത്ത് ആഭിമുഖ്യത്തിൽ ആറന്മുള എൻ.എസ്.എസ് കരയോഗ മന്ദിരത്തിൽ വച്ച് നടന്ന അനുമോദന ചടങ്ങിൽ ബഹുമാനപ്പെട്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ദീപ എസ്. നായർ 2024 ആഗസ്റ്റ് 10 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് ആദരിച്ചു. പ്രധാനാധ്യാപിക അനില സാമുവേൽ, ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ, പി ടി എ അംഗങ്ങൾ തുടങ്ങിയവർ ചേർന്ന് സ്നേഹാദരവ് ഏറ്റുവാങ്ങി.

# ഡോക്യുമെന്ററി മത്സരം



വായന പക്ഷാചരണത്തിന്റെ ഭാഗമായി പത്തനംതിട്ട പ്രസ് ക്ലബ് പബ്ലിക് ലൈബ്രറി ആൻഡ് മീഡിയ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഡോക്യുമെന്ററി മത്സരത്തിൽ പത്തനംതിട്ട ജില്ലയിൽ രണ്ടാം സ്ഥാനം ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിന് ലഭിച്ചു. പത്തനാപുരം ഗാന്ധിഭവൻ മാനേജിങ് ട്രസ്റ്റി ശ്രീ. പുനലൂർ സോമരാജൻ 2024 ഓഗസ്റ്റ് ഒമ്പതാം തീയതി വെള്ളിയാഴ്ച പ്രസ് ക്ലബ് പബ്ലിക് ലൈബ്രറിയിൽ വച്ച് സമ്മാനദാനം നിർവഹിച്ചു. മെമെന്റോയും, ക്യാഷ് അവാർഡും അടങ്ങുന്നതായിരുന്നു പുരസ്കാരം. ലിറ്റിൽകൈറ്റ്സിന്റെയും, ഗ്രന്ഥശാലയുടെയും ആഭിമുഖ്യത്തിൽ നടത്തിയ ഈ പ്രവർത്തനത്തിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ മികച്ച നേതൃത്വം നൽകി.

# സീഡ് 2024-25 പുരസ്കാരം

പറഞ്ഞു പഠിപ്പിക്കുന്നതിനുപരിയായി പരിസ്ഥിതിയെയും സമൂഹത്തെയും തൊട്ടറിയുന്ന ജീവിതപാഠങ്ങൾ കുട്ടികൾ സ്വയമേ കരസ്ഥമാക്കിയ വിദ്യാലയങ്ങൾക്കുള്ള മാതൃഭൂമി സീഡിന്റെ ഹരിത ജ്യോതി പ്രശംസാ പത്രം ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിന് ലഭിച്ചു. മികച്ച സീഡ് റിപ്പോർട്ടറായി രജത്ത് രാജീവിനെയും തിരഞ്ഞെടുത്തു. ഈ വിദ്യാർത്ഥിക്ക് മികച്ച പരിസ്ഥിതി പ്രവർത്തനത്തിനുള്ള പ്രശസ്തി പത്രവും ലഭിച്ചു.

# സുഗതകുമാരി അനുസ്മരണം



മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി സുഗതകുമാരി ടീച്ചർ വിട പറഞ്ഞിട്ട് നാലു വർഷം പൂർത്തിയാക്കുന്ന ഡിസംബർ 23 ന് ടീച്ചറുടെ ജന്മഗൃഹമായ ആറന്മുള വാഴുവേലിൽ തറവാട്ടിൽ വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ ഒത്തു ചേർന്നു. ടീച്ചറുടെ കവിതകൾ കൊണ്ട് കാവ്യാർച്ചന നടത്തി. സർഗോത്സവം സബ് ജില്ലാതലത്തിൽ കാവ്യാലാപന വിജയികളായ കുട്ടികളും അധ്യാപകരും രാവിലെ 9.30 ന് ആറന്മുള വാഴുവേലിൽ വീട്ടിൽ എത്തി ടീച്ചറുടെ ഛായാ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി കാവ്യാർച്ചന ആരംഭിച്ചു. ഡയറ്റ് മുൻ ഫാകൽറ്റിയും വിദ്യാരംഗം കോഡിനേറ്ററും ആയിരുന്ന ഡോ.ദേവി കെ കെ, പത്തനംതിട്ട ബിപിസി ശ്രീമതി ശ്രീലത എന്നിവർ ടീച്ചറെ അനുസ്മരിച്ചു. പത്തനംതിട്ട ജില്ലാ വിദ്യാരംഗം ജോയിൻ കോഡിനേറ്റർ ശ്രീമതി രശ്മി രവീന്ദ്രൻ നന്ദിയും അറിയിച്ചു. മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരിയും പരിഷ്കർത്താവുമായ സുഗതകുമാരി ടീച്ചർ വിട പറഞ്ഞിട്ട് നാലു വർഷം പൂർത്തിയാകുന്ന ഡിസംബർ 23-ന്, ടീച്ചറുടെ ജന്മഗൃഹമായ ആറന്മുള വാഴുവേലിൽ തറവാട്ടിൽ വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിൽ അനുസ്മരണ പരിപാടി സംഘടിപ്പിച്ചു. സർഗോത്സവം സബ്-ജില്ലാതല കാവ്യാലാപന മത്സരത്തിലെ വിജയിയായ കുട്ടികളും അധ്യാപകരും രാവിലെ 9.30-ന് ആറന്മുള വാഴുവേലിൽ വീട്ടിൽ ഒത്തു ചേർന്നു. ടീച്ചറുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി പരിപാടി ആരംഭിച്ചു. ഇടയാറന്മുള ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനി കുമാരി ഗൗരി കൃഷ്ണ എസ് വരച്ച സുഗതകുമാരി ടീച്ചറിന്റെ രേഖാചിത്രം വിദ്യാരംഗം പത്തനംതിട്ട ജില്ലാ കോർഡിനേറ്റർ ശ്രീമതി രഞ്ജു ടീച്ചറിന് കൈമാറി. ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥിനി കുമാരി നിരഞ്ജന വരച്ച, ടീച്ചറുടെ കവിതകളുടെ പേരുകൾ ഉൾപ്പെടുത്തിയ മറ്റൊരു രേഖാചിത്രം കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം ചാർജ് ഓഫീസർ ശ്രീ മിൽട്ടൺ ഏറ്റുവാങ്ങി. പല സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ കാറ്റ്, പൂച്ച, അമ്പലമണി, ഒരുതൈ നടാം, ഒരു പാട്ട് പിന്നെയും, കണ്ണന്റെ അമ്മ തുടങ്ങിയ പ്രമുഖ കവിതകൾ ആലപിച്ചു. ഡയറ്റ് മുൻ ഫാക്കൽറ്റിയും വിദ്യാരംഗം കോർഡിനേറ്ററുമായ ഡോ. ദേവി കെ.കെ., പത്തനംതിട്ട ബി.പി.സി. ശ്രീമതി ശ്രീലത എന്നിവർ ടീച്ചറെ അനുസ്മരിച്ചു. പത്തനംതിട്ട ജില്ലാ വിദ്യാരംഗം ജോയിന്റ് കോർഡിനേറ്റർ ശ്രീമതി രശ്മി രവീന്ദ്രൻ നന്ദി അറിയിച്ച് പരിപാടി സമാപിച്ചു. കാവ്യസ്മരണയിലൂടെ സുഗതകുമാരി ടീച്ചറുടെ ജീവിതവും സൃഷ്ടികളും പുതുതലമുറയ്ക്ക് മാതൃകയായി അവതരിപ്പിക്കപ്പെടുന്നത് ശ്രദ്ധേയമായിരുന്നു.

# എയ്ഡ്സ് ബോധവൽക്കരണം




ഡിസംബർ 1-ന് ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ  എയ്ഡ്സ് ബോധവൽക്കരണ ക്ലാസ് , സമൂഹബോധവൽക്കരണത്തിനായി എയ്ഡ് ബോധവൽക്കരണ റാലി തുടങ്ങിയവ 2024 ഡിസംബർ മൂന്നിന് വിപുലമായി ആഘോഷിച്ചു. 2025-ഓടെ എല്ലാ എച്ച്ഐവി ബാധിതരിൽ 95% പേരെയും തിരിച്ചറിഞ്ഞ് ചികിത്സിക്കുകയും,എച്ച്ഐവി വൈറൽ ലോഡ് നിയന്ത്രിക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ്. സ്കൂൾ പ്രധാന അധ്യാപിക അനിൽ സാമുവേൽ, സുനു മേരി സാമുവേൽ, ആഷ പി. മാത്യു, സൂസൻ ബേബി, എന്നിവർ പ്രസംഗിച്ചു. എയ്ഡ്സ് ദിനത്തോട് ബന്ധപ്പെട്ട് ചിഹ്നം പതിച്ച ബാഡ്ജ് ധരിച്ച് എല്ലാ വിദ്യാർത്ഥികളും, അദ്ധ്യാപകരും അസംബ്ലിയിൽ പങ്കെടുത്തു. അഡോളസെന്റ് കൗൺസിലർ ഇർഫാന മുഹമ്മദ് ഹനീഫ ഈ ക്ലാസിന് നേതൃത്വം നൽകി. എയ്ഡ്സ് പകരുന്ന വിധം, എയ്ഡ്സ് ബാധിതരോടുള്ള സമൂഹത്തിന്റെ ഉത്തരവാദിത്തം, രോഗത്തെ തടയാനുള്ള മാർഗങ്ങൾ എന്നീ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് വിശദമായ ക്ലാസ്സുകൾ നൽകി. എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി അധ്യാപകരും വിദ്യാർത്ഥികളും എയ്ഡ്സ് ബോധവൽക്കരണ ചിഹ്നം പതിച്ച ബാഡ്ജ് ധരിച്ച് റാലിയിൽ സന്തോഷത്തോടെ പങ്കെടുത്തു. റാലിയിൽ എയ്ഡ്സ് പകരുന്ന രീതികളും, അതിനുള്ള പ്രതിവിധികളും വിശദീകരിക്കുന്ന പ്ലക്കാർഡുകൾ ഏന്തി റാലിയിൽ സന്തോഷപൂർവ്വം പങ്കു ചേർന്നു. ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് എയ്ഡ്സ് ബോധവൽക്കരണവുമായി ബന്ധപ്പെട്ട പ്രതിജ്ഞ വിദ്യാർഥികൾ ഏറ്റുചൊല്ലി.

# ലോക പ്രമേഹ ദിനം

ലോക പ്രമേഹ ദിനമായ നവംബർ 14ന്, വല്ലന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ആരോഗ്യ പ്രവർത്തകർ സ്കൂൾ സന്ദർശിച്ച് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തി. സ്കൂൾ പ്രധാന അധ്യാപിക അനില സാമുവൽ അധ്യക്ഷത വഹിച്ച ഈ പരിപാടിയിൽ, ഹെൽത്ത് ക്ലബ്ബ് കൺവീനർ സൂസൻ ബേബി എല്ലാവരെയും സ്വാഗതം ചെയ്തു. ഹെൽത്ത് സൂപ്പർവൈസർ സജീവ് ക്ലാസ്സിന് നേതൃത്വം നൽകി. വനിതാ ഹെൽത്ത് സൂപ്പർവൈസർ ഐഡെറ്റ്, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഷബാന, പിടിഎ പ്രസിഡണ്ട് ഡോ. സൈമൺ ജോർജ്, ആശാ പി മാത്യു ടീച്ചർ, എട്ടാം ക്ലാസ് വിദ്യാർത്ഥികൾ എന്നിവർ ഈ പരിപാടിയിൽ പങ്കെടുത്തു. ക്ലാസ്സിനു ശേഷം, പ്രമേഹ ദിനവുമായി ബന്ധപ്പെട്ട പ്രശ്നോത്തരി നടത്തി,




# ലഹരിവിരുദ്ധ പ്രതിജ്ഞ

ഇടയാറന്മുള എം.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തി. ലിറ്റിൽ കൈറ്റ്സ് അവധിക്കാല ക്യാമ്പിനോട് അനുബന്ധിച്ച് ഇന്ന് സമൂഹം നേരിടുന്ന ലഹരി എന്ന വിപത്തിനെക്കുറിച്ച് സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ വിദ്യാർഥികൾക്ക് ബോധവത്കരണം നൽകി. ലഹരി ഉൾപ്പെടെയുള്ള സാമൂഹിക വിപത്തുകളിൽനിന്ന് വിദ്യാർഥികളെ രക്ഷിക്കുക, സഹജീവികളെ മാനിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലഹരിവിരുദ്ധ പ്രതിജ്ഞ സംഘടിപ്പിച്ചത്. എട്ടാം ക്ലാസ് വിദ്യാർഥിയായ ആദിത്യ സുജിത്ത് പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ, ആഷ പി. മാത്യു, ലക്ഷ്മി പ്രകാശ് എന്നിവർ ആശംസകൾ അറിയിച്ചു.



# മികവോത്സവം

ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് മികവോത്സവത്തോട് അനുബന്ധിച്ച് വിവിധ പ്രൈമറി സ്കൂളുകളിലെ 500-ലധികം വിദ്യാർത്ഥികൾക്ക് അനിമേഷൻ, മലയാളം ടൈപ്പിംഗ്, സൈബർ സുരക്ഷ, എഐ, റോബോട്ടിക്സ്, ഇ-ക്യൂബ് തുടങ്ങിയ വിഷയങ്ങളിലുള്ള ക്ലാസുകൾ സംഘടിപ്പിച്ചു.. എം ടി എൽപിഎസ് ഇടയാറൻമുള, മാർത്തോമ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇടയാറൻമുള തുടങ്ങിയ സ്കൂളിൽ ഇതിനകം ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ മൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകി.എ. എം. എം ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കുട്ടികൾക്കായി നവീന സാങ്കേതിക പഠനാനുഭവങ്ങൾ സൃഷ്ടിക്കുന്ന ഒരു ആകർഷക പരിപാടി സംഘടിപ്പിച്ചു. അനിമേഷൻ, സ്ക്രാച്ച് ഗെയിംസ്, ആഡിനോ കിറ്റ് ഉപയോഗിച്ചുള്ള ട്രാഫിക് ലൈറ്റുകൾ എന്നിവയെ പരിചയപ്പെടുത്തി, ഇ-ക്യൂബിന്റെ പ്രയോജനങ്ങൾ വിശദീകരിച്ച പരിപാടി കുട്ടികളിൽ സാങ്കേതിക രുചി വളർത്തിയെടുത്തു.സ്ക്രാച്ച് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തിയ ഗെയിം നിർമ്മാണം വിദ്യാർത്ഥികളിൽ കൂടുതൽഅനുഭവയോഗ്യമാക്കി.പിയർ -റ്റു പിയർ പഠനാനുഭവത്തിലൂടെ കുട്ടികൾക്ക് ടെക്നോളജി എളുപ്പത്തിൽ ഗ്രഹിക്കാനും രസകരമായി പഠിക്കാനും സാധിച്ചു. ക്രിസ്റ്റി തോമസ് ജേക്കബ് , ജസ്റ്റിൻ ചെറിയാൻ റ്റിജു , അമീൻ മുഹമ്മദ് എന്നീ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ക്ലാസുകൾക്ക് നേതൃത്വം നൽകി. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അലീഷ സുനിലും , കീർത്തിക എസും എല്ലാ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്തു.ഇന്നോവേഷനും വിനോദവും അകക്കലർത്തി സാങ്കേതിക വിദ്യയെ കൗതുകകരമായ രീതിയിൽ പരിചയപ്പെടുത്തിയ ഈ പരിപാടി കുട്ടികളുടെ ഭാവി സാങ്കേതിക പ്രപഞ്ചത്തിലേക്കുള്ള തുടക്കമായി.



# പഞ്ചാരിമേളം

ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2024 നവംബർ 2-ന് പൂവത്തൂരിൽ പഞ്ചാരിമേളം അഭ്യസിപ്പിക്കുന്ന ശ്രീ നവനീത് റാം റോയ് നടത്തുന്ന കളരി സന്ദർശിക്കുകയും അനുഭവങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും ചെയ്തു. ഈ സന്ദർശനത്തിന് ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്സുമാരായ ആശ പി. മാത്യു, ലക്ഷ്മി പ്രകാശ്, അധ്യാപകനായ എബിൻ ജിയോ മാത്യു എന്നിവർ നേതൃത്വം നൽകി.കലയോടുള്ള ആഴമുള്ള അറിവും പരിശീലനാനുഭവവുമുള്ള നവനീത് മാസ്റ്റർ പഞ്ചാരിമേളത്തിന്റെ ഉത്ഭവവും അതിന്റെ ചരിത്രവുമടങ്ങിയ വിശദമായ അവതരണം നൽകി. പഞ്ചാരിമേളത്തിൽ ഉപയോഗിക്കുന്ന വിവിധ വാദ്യോപകരണങ്ങളുടെ പ്രത്യേകതകളും ഉപയോഗ രീതികളും വിശദമായി വിദ്യാർത്ഥികൾക്ക് കാണിച്ചു കൊടുത്തു. മലയാളി സംസ്കാരത്തിൽ ഈ കലാരൂപം എങ്ങനെ പ്രാധാന്യം നേടി എന്നതും അദ്ദേഹം വിശദീകരിച്ചു.കേരളത്തിലെ ക്ഷേത്രോത്സവങ്ങളുടെ ഭാഗമായി അവതരിപ്പിക്കാറുള്ള പല വാദ്യോപകരണങ്ങൾ ഒന്നുചേരുന്ന ഒരു ചെണ്ടമേളമാണ് പഞ്ചാരിമേളം. ഭാഷാ നൈഷധ കർത്താവായ മഴമംഗലം നാരായണൻ നമ്പൂതിരിയാണ്പഞ്ചാരി മേളം രൂപകല്പന ചെയ്തത്. ക്ഷേത്രവാദ്യങ്ങളിൽ ഏറ്റവും പ്രസിദ്ധമായതും പഞ്ചാരിമേളം തന്നെ ആണ്. പഞ്ചാരിമേളത്തിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ചെണ്ട, കുഴൽ, ഇലത്താളം, കൊമ്പ് എന്നിവയാണ്. മധ്യകേരളത്തിലെ എല്ലാ ക്ഷേത്രോത്സവങ്ങൾക്കും സാധാരണയായി പഞ്ചാരിമേളം അവതരിപ്പിക്കാറുണ്ട്പഞ്ചാരിമേളത്തിൽ പഞ്ച (അഞ്ച്) താളങ്ങളിൽ ആസ്പദമാക്കിയുള്ള സംഗീത ഘടനകൾ നിറഞ്ഞിരിക്കുന്നു. ഈ കലാരൂപം അതിന്റെ സംഘാടനശൈലിയും താളനിശ്ചിതത്വവും മൂലം അത്യന്തം ഗൗരവത്തോടെ അഭ്യാസം ആവശ്യപ്പെടുന്നതാണ്. പ്രത്യേകിച്ച് പൂരപ്പറമ്പുകൾ, ക്ഷേത്രോത്സവങ്ങൾ, തുടങ്ങിയവയിൽ ഈ മേളം പ്രധാന ആകർഷണമാകുന്നു.നവനീത് മാസ്റ്റർ ഈ വാദ്യോപകരണങ്ങളുടെ നിർമ്മാണം മുതൽ ഉപയോഗസാമർത്ഥ്യം വരെ വിശദമായി കുട്ടികൾക്ക് പഠിപ്പിച്ചു. ഓരോ വാദ്യവും ഉണ്ടാക്കുന്ന ശബ്ദഭേദങ്ങൾ, ആ ശബ്ദങ്ങൾ ഒന്നിച്ച് ചേർന്ന് സൃഷ്ടിക്കുന്ന ഊർജസ്വലത, കലാകാരന്മാരുടെ അന്തസ്സായ നേതൃത്വം എന്നിവയെക്കുറിച്ചും വിശദീകരിച്ചു.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അലീഷ സുനിൽ, കീർത്തിക എസ്. എന്നിവർ ഈ സന്ദർശനം ഡോക്യുമെന്റ് ചെയ്യുന്നതിൽ നേതൃത്വം നൽകി. കലാരൂപങ്ങളെ സമീപിക്കാൻ കുട്ടികൾക്ക് ലഭിച്ച ഈ അവസരം അവരുടെ സാംസ്കാരികബോധം വർധിപ്പിക്കുന്നതിലേക്കും നാട്ടു കലകളുടെ മഹത്വം തിരിച്ചറിയുന്നതിനും വലിയ സഹായം ചെയ്തു.ഈ പഠനയാത്ര കുട്ടികളിൽ കലാപരമായ സ്വാധീനവും നാട്ടിൻപരമ്പരകളോടുള്ള അകമ്പടി ബോധവും വളർത്താൻ സഹായകമായി. ഒരു കലാരൂപം സ്വതന്ത്രമായി നിലനിൽക്കാൻ അതിനു പിന്നിലെ സങ്കീർണ്ണതകളും ശ്രമങ്ങളും കുട്ടികൾ ഈ സന്ദർശനത്തിലൂടെ മനസിലാക്കി.ഇത് പോലെയുള്ള അനുഭവങ്ങൾ കുട്ടികളുടെ സമഗ്രവികസനത്തിനും സാംസ്കാരികബോധവും വളർത്താനുള്ള മികച്ച അവസരങ്ങളാണ്.

# ഹരിത വിദ്യാലയം അവാർഡ്

2025 ഏപ്രിൽ 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ആറാട്ടുപുഴ തരംഗം മിഷൻ സെന്ററിൽ നടന്ന യോഗത്തിൽ, ആറന്മുള ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയ ഹരിത വിദ്യാലയം അവാർഡ് ഇടയാറന്മുള എ.എം.എം. ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാനുവേലിന്റെ നേതൃത്വത്തിലുള്ള അധ്യാപക സംഘം ആറന്മുള ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രമാദേവിയിൽ നിന്ന് സ്വീകരിച്ചു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നൽകപ്പെടുന്ന ഈ അംഗീകാരം, സ്കൂളിന്റെ നിരന്തരമായ ഹരിത പ്രവർത്തനങ്ങൾക്കും പരിസ്ഥിതി സൗഹൃദ സമീപനങ്ങൾക്കും ലഭിച്ച അംഗീകാരമാണ്. 2024-25 അദ്ധ്യായന വർഷം സ്കൂളിൽ നടപ്പാക്കിയ ഹരിത പ്രവർത്തനങ്ങൾ ഹരിത പ്രോട്ടോകോളിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചായിരുന്നു. വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും പരിസ്ഥിതി ബോധം വളർത്തുന്നതിൽ സ്കൂൾ പ്രധാന പങ്ക് വഹിച്ചു. സ്കൂൾ പരിസരം പൂർണമായും പ്ലാസ്റ്റിക് വിമുക്തമാക്കി. ഒരുമിച്ചുള്ള പ്രചാരണങ്ങളും ശുചിത്വം ഉറപ്പാക്കുന്നതും വിദ്യാർത്ഥികളിൽ ഈ അവബോധം വളർത്തുന്നതിനും സഹായകമായി. സ്കൂൾ കാമ്പസിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ പച്ചക്കറി കൃഷിയും പൂന്തോട്ട പരിപാലനവും നടത്തി. വിദ്യാർത്ഥികളിൽ സ്വയംപര്യാപ്തതയും പ്രകൃതിയോടുള്ള മാനവികതയും വളർത്തുന്നതിനും ഇത് സഹായകമായി.മാലിന്യങ്ങൾ കൂട്ടിച്ചേർക്കാതെ പ്രത്യേകമായി വേസ്റ്റ് ബിൻ സംവിധാനങ്ങൾ ഏർപ്പെടുത്തി. ജൈവവും അജൈവവുമായ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാൻ വിദ്യാർത്ഥികൾക്ക് പരിശീലനവും നൽകിയിരുന്നു.സ്കൂളിൽ സജീവമായി പ്രവർത്തിച്ച ഹരിത കർമ്മസേന, സ്കൂൾ പരിസര ശുചിത്വം, പ്ലാസ്റ്റിക് വിമുക്ത പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം, പച്ചക്കറി കൃഷി, പൂന്തോട്ട നിർമാണം തുടങ്ങിയവയിൽ നിർണായക പങ്ക് വഹിച്ചു. വിദ്യാർത്ഥികളും അദ്ധ്യാപകരും സംയുക്തമായി പരിസ്ഥിതി സംരക്ഷണത്തിനായി എടുത്തുവച്ച ആത്മാർത്ഥമായ ചുവടുവെപ്പുകളുടെ ഫലമാണ് ഈ അവാർഡ്. ഈ അംഗീകാരം സ്കൂളിന്റെ മുന്നേറ്റങ്ങൾക്ക് പ്രചോദനമാണ്. ഈ അവാർഡ് ഹരിത സ്വപ്നങ്ങൾ കൂടുതൽ പ്രാപ്തിയോടെ മുന്നോട്ടു കൊണ്ടുപോകാനുള്ള ചുവടുവെയ്പ്പായി മാറി.



# ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ "ആർട്ടിഫിഷ്യൽ ഇന്റലിജൻസ്" എന്ന വിഷയത്തിൽ ഏപ്രിൽ 7, 2025-ന് പ്രത്യേക ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി അനില സാമുവൽ ക്ലാസിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.ആർവെൻഷൻ ടെക്നോളജിസ് എൽ.എൽ.പി., ടെക്നോപാർക്കിലെ ഫൗണ്ടറും സി.ഇ.ഒയും ആയ അബി അശോകം, എമഡോൺ എ.ഐ എഡിയോ ലാബ് പ്രൈവറ്റ് ലിമിറ്റഡിന്റെ കോ-ഫൗണ്ടറും എം.ഡി.യുമായ അരുൺ യു.എൽയും ചേർന്നാണ് ക്ലാസിന് നേതൃത്വം നൽകിയത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അതിരുകളില്ലാത്ത സാധ്യതകളെക്കുറിച്ചും അതിന്റെ പ്രായോഗിക ഉപയോഗങ്ങളെക്കുറിച്ചും  വ്യക്തതയോടെയും ആകർഷകമായ രീതിയിലും ക്ലാസിൽ അവതരിപ്പിച്ചു.സമ്മർ ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളും രക്ഷിതാക്കളും ക്ലാസിൽ സജീവമായി പങ്കാളികളായി.  അനീഷ് ബെഞ്ചമിൻ, ലക്ഷ്മി പ്രകാശ് എബിൻ ജിയോ മാത്യു തുടങ്ങിയവർ   ആശംസകൾ അർപ്പിച്ചു.




## അടൽ ട്വിൻഗെറിങ് ലാബ് സന്ദർശനം

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളോടനുബന്ധിച്ച് ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ കൈറ്റ്സ് വിദ്യാർത്ഥികളെ 2025 ജനുവരി 28-ന് അടൽ ടിങ്കറിങ് ലാബ് സന്ദർശനത്തിനായി കലഞ്ഞൂർ ഗവൺമെൻ്റ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് കൊണ്ടുപോയി. ദൈനംദിന പ്രശ്നങ്ങളെ കണ്ടെത്തി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ടിങ്കറിങ് ലാബ് വിദ്യാലയങ്ങളിൽ ആരംഭിച്ചത്. ടിങ്കറിങ് ലാബിൽ വിവിധ തരത്തിലുള്ള ആർഡിനോകൾ, സെൻസറുകൾ, ടെലിസ്കോപ്പ്, ഓസ്സിലോസ്കോപ്പ്, ത്രീഡി പ്രിൻ്റർ, വിവിധ തരത്തിലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ, ടൂൾസ് മുതലായവ ഈ ലാബിൽ ക്രമീകരിച്ചിട്ടുണ്ട്. ആർഡിനോകൾ മൂന്ന വിധത്തിലുണ്ട്: ആർഡിനോ നാനോ, ആർഡിനോ യൂനോ, ആർഡിനോ മെഗാ തുടങ്ങിയവ. റാസ്ബെറി പൈ എന്ന പ്രോഗ്രാമിംഗ് ഹാർഡ്‌വെയറും ലാബിലുണ്ട്. റാസ്ബെറി പൈ ക്രെഡിറ്റ് കാർഡ് രൂപത്തിലുള്ള കമ്പ്യൂട്ടർ എന്നും അറിയപ്പെടുന്നു. ലാബിൻ്റെ പ്രധാന ആകർഷണം ത്രീഡി പ്രിൻ്റർ ആയിരുന്നു. സാധാരണ പ്രിൻ്ററുകളിൽ ഒബ്ജക്റ്റ് പ്രിൻ്റ് എടുക്കുമ്പോൾ ടുഡി ഫോർമാറ്റിലാണ് ലഭിക്കുന്നത്. ത്രീഡി പ്രിൻ്ററിൽ മോഡൽ കൊടുത്താൽ ത്രീഡി ഫോർമാറ്റിൽ പ്രിൻ്റ് ലഭിക്കും. ലാബിൽ റോബോട്ടിക്സ് ഉപയോഗിച്ച് ഡസ്റ്റ് ക്ലീനിംഗ് റോബോട്ട്, എഡ്ജ് ഡിറ്റക്റ്റിംഗ് റോബോട്ട്, ഫോളോവിംഗ് റോബോട്ട്, ലൈറ്റ് ഫോളോവർ റോബോട്ട്, ഓട്ടോമാറ്റിക് ഫയർ എൻജിൻ റോബോട്ട്, ബ്ലൂടൂത്ത് കൺട്രോൾ സോളാർ കാർ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ശാസ്ത്ര തത്വങ്ങൾ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഹൈഡ്രോളിക് റോക്കറ്റ് ലോഞ്ച്, ഗിയർ കാർ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. നക്ഷത്രങ്ങളെ നിരീക്ഷിക്കുന്നതിനായി ടെലിസ്കോപ്പും സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഏറെ അനുഭവങ്ങൾ നിറഞ്ഞ ഒരു ദിവസമായിരുന്നു.



## പടയണി പരിചയ ക്ലാസ്

കേരള സർക്കാർ സാംസ്കാരിക വകുപ്പ് വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ആഭിമുഖ്യത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിൻ്റെ നേതൃത്വത്തിൽ ഇടയാറൻമുള ഹയർ സെക്കൻഡറി സ്കൂളിൽ ഒക്ടോബർ 30 2024 ന് പടയണി പരിചയ ക്ലാസ് നടത്തപ്പെട്ടു. മധ്യതിരുവിതാംകൂറിൻ്റെ തനത് അനുഷ്ഠാന കലയാണ് പടയണി. പുരാണങ്ങളിലെ കാളിദാരികാസുര വധാനന്തരം ദേവിയെ സംപ്രീതിപ്പെടുത്താൻ മഹാദേവനും ഭൂതഗണങ്ങളും സാന്ത്വന ചിത്തയാക്കാൻ വേണ്ടി ദേവിയുടെ വികൃത രൂപങ്ങൾ ഉണ്ടാക്കി ചമച്ചുകൊണ്ട് കെട്ടിയാടി തുള്ളി ദേവിയെ ചിരിപ്പിച്ചു. ദേവിയുടെ കോപം അടങ്ങുകയും സംപ്രീതയായി തീരുകയും ചെയ്തു. ഇതായിരുന്നു പടയണിയുടെ ഐതീഹ്യം. അനുഷ്ഠാന കലയായ പടയണി എല്ലാ ദേവീ ഭഗവതി ക്ഷേത്രങ്ങളിലും നടത്തിപ്പോരുന്നു. പടയണിയിൽ പാട്ട്, കൊട്ട്, തുള്ളൽ, എഴുത്ത് എന്നിങ്ങനെയാണ്

ഉള്ളത്. കവുങ്ങിന്റെ പച്ചപ്പാള വച്ചാണ് കോലങ്ങൾ നിർമ്മിക്കുന്നത്. ചെമ്മണ്ണിന്റെ ചുവപ്പ് പാളയുടെ പച്ച പ്രതലം പാളയുടെ വെള്ള പ്രതലം മഞ്ഞ, കറുപ്പ് ഈ നിറങ്ങൾ ചേർന്നതാണ് കോലം.കേരള സാംസ്കാരിക വകുപ്പ് പ്രതിനിധാനം ചെയ്യുന്ന ഭദ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി എന്ന സൗജന്യ കലാ പരിശീലനം കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നടന്നുവരുന്നു. പന്തളം ബ്ലോക്കിൽ നിന്ന് രണ്ട് കലാകാരന്മാരെ നിയോഗിച്ചിട്ടുണ്ട്. ആറന്മുളയിലും പന്തളത്തുമായി 2 സെന്ററുകളിൽ കളരികൾ നടന്നു വരുന്നു. മൂന്നുവർഷത്തെ സൗജന്യ പഠനം നൽകി പോരുന്നു. പ്രായപരിധി പോലും കണക്കിലെടുക്കാതെ എല്ലാ വിഭാഗക്കാർക്കും പഠിക്കാനും അവസരമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി അനില എസ് നായരുടെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ബഹുമാനപ്പെട്ട പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി അശ്വതി വിനോദ് പദ്ധതി ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ലാലി ജോൺസ് സ്വാഗതവും ആശംസിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി അനില സാമുവൽ പിടിഎ വൈസ് പ്രസിഡന്റ് ശ്രീമതി സന്ധ്യ എന്നിവർ ആശംസ അറിയിച്ചു. വജ്ര ജൂബിലി ജില്ലാ കോഡിനേറ്റർ ശ്രീ കലാമണ്ഡലം ഉല്ലാസ് പദ്ധതി വിശദീകരിച്ചു. തുടർന്ന് പടയണി കലാകാരന്മാർ കുട്ടികൾക്കായി പടയണി അവതരിപ്പിച്ചു. സ്കൂൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ  പടയണി ഡോക്യുമെന്റ് ചെയ്തു



# കഥകളി മാമാങ്കം

കേരളത്തിലെ പത്തനംതിട്ട ജില്ലയിൽ പുണ്യനദിയായ പമ്പയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന അയിരൂർ ചെറുകോൽപ്പുഴ കഥകളി ഗ്രാമം സംസ്ഥാനത്തെ ആദ്യത്തെ കഥകളി ഗ്രാമമെന്ന ബഹുമതിയുള്ള സമ്പന്നമായ കലാപൈതൃക കേന്ദ്രമാണ്. 2019-ൽ ഗ്രാമപഞ്ചായത്തിന്റെ പ്രമേയത്തെ അടിസ്ഥാനമാക്കി ഇത് ഔദ്യോഗികമായി സംസ്ഥാനത്തെ ആദ്യ കഥകളി ഗ്രാമമായി പ്രഖ്യാപിച്ചു. വിഖ്യാതമായ ഹിന്ദുമത മഹാമണ്ഡലത്തിന്റെ പ്രധാന കേന്ദ്രമായ ചെറുകോൽപ്പുഴയിൽ പമ്പയുടെ മണൽപ്പുറത്ത് നടക്കുന്ന ഉത്സവം കഥകളി പ്രേമികളുടെ ആഘോഷ വേദിയായി മാറിയിട്ടുണ്ട്. 2025 ജനുവരി 7 മുതൽ 12 വരെ കഥകളി ഗ്രാമത്തിൽ സംഘടിപ്പിച്ച വാരാന്തര കഥകളി മാമാങ്കം , 150-തിലധികം കഥകളി കലാകാരന്മാരെയും നിരവധി പ്രേക്ഷകരെയും ആകർഷിച്ചു. "വേഷം" എന്ന കഥകളിയെ ആസ്പദമാക്കി ശ്രീ പള്ളിപ്പുറം ഉണ്ണികൃഷ്ണൻ നായർ രചിച്ച പുസ്തകം കലാമണ്ഡലം അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. കഥകളിയുടെ വേഷങ്ങൾ, ചായങ്ങൾ, ചരിത്രം എന്നിവയെ കുറിച്ചുള്ള വിശദമായ പഠനം ഈ പുസ്തകത്തിലുണ്ട്. ഉത്സവത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി പഠന ക്ലാസുകളും സാഹിത്യ ചർച്ചകളും കഥകളിയുടെ പ്രഭാത പ്രദർശനങ്ങളും സംഘടിപ്പിച്ചു. നാടൻ കലകളോടുള്ള ബോധം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി കഥകളി വർക്ക്ഷോപ്പുകൾ, പ്രഭാഷണങ്ങൾ, നാടക ചർച്ചകൾ എന്നിവയും നടന്നു. അയിരൂർ കഥകളി ക്ലബ് വർക്കിംഗ് പ്രസിഡന്റ് ശ്രീ ജോൺസൺ മാത്യു കഥകളി മേളയെ കുറിച്ച് വിശദീകരിച്ചു.ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് കുട്ടികൾ അവരുടെ അധ്യാപകരോടൊപ്പം ഈ കഥകളി മാമാങ്കത്തിന്റെ ഓരോ ഘട്ടവും ഡോക്യുമെന്റ് ചെയ്തു. നാടൻ തനത് കലകളുടെ മഹത്തായ പൈതൃകത്തെ കുറിച്ചും അതിന്റെ സൂക്ഷ്മതകളെയും ചെറുവിവരങ്ങളെയും കുറിച്ചും കുട്ടികൾക്ക് അറിവ് ലഭിച്ചു. ദേശീയ-ആഗോള തലത്തിൽ കഥകളി പ്രേമികൾക്ക് ഈ കഥകളി മാമാങ്കം ഒരു അവിസ്മരണീയ അനുഭവമായി മാറി.

# നേത്ര പരിശോധന



ഇടയാറൻമുള എഎംഎച്ച്എസ്എസിൽ ജനറൽ ആശുപത്രി പത്തനംതിട്ടയുടെയും, വല്ലന ആരോഗ്യ കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ 16/01/2025 ന് നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. പരിശീലിത അധ്യാപകർ നടത്തിയ പരിശോധനയിൽ കാഴ്ചക്കുറവുള്ള കുട്ടികളെ കണ്ടെത്തി, നേത്ര പരിശോധനയ്ക്ക് വിധേയമാക്കി. ഒപ്റ്റോമെട്രിസ്റ്റുകളായ രഞ്ജു ഡി, രശ്മി എം,നഴ്സിംഗ് അസിസ്റ്റന്റ് ഷീബ എന്നിവർ ക്യാമ്പ് സംഘടിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. ഈ ക്യാമ്പിലൂടെ കണ്ണട ആവശ്യമുള്ള കുട്ടികളെയും വിശദമായ പരിശോധന ആവശ്യമുള്ള കുട്ടികളെയും കണ്ടെത്താൻ സാധിച്ചു.

# വാക്സിനേഷൻ

ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ ഓഗസ്റ്റ് 22-ാം തീയതി രാവിലെ 10 മണി മുതൽ വല്ലന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ 10,15 വയസ്സ് തികഞ്ഞ കുട്ടികൾക്കായി വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. ഡോക്ടർ അമിത് കൃഷ്ണൻ ഈ ക്യാമ്പിന് നേതൃത്വം നൽകി. ഹെൽത്ത് ഇൻസ്പെക്ടർ ഐഡ വാക്സിനേഷന്റെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ക്ലാസ് എടുത്തു. കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനൊപ്പം അവരുടെ ഉയരവും ഭാരവും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. പ്രഥമധ്യാപിക അനില സാമുവൽ, ഹെൽത്ത് ക്ലബ്ബ് കൺവീനർ സൂസൻ ബേബി എന്നിവർ ഈ ചടങ്ങിൽ പ്രസംഗിച്ചു. വാക്സിനേഷൻ കുട്ടികളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും അനിവാര്യമായ ഒരു ഇടപെടലാണ്. ഇത് കുട്ടികളെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുകയും അവരുടെ സമഗ്രമായ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു.

# ഹൃദയ ദിനം

2024 സെപ്റ്റംബർ 29 ലോക ഹൃദയ ദിനാചരണത്തിന്റെ ഭാഗമായി, വിദ്യാർത്ഥികൾ ഹൃദ്രോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ചിത്ര പ്രദർശനം സംഘടിപ്പിച്ചു. തങ്ങളുടെ സർഗ്ഗാത്മക ചിത്രങ്ങളിലൂടെ ഹൃദ്രോഗത്തിന്റെ കാരണങ്ങളും പ്രതിരോധ മാർഗങ്ങളും വിശദീകരിച്ചു. ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, മാനസികാരോഗ്യം എന്നിവയുടെ പ്രാധാന്യം വിദ്യാർത്ഥികൾ തങ്ങളുടെ ചിത്രങ്ങളിലൂടെ കാണിച്ചുതന്നു. ഹൃദ്രോഗം ബാധിക്കുന്നവരുടെ ജീവിതശൈലിയിലെ മാറ്റങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾ ചിത്രങ്ങളിലൂടെ അവതരിപ്പിച്ചു.

# ചിൽഡ്രൻസ് തിയേറ്റർ ക്യാമ്പ്



പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പദ്ധതിയും, വിദ്യാരംഗവും സംയുക്തമായി കലാകൃത എന്ന പേരിൽ ഒരു ചിൽഡ്രൻസ് തിയേറ്റർ ക്യാമ്പ് സംഘടിപ്പിച്ചു. പ്രശസ്ത നാടകകാരനും അദ്ധ്യാപകനുമായ മനോജ് സുനി ക്യാമ്പിന് നേതൃത്വം നൽകി. സ്കൂൾ പ്രഥമ അദ്ധ്യാപിക അനില സാമുവൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു, വിദ്യാരംഗം കൺവീനർ ലീമ മത്തായി നന്ദിയർപ്പിച്ചു. കൈറ്റ് മിസ്ട്രെസ് ആശാ പി മാത്യൂ, പിടിഎ വൈസ് പ്രസിഡന്റ് സന്ധ്യ തുടങ്ങിയവർ ആശംസകൾ അറിയിച്ചു.ഒരു ദിവസം നീണ്ടുനിന്ന ക്യാമ്പ് വിദ്യാർത്ഥികളിൽ ഊർജ്ജം നിറച്ചു. പിടിഎ പ്രതിനിധികൾ സാമ്പത്തിക സഹായം നൽകി. മനോജ് സുനി എഴുതിയ ഉമ്പളങ്ങ എന്ന പുസ്തകം സ്കൂളിന്റെ ഗ്രന്ഥശാലയ്ക്ക് സംഭാവന ചെയ്തു. വിദ്യാർത്ഥികളുടെ നിരീക്ഷണ ശേഷി വളർത്തുന്ന പ്രവർത്തനങ്ങളിലൂടെ ക്യാമ്പ് ആരംഭിച്ചു. ചെറുപ്പം മുതലേ കുട്ടികളിൽ ഉറങ്ങുന്ന കലാകാരനെ ഉണർത്തുകയും അവരുടെ സർഗ്ഗശാല തുറക്കുകയും ചെയ്യുന്ന മികച്ച ഒരു വേദിയാണ് ചിൽഡ്രൻസ് തിയേറ്റർ ക്യാമ്പ്. ഈ ക്യാമ്പുകൾ കുട്ടികളിൽ നാടകം, നൃത്തം, പാട്ട്, വേഷവിധാനം, സംഭാഷണം തുടങ്ങിയ വിവിധ കലാരൂപങ്ങളിലുള്ള താൽപര്യം വളർത്തുന്നു. ചിൽഡ്രൻസ് തിയേറ്റർ ക്യാമ്പുകൾ കുട്ടികളുടെ മാനസിക വികാസത്തിന് വളരെ പ്രധാനമാണ്. ഇത് അവരുടെ സർഗ്ഗശാല തുറക്കുകയും അവരെ സമഗ്രമായ വ്യക്തിത്വങ്ങളായി വളർത്തുകയും ചെയ്യുന്നു. പുതിയ ആശയങ്ങൾ ഉണ്ടാക്കാനും, പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താനും കുട്ടികൾ പഠിക്കുന്നു. പുതിയ ആശയങ്ങൾ ഉണ്ടാക്കാനും, പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താനും കുട്ടികൾ പഠിക്കുന്നു. ഒരു സംഘത്തിന്റെ ഭാഗമായി പ്രവർത്തിക്കാൻ പഠിക്കുന്നു. മറ്റുള്ളവരുമായി ആശയങ്ങൾ പങ്കിടാൻ പഠിക്കുന്നു സഹകരണം വ്യത്യസ്ത വേഷങ്ങൾ അണിയാനും അവയ്ക്ക് അനുയോജ്യമായ ചലനങ്ങളും ശബ്ദങ്ങളും ഉണ്ടാക്കാനും പഠിക്കുന്നു.

# കമ്പ്യൂട്ടർ കളിക്കളം - രക്ഷിതാക്കൾക്കായി



ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ രക്ഷകർത്താക്കൾക്കായി സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഇ-ഗവേണൻസ് സേവനങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ധമായ ക്ലാസുകൾ സംഘടിപ്പിച്ചു. റോബോട്ടിക്സ് വിഭാഗത്തിലെ വിദ്യാർത്ഥികൾ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനവും ഒൻപതാം ക്ലാസിലെ രക്ഷകർത്താക്കൾക്കായി നടത്തി. അനധികൃത പ്രവേശനം ഉണ്ടായാൽ അലാറം മുഴങ്ങുന്ന ഒരു മോഡൽ വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകളെ പ്രകടമാക്കി. ഈ ക്ലാസുകൾ രക്ഷകർത്താക്കൾക്ക് ഏറെ ഉപകാരപ്രദമായിരുന്നു. ആർ.പി. മാരായ ആദിത്യ സുജിത്ത്, രജത്ത് രാജീവ്, നിബിൻ, ജസ്റ്റിൻ, ക്രിസ്റ്റി തുടങ്ങിയ വിദ്യാർത്ഥികളുടെ സജീവമായ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. രക്ഷിതാക്കൾ സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിവ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് മലയാളം ടൈപ്പിംഗ് നൈപുണ്യം നേടി. സ്മാർട്ട് ഫോൺ, ഇന്റർനെറ്റ്, ഇന്റർനെറ്റിന്റെ സുരക്ഷിത ഉപയോഗം,ഇന്റർനെറ്റിന്റെ വ്യാപനത്തോടൊപ്പം ഫോണുകൾക്ക് വന്ന പരിണാമം മനസിലാക്കുക,സ്മാർട്ട് ഫോൺ നിത്യ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം,മൊബൈൽഫോൺ ഉപയോഗം - സുരക്ഷയൊരുക്കാൻ പാസ്‌വേഡുകൾ, ഓൺലൈൻ ലോകത്തെ തട്ടിപ്പുകൾ,പത്രവാർത്തകൾ,രക്ഷിതാവും കുട്ടിയും മൊബൈൽ ഫോൺ ഉപയോഗവും,പതിരും നെല്ലും തിരിച്ചറിയുന്ന വാർത്തകളുടെ കാണാലോകം,വ്യാജവാർത്തകൾ തിരിച്ചറിയുക,അവയെ തടയുന്നതിനുള്ള മാർഗങ്ങൾ, ഇന്റർനെറ്റിലെ ചതിക്കുഴികൾ, ഇന്റർനെറ്റ് ജാഗ്രതയോടെ പ്രയോജനപ്പെടുത്തുന്ന വിധം തുടങ്ങിയവ വിദ്യാർഥികളുടെ നേതൃത്വത്തിൽ ക്ലാസ്സിൽ ചർച്ച ചെയ്തു. ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അപേക്ഷിക്കുന്ന വിധം, പൊതുജനാരോഗ്യ സേവനങ്ങൾ,ഭൂ രജിസ്ട്രേഷൻ തുടങ്ങിയവ സാധ്യമാക്കുന്ന ആപ്പുകളുടെ ഉപയോഗം വിദ്യാർത്ഥികൾ രക്ഷികർത്താക്കളിൽ എത്തിച്ചു. രജിത്ത് രാജീവ് അവതരിപ്പിച്ച ലേസർ സെക്യൂരിറ്റി സിസ്റ്റം വീടുകൾ, ബാങ്കുകൾ, ഓഫീസുകൾ, വാഹനങ്ങൾ, മ്യൂസിയങ്ങൾ തുടങ്ങിയ നിരവധി സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കാൻ ഉപയോഗിക്കാവുന്ന ഒരു ലളിതമായ ഉപകരണമാണ്. ഈ സിസ്റ്റം ഒരു ഇലക്ട്രോണിക് സർക്യൂട്ട് ഉപയോഗിക്കുന്നു. ഇതിൽ ട്രാൻസിസ്റ്റർ, റെസിസ്റ്റർ,എൽഡിആർ (ലൈറ്റ് ഡിപെൻഡന്റ് റെസിസ്റ്റർ), എൽഇഡി , ബസർ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ഈ സിസ്റ്റത്തിന്റെ പ്രധാന ഭാഗം എൽഡിആർ ആണ്. ലേസർ വെളിച്ചം എൽഡിആർ- ൽ പതിക്കുമ്പോൾ ഒരു സർക്യൂട്ട് പൂർത്തിയാകും. എന്നാൽ, ഏതെങ്കിലും ഒരു കാരണവശാൽ ലേസർ വെളിച്ചം തടസ്സപ്പെട്ടാൽ, സർക്യൂട്ട് തുറന്ന് അലാറം മുഴങ്ങും. സാധാരണയായി, നാല് മൂലകളിൽ സ്ഥാപിച്ച മിററുകൾ ഉപയോഗിച്ച് ലേസർ വെളിച്ചം എൽഡിആർ-ൽ പതിപ്പിക്കുന്നു. ഏത് മൂലയിൽ നിന്നായാലും തടസ്സം ഉണ്ടായാൽ, അതനുസരിച്ചുള്ള അലാറം സർക്യൂട്ട് പ്രവർത്തിക്കും. നാസ് പരീക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളായിരുന്നു. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ രക്ഷകർത്താക്കൾക്കായി സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഇ-ഗവേണൻസ് സേവനങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ധമായ ക്ലാസുകൾ സംഘടിപ്പിച്ചു.



# ഗുരുവന്ദനം

സെപ്റ്റംബർ 5 അധ്യാപക ദിനാചരണത്തോടനുബന്ധിച്ച്, 2024 ഓഗസ്റ്റ് 30-ന് ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ 2023-26 ബാച്ച് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നേതൃത്വം വഹിച്ച് ഗുരുവന്ദനം നടത്തി. ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5, അധ്യാപക ദിനമായി ആചരിക്കുന്നു. സർവീസിൽ നിന്നും വിരമിച്ച പ്രഥമ അധ്യാപികയായ ഹെഡ്മിസ്ട്രസ് വിൻസി തോമസിനെ വിദ്യാർത്ഥികൾ പൊന്നാട അണിയിച്ച് ആദരിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ, കൈറ്റ് മാസ്റ്റേഴ്സ് ആശ പി. മാത്യു, ലക്ഷ്മി പ്രകാശ്, പിടിഎ അംഗങ്ങൾ, അധ്യാപകർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. തങ്ങളുടെ പഠനത്തിലും വളർച്ചയിലും അധ്യാപകർ നൽകുന്ന നിർണായക സംഭാവനകളെ അംഗീകരിക്കുന്നതിനുള്ള ഒരു മാർഗമാണ് ഗുരുവന്ദനം. ഇത് വിദ്യാർത്ഥികളിൽ സമൂഹബോധം വളർത്തുകയും, സഹകരണത്തിന്റെയും, സമഗ്രതയുടെയും മൂല്യങ്ങൾ പകർന്നുനൽകുകയും ചെയ്യുന്നുഗുരുവന്ദനം വിദ്യാർത്ഥികൾക്ക് നിരവധി ഗുണങ്ങൾ നൽകുന്നു.

ആദരവും ബഹുമാനവും വളർത്തൽ

ഗുരുക്കന്മാരെ ആദരിക്കുന്നതിലൂടെ, വിദ്യാർത്ഥികൾ മൂല്യങ്ങളുടെയും ആദരവിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നു.

കൃതജ്ഞതയുടെ പ്രകടനം

തങ്ങളുടെ പഠനത്തിനും വളർച്ചയ്ക്കും അധ്യാപകർ നൽകുന്ന സംഭാവനകളെ അംഗീകരിക്കുന്നതിനുള്ള ഒരു മാർഗമാണ് ഗുരുവന്ദനം.

സാംസ്കാരിക പാരമ്പര്യങ്ങളുടെ സംരക്ഷണം

ഗുരുവന്ദനം നമ്മുടെ സംസ്കാരത്തിന്റെ ഒരു പ്രധാന ഭാഗമാണ്. ഇത് വിദ്യാർത്ഥികളിൽ സാംസ്കാരിക അവബോധം വളർത്തുകയും നമ്മുടെ പാരമ്പര്യങ്ങളെ സംരക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ആത്മവിശ്വാസം വർദ്ധിപ്പിക്കൽ

ഗുരുക്കന്മാരുടെ അനുഗ്രഹവും ആശീർവാദവും വിദ്യാർത്ഥികളിൽ

ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.
സമൂഹബോധം വളർത്തൽ
ഇത് വിദ്യാർത്ഥികളിൽ സമൂഹബോധം വളർത്തുകയും, സഹകരണത്തിന്റെയും, സമഗ്രതയുടെയും മൂല്യങ്ങൾ പകർന്നുനൽകുകയും ചെയ്യുന്നു.

# ഡിജി വോട്ട്



2024 ഓഗസ്റ്റ് 16 ന്, എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ 2023-26 ബാച്ച് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജി വോട്ട് എന്ന പേരിൽ നടത്തിയ സ്കൂൾ പാർലമെന്റ് ഇലക്ഷൻ വളരെ വിജയകരമായിരുന്നു. വിദ്യാർത്ഥികൾ തന്നെ തെരഞ്ഞെടുത്ത പ്രിസൈഡിങ് ഓഫീസറുടെ നേതൃത്വത്തിൽ, ക്ലാസുകളിൽ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള വോട്ടിംഗ് നടന്നു. ഈ സോഫ്റ്റ്‌വെയറിൽ കൺട്രോൾ യൂണിറ്റ്, ബാലറ്റ് യൂണിറ്റ് എന്നിവയുണ്ടായിരുന്നു. സെറ്റിംഗ്, സ്റ്റാർട്ട് പോൾ, റിസൾട്ട് എന്നീ ഐക്കണുകൾ ഉപയോഗിച്ച് വോട്ടിംഗ് പ്രക്രിയ സുഗമമായി നടത്തുകയും ഫലങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്തു. റിസൾട്ട് ഐക്കൺ ഉപയോഗിച്ച് എല്ലാ ക്ലാസിലെയും വിജയിയെ കണ്ടെത്താനായി. സോഫ്റ്റ്‌വെയർ വഴി ഫലങ്ങൾ പ്രിന്റ് ചെയ്യാനുള്ള സൗകര്യവും ഉണ്ടായിരുന്നു. ഇലക്ഷനിൽ മത്സരിച്ച എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ നേരത്തെ ഉൾപ്പെടുത്തിയിരുന്നു. ലാപ്ടോപ്പ് കണ്ട്രോൾ യൂണിറ്റായും ആൻഡ്രോയിഡ് ഫോൺ ബാലറ്റ് യൂണിറ്റായും ക്രമീകരിച്ചാണ് വിദ്യാർത്ഥികൾ സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തിയത്.ഓരോ വോട്ട് രേഖപ്പെടുത്തുമ്പോഴുള്ള ബീപ് സൗണ്ടും വിദ്യാർത്ഥികളിൽ സന്തോഷമുളവാക്കി.ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സ്ലിപ് നൽകൽ, മഷി പുരട്ടൽ, വോട്ടർമാരുടെ ഒപ്പ് രേഖപ്പെടുത്തൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ക്രമമായി നിർവഹിച്ചു. അഞ്ചാം ക്ലാസുകാർ ആദ്യമായി വോട്ട് ചെയ്തതിൽ സന്തോഷം പ്രകടിപ്പിച്ചു. എൻസിസി വിദ്യാർത്ഥികൾ ഇലക്ഷന്റെ ക്രമസമാധാനം പാലിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു.

# മാജിക്കിലൂടെ ശാസ്ത്രം




ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2024 ജൂലൈ 27ന് അജിത് അഞ്ചാലുംമൂട് നടത്തിയ മാജിക് ഷോയിലൂടെ വിദ്യാർത്ഥികൾക്ക് ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിലെ അടിസ്ഥാന തത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ആശ പി മാത്യു യോഗത്തിന് സ്വാഗതവും, സീന ജോയി നന്ദിയും പ്രകാശിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഈ പ്രവർത്തനങ്ങൾ സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും ലൈവ് ടെലികാസ്റ്റ് ചെയ്തു.
ഡോക്യുമെന്റേഷൻ തയ്യാറാക്കി സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു.നീല ലിറ്റ്മസ് പേപ്പർ ചുവപ്പാക്കുന്നതും, നാരങ്ങ ഉപയോഗിച്ച് നിറം മാറ്റുന്നതുമായ പ്രവർത്തനങ്ങളിലൂടെ ആസിഡുകളെക്കുറിച്ചുള്ള അറിവ് കുട്ടികളിൽ വളർത്തി. ബലൂൺ ഊതി വീർപ്പിക്കുന്ന പ്രവർത്തനത്തിലൂടെ വായുവിന്റെ മർദ്ദത്തെക്കുറിച്ചും, പച്ചവെള്ളം ഉപയോഗിച്ച് തിരി കത്തിക്കുന്നതിലൂടെ കേശിക പ്രവർത്തനത്തെക്കുറിച്ചും വിദ്യാർത്ഥികൾക്ക് മനസ്സിലായി. ഒരു ബീക്കറിൽ കത്തിച്ച മെഴുകുതിരി അണയുന്നത് കൊണ്ട് തീ കത്താൻ ഓക്സിജൻ ആവശ്യമാണെന്ന് മനസ്സിലാക്കി.ഗണിതശാസ്ത്രത്തെ രസകരമാക്കുന്ന വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഗണിത ഭയം കുറച്ചു. ഞെട്ട് തിരിഞ്ഞുവരുന്നത്, ക്യൂബ് ബോളായി മാറുന്നത്, ശൂന്യതയിൽ നിന്ന് പൈസ എടുക്കുന്നത് തുടങ്ങിയ മാജിക് ഷോകൾ കുട്ടികളെ രസിപ്പിച്ചു.റോഡ് സുരക്ഷയുടെ പ്രാധാന്യം മാജിക് വഴി വിശദീകരിച്ചു.

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ ശാസ്ത്രത്തോടുള്ള താത്പര്യം വളർത്തുകയും, ശാസ്ത്രം ഒരു വിനോദമായി കാണാൻ പ്രേരിപ്പിക്കുകയും ചെയ്യുക
- ഗണിതത്തെ കുറിച്ചുള്ള കുട്ടികളുടെ ഭയം കുറച്ച് അതിനെ ഒരു ഗെയിം പോലെ കാണാൻ പ്രേരിപ്പിക്കുക
- മാജിക് ഉപയോഗിച്ച് പാഠങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിക്കുക
- കുട്ടികളുടെ സർഗ്ഗശക്തി വളർത്തുകയും അവരുടെ ചിന്താശക്തിയെ ഉത്തേജിപ്പിക്കുകയും ചെയ്യുക
- റോഡ് സുരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കുക,അവരെ സുരക്ഷിതമായി യാത്ര ചെയ്യാൻ പ്രേരിപ്പിക്കുക
- കുട്ടികളിൽ സമൂഹബോധം വളർത്തുകയും അവരെ നല്ല പൗരന്മാരാക്കി വളർത്തുക തുടങ്ങിയവയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ.



# സ്കൂൾതല ക്യാമ്പ്

പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ 2023-26 ലെ ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ സ്കൂൾതല ക്യാമ്പ് 2024 ഒക്ടോബർ അഞ്ചിന് സ്കൂൾ ഐടി ലാബിൽ നടന്നു. രാവിലെ പത്തുമണിക്ക് സീനിയർ അസിസ്റ്റന്റ് അനീഷ് ബെഞ്ചമിൻ ഉദ്ഘാടനം ചെയ്ത സ്കൂൾതല ക്യാമ്പിന് കൈറ്റ് മാസ്റ്റേഴ്സായ സുനിത എൻ എസ്, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ നേതൃത്വം നൽകി. കൈറ്റ് തയ്യാറാക്കിയ പ്രത്യേക പാഠ്യപദ്ധതി അടിസ്ഥാനമാക്കിയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഡിസൈനിങ്, പ്രോഗ്രാമിംഗ് വിഭാഗങ്ങളിലായിട്ടാണ് ക്യാമ്പ് നടന്നത്. മറ്റ് വിദ്യാലയങ്ങളിൽ നിന്നുള്ള സ്കൂൾ ഐടി കോഡിനേറ്റർമാരുടെ നേതൃത്വത്തിലാണ് ഈ വർഷത്തെ ക്യാമ്പ് നടന്നത്. ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങൾക്കും ഹാജർ അന്നേദിവസം തന്നെ ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തി. ഓണം എന്ന പ്രധാന തീമിനെ അടിസ്ഥാനമാക്കിയാണ് ക്യാമ്പിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയത്. വിദ്യാർത്ഥികൾക്ക് വിഭവസമൃദ്ധമായ ഉച്ചഭക്ഷണം ഒരുക്കി. ഉച്ചയ്ക്ക് ശേഷം പ്രോഗ്രാമിംഗ് വിഭാഗത്തിലൂടെ വിദ്യാർത്ഥികളുടെ കഴിവുകളും താൽപര്യങ്ങളും വളർത്തി.ഓണത്തെ പ്രധാന തീമായി സ്വീകരിച്ച്, ക്യാമ്പിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സ്ക്രാച്ച് ഉപയോഗിച്ച് ഓണാഘോഷത്തിനു യോജിച്ച ഓഡിയോ ബീറ്റുകൾ സൃഷ്ടിക്കൽ, ഓണത്തെ ആധാരമാക്കിയുള്ള കമ്പ്യൂട്ടർ ഗെയിമുകൾ രൂപകൽപ്പന ചെയ്യൽ, ഓപ്പൺ ടൂൺസ് ആനിമേഷൻ സോഫ്റ്റ്‌വെയർഉപയോഗിച്ച് അനിമേഷൻ ജിഫ് ചിത്രങ്ങൾ നിർമ്മിക്കൽ, പ്രമോഷണൽ വീഡിയോകൾ തയ്യാറാക്കൽ എന്നിവയായിരുന്നു ക്യാമ്പിലെ പ്രധാന പ്രവർത്തനങ്ങൾ.താളവാദ്യങ്ങളുടെ സാങ്കേതികതയെ കുറിച്ചുള്ള ധാരണ കൈവരിക്കുന്ന പ്രവർത്തനമായിട്ടാണ് ക്യാമ്പ് ആരംഭിച്ചത്. സ്ക്രാച്ചിൽ റിഥം കമ്പോസിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓണാഘോഷവുമായി ബന്ധപ്പെട്ട ഓഡിയോ ബീറ്റുകൾ തയ്യാറാക്കി.വിദ്യാർത്ഥികൾ ഓണാശംസകൾ അടങ്ങിയ അനിമേറ്റഡ് ചിത്രങ്ങൾ തയ്യാറാക്കി. പൂക്കളുള്ള പശ്ചാത്തലത്തിൽ ഒരു മരക്കൊമ്പിൽ കെട്ടിയിരിക്കുന്ന ഊഞ്ഞാലിൽ ആടുന്ന കിളിയും, ഹാപ്പി ഓണം എന്ന എഴുത്തും, ഈ ചിത്രങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ലളിതമായ അനിമേഷൻ സന്ദേശങ്ങൾ സൃഷ്ടിക്കാൻ ഓപ്പൺ ടൂൺസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചു. കിളിയെ അനിമേഷൻ ചെയ്യുമ്പോൾ അതിന്റെ സ്ഥാനവും വലിപ്പവും

പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ 2023-26 ലെ ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ സ്കൂൾതല ക്യാമ്പ് 2024 ഒക്ടോബർ അഞ്ചിന് സ്കൂൾ ഐടി ലാബിൽ നടന്നു. രാവിലെ പത്തുമണിക്ക് സീനിയർ അസിസ്റ്റന്റ് അനീഷ് ബെഞ്ചമിൻ ഉദ്ഘാടനം ചെയ്ത സ്കൂൾതല ക്യാമ്പിന് കൈറ്റ് മാസ്റ്റേഴ്സായ സുനിത എൻ എസ്, ലക്ഷ്മി പ്രകാശ് തുടങ്ങിയവർ നേതൃത്വം നൽകി. കൈറ്റ് തയ്യാറാക്കിയ പ്രത്യേക പാഠ്യപദ്ധതി അടിസ്ഥാനമാക്കിയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഡിസൈനിങ്, പ്രോഗ്രാമിംഗ് വിഭാഗങ്ങളിലായിട്ടാണ് ക്യാമ്പ് നടന്നത്. മറ്റ് വിദ്യാലയങ്ങളിൽ നിന്നുള്ള സ്കൂൾ ഐടി കോഡിനേറ്റർമാരുടെ നേതൃത്വത്തിലാണ് ഈ വർഷത്തെ ക്യാമ്പ് നടന്നത്. ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങൾക്കും ഹാജർ അന്നേദിവസം തന്നെ ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തി. ഓണം എന്ന പ്രധാന ടീമിനെ അടിസ്ഥാനമാക്കിയാണ് ക്യാമ്പിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയത്. വിദ്യാർത്ഥികൾക്ക് വിഭവസമൃദ്ധമായ ഉച്ചഭക്ഷണം ഒരുക്കി. ഉച്ചയ്ക്ക് ശേഷം പ്രോഗ്രാമിംഗ് വിഭാഗത്തിലൂടെ വിദ്യാർത്ഥികളുടെ കഴിവുകളും താൽപര്യങ്ങളും വളർത്തി.ഓണത്തെ പ്രധാന തീമായി സ്വീകരിച്ച്, ക്യാമ്പിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സ്ക്രാച്ച് ഉപയോഗിച്ച് ഓണാഘോഷത്തിനു യോജിച്ച ഓഡിയോ ബീറ്റുകൾ സൃഷ്ടിക്കൽ, ഓണത്തെ ആധാരമാക്കിയുള്ള കമ്പ്യൂട്ടർ ഗെയിമുകൾ രൂപകൽപ്പന ചെയ്യൽ, ഓപ്പൺ ടൂൺസ് ആനിമേഷൻ സോഫ്റ്റ്‌വെയർഉപയോഗിച്ച് അനിമേഷൻ ജിഫ് ചിത്രങ്ങൾ നിർമ്മിക്കൽ, പ്രമോഷണൽ വീഡിയോകൾ തയ്യാറാക്കൽ എന്നിവയായിരുന്നു ക്യാമ്പിലെ പ്രധാന പ്രവർത്തനങ്ങൾ.താളവാദ്യങ്ങളുടെ സാങ്കേതികതയെ കുറിച്ചുള്ള ധാരണ കൈവരിക്കുന്ന പ്രവർത്തനമായിട്ടാണ് ക്യാമ്പ് ആരംഭിച്ചത്. സ്ക്രാച്ചിൽ റിഥം കമ്പോസിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓണാഘോഷവുമായി ബന്ധപ്പെട്ട ഓഡിയോ ബീറ്റുകൾ തയ്യാറാക്കി.വിദ്യാർത്ഥികൾ ഓണാശംസകൾ അടങ്ങിയ അനിമേറ്റഡ് ചിത്രങ്ങൾ തയ്യാറാക്കി. പൂക്കളമുള്ള പശ്ചാത്തലത്തിൽ ഒരു മരക്കൊമ്പിൽ കെട്ടിയിരിക്കുന്ന ഊഞ്ഞാലിൽ ആടുന്ന കിളിയും, ഹാപ്പി ഓണം എന്ന എഴുത്തും, ഈ ചിത്രങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ലളിതമായ അനിമേഷൻ സന്ദേശങ്ങൾ സൃഷ്ടിക്കാൻ ഓപ്പൺ ടൂൺസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചു. കിളിയെ അനിമേഷൻ ചെയ്യുമ്പോൾ അതിന്റെ സ്ഥാനവും വലിപ്പവും മാറ്റാനുള്ള സാധ്യത വിദ്യാർത്ഥികളെ ആകർഷിച്ചു. ചിത്രത്തിന്റെ വലിപ്പം മാറ്റാനും ചിത്രം പൂർത്തിയാക്കാനുമുള്ള പ്രക്രിയ അവർക്ക് വളരെ രസകരമായി തോന്നി.പ്രേക്ഷകരിൽ ആശയങ്ങൾ വേഗത്തിൽ പകർത്താൻ പ്രമോഷൻ വീഡിയോകൾ സഹായിക്കുന്നു. ഈ സെക്ഷനിലെ പ്രവർത്തനം രണ്ടു ഘട്ടങ്ങളായി പൂർത്തിയാക്കി. ആദ്യം ഓണവുമായി ബന്ധപ്പെട്ട പ്രമോഷൻ വീഡിയോ നിർമ്മാണം നടത്തി. പിന്നീട് വിവിധ അസൈൻമെന്റുകൾ ചെയ്തു.ഓണാഘോഷത്തെ

# അവധിക്കാല ഐ ടി ക്യാമ്പ്

ഇടയാറന്മുള എ.എം.എം. ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഏപ്രിൽ 1 2025 മുതൽ ഏപ്രിൽ 11 വരെ 10 ദിവസം നീണ്ട അവധിക്കാല ഐ ടി ക്യാമ്പ് സംഘടിപ്പിച്ചു.ക്യാമ്പിന്റെ ഉദ്ഘാടന കർമ്മം സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ നിർവഹിച്ചു. കൈറ്റ് മിസ്ട്രസ്സമാരായ ആശ പി. മാത്യു സ്വാഗതവും, ലക്ഷ്മി പ്രകാശ് നന്ദിയും അർപ്പിച്ചു. പൂർവ വിദ്യാർത്ഥികളായ ആയുഷ് എസും, അനന്ദു കൃഷ്ണനും വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അഭിജിത് അജിത്, അക്ഷയ് അരുൺ, രോഹിത് രമേശ് എന്നിവരായിരുന്നു ക്ലാസുകൾ കൈകാര്യം ചെയ്തത്. ആനിമേഷൻ, അർഡിനോ, സ്ക്രാച്, മലയാളം ടൈപ്പിംഗ്, വീഡിയോ എഡിറ്റിങ്, മാഗസിൻ എഡിറ്റിങ് എന്നീ വിഷയങ്ങളിലായിരുന്നു ക്ലാസുകൾ. 5 മുതൽ 9 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾ ഈ ക്യാമ്പിൽ സജീവമായി പങ്കെടുത്തു.കുട്ടികളും രക്ഷിതാക്കളും ക്യാമ്പിന്റെ അനുഭവങ്ങൾ പങ്കുവെച്ചു. അറിവിന്റെ പുതിയ പാതകളിലേക്ക് കുട്ടികളെ നയിക്കാൻ ഈ ക്യാമ്പ് വലിയൊരു വഴികാട്ടിയായി മാറി.ഇടയാറന്മുള എം.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തി. ലിറ്റിൽ കൈറ്റ്സ് അവധിക്കാല ക്യാമ്പിനോട് അനുബന്ധിച്ച് ഇന്ന് സമൂഹം നേരിടുന്ന ലഹരി എന്ന വിപത്തിനെക്കുറിച്ച് സ്കൂൾ പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ വിദ്യാർഥികൾക്ക് ബോധവത്കരണം നൽകി. ലഹരി ഉൾപ്പെടെയുള്ള സാമൂഹിക വിപത്തുകളിൽനിന്ന് വിദ്യാർഥികളെ രക്ഷിക്കുക, സഹജീവികളെ മാനിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലഹരിവിരുദ്ധ പ്രതിജ്ഞ സംഘടിപ്പിച്ചത്. എട്ടാം ക്ലാസ് വിദ്യാർഥിയായ ആദിത്യ സുജിത്ത് പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ, ആഷ പി. മാത്യു, ലക്ഷ്മി പ്രകാശ് എന്നിവർ ആശംസകൾ അറിയിച്ചു.ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയത്തിൽ ഏപ്രിൽ 7, 2025-ന് പ്രത്യേക ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ ക്ലാസിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.ആർവെൻഷൻ ടെക്നോളജീസ് എൽ.എൽ.പി., ടെക്നോപാർക്കിലെ ഫൗണ്ടറും സി.ഇ.ഒയും ആയ അബി അശോകം, എമഡോൺ എ.ഐ എഡിയോ ലാബ് പ്രൈവറ്റ് ലിമിറ്റഡിന്റെ കോ-ഫൗണ്ടറും എം.ഡി.യുമായ അരുൺ യു.എൽയും ചേർന്നാണ് ക്ലാസിന് നേതൃത്വം നൽകിയത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അതിരുകളില്ലാത്ത സാധ്യതകളെക്കുറിച്ചും അതിന്റെ പ്രായോഗിക ഉപയോഗങ്ങളെക്കുറിച്ചും വ്യക്തതയോടെയും ആകർഷകമായ രീതിയിലും ക്ലാസിൽ അവതരിപ്പിച്ചു.സമ്മർ ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളും രക്ഷിതാക്കളും ക്ലാസിൽ സജീവമായി പങ്കാളികളായി. ലിറ്റിൽ കൈറ്റ് മിസ്ട്രസ് ലക്ഷ്മി പ്രകാശ് സ്വാഗതവും, എബിൻ ജിയോ മാത്യു നന്ദിയും അറിയിച്ചു. സ്കൂളിലെ സീനിയർ അസിസ്റ്റന്റ് അനീഷ് ബെഞ്ചമിൻ ആശംസകൾ അർപ്പിച്ചു.

# ഉബുണ്ടു ഫെസ്റ്റ്

ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഉബുണ്ടു ഫെസ്റ്റ് നടത്തി.2025-26 അദ്ധ്യയനവർഷം ആരംഭിക്കുന്നതോടെ എട്ട് ഒൻപത്, പത്താം ക്ലാസുകളിലെ ഐ.ടി. പാഠപുസ്തകങ്ങളിൽ നിർണ്ണായകമായ മാറ്റങ്ങൾ നടപ്പിലാകുകയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശാനുസരണം പുതിയ ഐ.ടി. പഠനക്രമങ്ങൾ പിന്തുടരുന്നതിന് ആവശ്യമായ സാങ്കേതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനിന്റെ ഭാഗമായാണ് 2025 ഏപ്രിൽ 16-ന് ഇടയാറൻമുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഉബുണ്ടു 22.04 ഇൻസ്റ്റലേഷൻ പ്രക്രിയ സംഘടിപ്പിച്ചത്.ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ വിദ്യാർത്ഥികളാണ് വിവിധ കമ്പ്യൂട്ടറുകളിൽ ഉബുണ്ടു 22.04 ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുതും, അനുബന്ധ സേവനങ്ങൾ സജ്ജമാക്കിയതും. ഈ പ്രക്രിയ വിദ്യാർത്ഥികളുടെ സാങ്കേതിക മികവിനെ പ്രകടിപ്പിക്കുന്നതായിരുന്നു.വിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ പരിവർത്തനത്തിന് സ്കൂൾ തലത്തിൽ തന്നെ വിദ്യാർത്ഥികളെ സജീവമായി പങ്കാളികളാക്കുന്ന മാതൃകാപരമായ സംരംഭമായിരുന്നു ഇത്. ലളിതമായ സംവിധാനങ്ങളിലൂടെ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും സ്വയം പ്രവർത്തിക്കാനുള്ള ആത്മവിശ്വാസം കുട്ടികൾക്ക് നൽകുകയും ചെയ്യുന്നതിൽ ഈ പ്രവർത്തനത്തിന് വലിയ പങ്കുണ്ടായി. ഈ സംരംഭത്തിലൂടെ വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിക്കുവാൻ ഇടയായി.

# കുട്ടികഥകളും കവിതകളും



നിരഞ്ജന എ

## പാട്ടുപാടി ഓടും പക്ഷി

പാട്ടുപാടി ഓടും പക്ഷി,
പിന്നാലെ ചിരിയുന്ന ഞാനേ,
തണലിൽ കിടന്നു സന്ധ്യ,
പുതിയ സ്വപ്നങ്ങൾ കാത്തു നാം.
പാടുന്നു വീശുന്ന കാറ്റ്,
നാളെയൊരു രാഗം പോലെ,
വർത്തമാനത്തിന് പിന്നാലെ
പുതിയ താളങ്ങൾ ഗായിക്കും.



അമീൻ മുഹമ്മദ്

## അമ്മ

വാത്സല്യം നിൻ കണ്ണിൽ, സ്നേഹം നിൻ
മൊഴിയിൽ,
കൈപിടിച്ച് നടത്തിയ ദേവി എൻ അമ്മ.
കാവലായ് നിന്നവൾ, വിശപ്പകറ്റിയവൾ,
അമ്മയെന്നെന്നും എൻ വഴികാട്ടി.

സ്വർഗ്ഗം നിൻ മടിയിൽ, സ്നേഹം
വെളിച്ചം,
അമ്മേ, നീയെന്നും എൻ ഹൃദയത്തിൽ.



## ജസ്റ്റിൻ ചെറിയാൻ ടിജു

# നക്ഷത്ര മഴവിൽ

രാത്രിയുടെ കറുപ്പിൽ ഒരു വിസ്മയം,
നക്ഷത്രങ്ങൾ മെനഞ്ഞൊരു മഴവിൽ.
തെളിഞ്ഞ വെളിച്ചത്തിൻ വളവുകൾ,
ഇതുവരെ കാണാത്തൊരു ഭംഗി.
ഓരോ നക്ഷത്രവും ഓരോ തുള്ളി,
പ്രകാശത്തിൻ ഏഴ് വർണ്ണങ്ങൾ പോലെ.
മിന്നിത്തിളങ്ങുന്നൊരു പാലം തീർക്കുന്നു,
അനന്തതയിലേക്ക് നീളുന്ന സ്വപ്നം.
ചന്ദ്രൻ പോലും അതിശയത്തോടെ നോക്കി,
ഈ പുതിയ വർണ്ണരാജിയിൽ ലയിച്ചു.
നമ്മുടെ കണ്ണുകൾ തേടുന്ന ദൂരെ,
പ്രകൃതി ഒളിപ്പിച്ചൊരു മാന്ത്രിക ചിത്രം.
ഇങ്ങനെയൊരു കാഴ്ച ഭൂമിയിൽ ഇല്ല,
പക്ഷേ എൻറെ സ്വപ്നങ്ങളിൽ മാത്രം വിരിഞ്ഞു.
നക്ഷത്ര മഴവിൽ, ആകാശത്തിൻ അത്ഭുതം,
ഒരിക്കലും മായാത്ത എന്റെ കവിത.



## ആദിത്യ കൃഷ്ണ എം.ആർ

# പ്രകൃതി

മരങ്ങൾ തൻ തണൽ, കുളിരുള്ള കാറ്റ്,
പുഴയൊഴുകും ശബ്ദം, കിളിയുടെ പാട്ട്.
പൂക്കൾ ചിരിക്കും, ചിത്രശലഭം പറക്കും,
പ്രകൃതി തൻ സൗന്ദര്യം മനസ്സു നിറയ്ക്കും.

മഴത്തുള്ളി വീഴുമ്പോൾ മണ്ണിന്റെ ഗന്ധം,
ഇലകളിൽ തിളങ്ങും സൂര്യന്റെ ചന്തം.
രാത്രിയിൽ മിന്നുന്ന താരക ദീപം,
പ്രകൃതിയെ സ്നേഹിക്കാം, അതൊരു വരദാനം.



# പ്രകൃതിയുടെ സംരക്ഷണം – നമ്മുടെ കടമ

**കീർത്തിക എസ്**

നമ്മുടെ ഭൂമി അതിശയകരമായ ഒരു ഗ്രഹമാണ്. പച്ചപ്പ് നിറഞ്ഞ വനങ്ങളും, നീല നിറത്തിലുള്ള കടലുകളും, ഉയരം കൂടിയ മലനിരകളും, ഒഴുകി നടക്കുന്ന നദികളും - ഇതെല്ലാം പ്രകൃതിയുടെ മനോഹരമായ സൃഷ്ടികളാണ്. ഈ പ്രകൃതി നമുക്ക് ജീവിക്കാൻ ആവശ്യമായതെല്ലാം നൽകുന്നു. ശുദ്ധമായ വായു, കുടിക്കാൻ വെള്ളം, കഴിക്കാൻ ഭക്ഷണം, താമസിക്കാൻ ഇടം - എല്ലാം പ്രകൃതിയുടെ ദാനമാണ്.

എന്നാൽ ഇന്ന്, മനുഷ്യൻ്റെ ചില പ്രവൃത്തികൾ കാരണം പ്രകൃതി അപകടത്തിലാണ്. വനനശീകരണം, മലിനീകരണം, കാലാവസ്ഥാ മാറ്റം എന്നിവയെല്ലാം പ്രകൃതിക്ക് ദോഷം വരുത്തുന്ന കാര്യങ്ങളാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭൂമിയെയും ജലാശയങ്ങളെയും വിഷലിപ്തമാക്കുന്നു. വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും പുറന്തള്ളുന്ന വിഷവാതകങ്ങൾ അന്തരീക്ഷത്തെ മലിനമാക്കുന്നു. ഇത് മനുഷ്യൻ്റെ ആരോഗ്യത്തിനും മറ്റ് ജീവജാലങ്ങൾക്കും ദോഷകരമാണ്.

പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ചെറിയ കാര്യങ്ങൾ ശ്രദ്ധിച്ചാൽ പോലും നമുക്ക് വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും. കൂടുതൽ മരങ്ങൾ നടുക, ജലം പാഴാക്കാതിരിക്കുക, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, മാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് സംസ്കരിക്കുക, ഊർജ്ജം ലാഭിക്കുക - ഇതൊക്കെ നമുക്ക് ചെയ്യാൻ കഴിയുന്ന ചില കാര്യങ്ങളാണ്.

നമ്മുടെ അടുത്ത തലമുറയ്ക്ക് വേണ്ടി ഈ ഭൂമിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. അവർക്കും ശുദ്ധമായ വായുവും വെള്ളവും, ആരോഗ്യകരമായ ഒരു ചുറ്റുപാടും അനുഭവിക്കാൻ അവകാശമുണ്ട്. പ്രകൃതിയെ സ്നേഹിക്കുക, അതിനെ സംരക്ഷിക്കുക - അതാണ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നല്ല കാര്യം.

# പൂച്ചയും നക്ഷത്രക്കുഞ്ഞും



ക്രിസ്റ്റി തോമസ് ജേക്കബ്

ഒരിക്കൽ ഒരു ചെറിയ പൂച്ചയുണ്ടായിരുന്നു. അതിന്റെ പേര് മിന്നു എന്നായിരുന്നു. മിന്നുവിന് രാത്രിയിൽ ജനലിന്റെ പുറത്തിരുന്ന് ആകാശം നോക്കാൻ വലിയ ഇഷ്ടമായിരുന്നു. തിളങ്ങുന്ന നക്ഷത്രങ്ങളെ കാണുമ്പോൾ മിന്നുവിന് വലിയ അത്ഭുതമായിരുന്നു.

ഒരു രാത്രി, മിന്നു ജനലിൽ ഇരിക്കുമ്പോൾ ഒരു നക്ഷത്രം താഴേക്ക് വീഴുന്നത് കണ്ടു. അത് ഒരു കുഞ്ഞു നക്ഷത്രമായിരുന്നു. അതിന് ചിറകുകളുണ്ടായിരുന്നു, ഒരു കുഞ്ഞു മാലാഖയെപ്പോലെ. മിന്നു പതിയെ ജനൽ തുറന്നു. നക്ഷത്രക്കുഞ്ഞ് പേടിച്ച് വിറക്കുകയായിരുന്നു.

"പേടിക്കണ്ട, ഞാൻ നിന്നെ ഉപദ്രവിക്കില്ല,"

മിന്നു പതുക്കെ പറഞ്ഞു. നക്ഷത്രക്കുഞ്ഞിന് മിന്നുവിന്റെ ശബ്ദം ഇഷ്ടപ്പെട്ടു. അവൻ മിന്നുവിന്റെ അടുത്തേക്ക് വന്നു.

"എന്റെ വീട്ടിലേക്ക് തിരികെ പോകാൻ എനിക്ക് വഴി തെറ്റിപ്പോയി," നക്ഷത്രക്കുഞ്ഞ് കരഞ്ഞുകൊണ്ട് പറഞ്ഞു.

മിന്നുവിന് സങ്കടം വന്നു. അവൻ നക്ഷത്രക്കുഞ്ഞിനെ വീട്ടിലേക്ക് ക്ഷണിച്ചു. അവർ ഒരുമിച്ച് കളിച്ചു, കഥകൾ പറഞ്ഞു. മിന്നുവിന് നക്ഷത്രക്കുഞ്ഞിനെ ഒരുപാട് ഇഷ്ടമായി.

രാത്രിയായപ്പോൾ മിന്നു നക്ഷത്രക്കുഞ്ഞിനെ തന്റെ കൂട്ടിൽ കിടത്തി. രാവിലെ, സൂര്യൻ ഉദിച്ചപ്പോൾ നക്ഷത്രക്കുഞ്ഞ് ഉണർന്നു. അവന്റെ ചിറകുകൾക്ക് ശക്തി തിരിച്ചുകിട്ടിയിരുന്നു.

"എനിക്ക് ഇപ്പോൾ തിരികെ പോകാൻ കഴിയും," നക്ഷത്രക്കുഞ്ഞ് സന്തോഷത്തോടെ പറഞ്ഞു. "എന്നാൽ ഞാൻ നിന്നെ ഒരിക്കലും മറക്കില്ല, മിന്നു."

നക്ഷത്രക്കുഞ്ഞ് മിന്നുവിന് ഒരു ചെറിയ സമ്മാനം കൊടുത്തു - തിളങ്ങുന്ന ഒരു കല്ല്. അത് രാത്രിയിൽ നക്ഷത്രം പോലെ തിളങ്ങും. നക്ഷത്രക്കുഞ്ഞ് ചിറകുകൾ വിരിച്ച് ആകാശത്തിലേക്ക് പറന്നുപോയി.

മിന്നു എല്ലാ രാത്രിയിലും ജനലിൽ ഇരുന്നു, ആ കല്ലിലേക്ക് നോക്കി. അപ്പോൾ അവന് നക്ഷത്രക്കുഞ്ഞിനെ ഓർമ്മ വരും. ചിലപ്പോൾ, ദൂരെ ആകാശത്തിൽ ഒരു നക്ഷത്രം കൂടുതൽ തിളങ്ങുന്നതായി മിന്നുവിന് തോന്നി. ഒരുപക്ഷേ, അത് അവന്റെ കൂട്ടുകാരൻ തിരികെ വരുന്നുണ്ടാകും. ആ സ്നേഹം മിന്നുവിന്റെ ഹൃദയത്തിൽ എന്നും ഒരു തിളക്കമായി നിന്നു. ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കുമ്പോൾ, മിന്നു ആ കുഞ്ഞു നക്ഷത്രത്തെയും അവരുടെ സൗഹൃദത്തെയും ഓർമ്മിച്ചു.

# സൈബർ ലോകത്തെ ചതിക്കുഴികൾ



രജത്ത് രാജീവ്

ഇന്റർനെറ്റ് ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. വിവരങ്ങൾ അറിയാനും ആശയവിനിമയം നടത്താനും വിനോദത്തിനും കച്ചവടത്തിനുമെല്ലാം നാം ഈ ഡിജിറ്റൽ ലോകത്തെ ആശ്രയിക്കുന്നു. എന്നാൽ, ഈ സൗകര്യങ്ങൾക്കൊപ്പം ഒളിഞ്ഞിരിക്കുന്ന അപകടങ്ങളെക്കുറിച്ചും നാം ബോധവാന്മാരായിരിക്കേണ്ടതുണ്ട്. സൈബർ തട്ടിപ്പുകൾ ഇന്ന് വർധിച്ചു വരുന്ന ഒരു സാമൂഹിക പ്രശ്നമാണ്. ഓരോ ദിവസവും പുതിയ തട്ടിപ്പുകളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. മുൻപ് കേട്ടിട്ടില്ലാത്ത ചില തട്ടിപ്പുകൾ ഇപ്പോൾ പ്രചാരത്തിലുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുണ്ടാക്കുന്ന ഡീപ് ഫേക്ക് വീഡിയോകൾ ഒരു ഉദാഹരണമാണ്. ഇത് ഉപയോഗിച്ച് നിങ്ങളുടെ അടുത്ത സുഹൃത്തുക്കളോ ബന്ധുക്കളോ അത്യാവശ്യമാണെന്ന് പറഞ്ഞ് പണം ആവശ്യപ്പെടുന്ന വീഡിയോകൾ ഉണ്ടാക്കിയേക്കാം. അതുപോലെ, സർക്കാർ സേവനങ്ങളുടേതെന്ന വ്യാജേനയുള്ള ആപ്ലിക്കേഷനുകൾ വഴി നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ ചോർത്താനും സാധ്യതയുണ്ട്. ക്രിപ്റ്റോ കറൻസിയിലെ ഉയർന്ന ലാഭം വാഗ്ദാനം ചെയ്യുന്ന തട്ടിപ്പുകൾ, എളുപ്പത്തിൽ പണം സമ്പാദിക്കാമെന്ന വ്യാജ തൊഴിൽ വാഗ്ദാനങ്ങൾ, സോഷ്യൽ മീഡിയയിലെ ആകർഷകമായ സമ്മാന വാഗ്ദാനങ്ങൾ എന്നിവയെല്ലാം ഇന്ന് സാധാരണമായി കാണുന്ന സൈബർ തട്ടിപ്പുകളാണ്.

ഈ തട്ടിപ്പുകളിൽ നിന്ന് രക്ഷനേടാൻ ചില മുൻകരുതലുകൾ എടുക്കുന്നത് വളരെ പ്രധാനമാണ്. അപരിചിതരിൽ നിന്നുള്ള ലിങ്കുകളിലോ സന്ദേശങ്ങളിലോ ക്ലിക്ക് ചെയ്യാതിരിക്കുക, നിങ്ങളുടെ വ്യക്തിഗത വിവരങ്ങളോ ബാങ്ക് വിവരങ്ങളോ ആരുമായി പങ്കുവെക്കാതിരിക്കുക, ഔദ്യോഗിക വെബ്സൈറ്റുകളിൽ നിന്ന് മാത്രം ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്യുക, അമിതമായ ലാഭം വാഗ്ദാനം ചെയ്യുന്ന നിക്ഷേപങ്ങളിൽ നിന്ന് ശ്രദ്ധിക്കുക, സോഷ്യൽ മീഡിയയിൽ നിങ്ങളുടെ സ്വകാര്യത കാത്തുസൂക്ഷിക്കുക എന്നിവയെല്ലാം സുരക്ഷിതമായിരിക്കാനുള്ള ചില വഴികളാണ്. എന്തെങ്കിലും സംശയാസ്പദമായി തോന്നിയാൽ ഉടൻതന്നെ സൈബർ പോലീസിനെ അറിയിക്കുക.

ഓർക്കുക, സൈബർ ലോകം ഒരുപാട് സാധ്യതകൾ നൽകുന്നതോടൊപ്പം തന്നെ അപകടങ്ങളും നിറഞ്ഞതാണ്. ജാഗ്രതയും ശ്രദ്ധയും ഉണ്ടെങ്കിൽ നമുക്ക് ഈ

# എഡിറ്റോറിയൽ ബോർഡ്



അനില സാമുവേൽ കെ
ഹെഡ്മിസ്ട്രസ്



ലക്ഷ്മി പ്രകാശ്
കൈറ്റ് മാസ്റ്റർ



ആഷ പി മാത്യു
കൈറ്റ് മിസ്ട്രസ്



ജെബി തോമസ്
സ്റ്റാഫ് സെക്രട്ടറി



ലീമ മത്തായി
വിദ്യാരംഗം കൺവീനർ



അലീഷ സുനിൽ
സ്റ്റുഡന്റ് എഡിറ്റർ



കീർത്തിക എസ്
കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ




അമീൻ മുഹമ്മദ്
ലിറ്റിൽ കൈറ്റ്സ് അംഗം



ആദിത്യ കൃഷ്ണ എം ആർ
ലിറ്റിൽ കൈറ്റ്സ് അംഗം

# ആർട്ട് സെഷൻ

## ഡിജിറ്റൽ പെയിന്റിംഗ്










**അർജ്ജുൻ സന്തോഷ്**
**9A**





**ഗൗരി കൃഷ്ണ**
**8A**

# ക്ലാസ് ഫോട്ടോസ്







A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYARANMULA


A.M.M.H.S.S
EDAYARANMULA


A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYAR ANMULA


A.M.M.H.S.S
EDAYARANMULA


A.M.M.H.S.S
EDAYARANMULA

# ലിറ്റിൽ കൈറ്റ്സ്






A.M.M.H.S.S
EDAYARANMULA

# എൻ.സി.സി



# ജെ.ആർ.സി



# കടപ്പാട്



ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂൾ 2023-26 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'നിലാവ്' എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ സാധിച്ചത് അഭിമാനകരമാണ്. കുട്ടികളുടെ സാഹിത്യപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ഈ മാഗസിൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു. ഇത്തരം ഒരു അവസരം ഒരുക്കിയ കൈറ്റ്സിനും ഈ മാഗസിൻ രൂപകൽപ്പനയ്ക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം പകർന്നു തന്ന ലിറ്റിൽ കൈറ്റ്സിന്റെ ചുമതലയുള്ള അദ്ധ്യാപകർക്കും ഇതിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാ കൂട്ടുകാർക്കും ഹൃദയത്തിന്റെ ഭാഷയിലുള്ള നന്ദി അറിയിക്കുന്നു. പോരായ്മകൾ ഉള്ളത് സദയം ക്ഷമിക്കുക.

സ്നേഹത്തോടെ,

**അലീഷ സുനിൽ**